Newspaper for malayalees Worldwide CHICAGO/TORONTO ◆ Estd.2020

# വാചകം
VACHAKAM

TORONTO
Vol.1 / Issue 15/ Pages32
16
ജൂലൈ 2026
ബുധനാഴ്ച
1201 മിഥുനം 32

www.vachakam.com
canada@vachakam.com
news@vachakam.com

Canada | America | India | Keralam | Socialmedia | Cinema | Sports | Technology | World




ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# Buying or Selling Property?

**Take advantage of the current market.**
**The Best Address at the Best Price.**

## STRONG NEGOTIATOR







$799,000
FOR SALE

**Ajax** | 4 Bed, 4 Bath



$570,000
FOR SALE
PRICE REDUCED!

## TORONTO DOWNTOWN

**2-Storey Condo Townhouse**
**1 Bed, 1 Bath**

Townhome in 'Liberty Village! This Bright 1 Bdrm + Den Suite Is Stunning, Granite Counter & Breakfast Bar. Ss Appls, Custom Kitchen Cabinetry, S/S Custom Banisters, An Open Concept W/2 Expansive Windows. 2nd Floor Is A Sprawling Master Suite W/ Ensuite & Den.



FOR LEASE
$3,050

26 Grosbeak Cres
Toronto, Otario
M1X 1X1

3 Bed / 3 Bath

Your neighbourhood full time Realtor at your fingertips.

**Call me today for a Free Home Evaluation.**

**Professional approach in a friendly manner.**

2021 & 2022
PLATINUM CLUB AWARD
RE/MAX

2022
RE/MAX HALL OF FAME



**RE/MAX**
**Community Realty Brokerage**

## Alex Alexander
**Dir: 647 525 2539**

realtoralexalexander@gmail.com
www.realtorcanadian.com

**1265 Morningside Ave, Suite 203 Toronto. M1B 3V9**
**Office: 416.287.2222 | Fax: 416.282.4488**

Independently owned and operated. Not intended to solicit properties currently for sale or clients under signed contract.

Newspaper for malayalees Worldwide CHICAGO/TORONTO Estd.2020

# വാചകം
VACHAKAM

Canada | America | India | Keralam | Socialmedia | Cinema | Sports | Technology | World

TORONTO
Vol.1 / Issue 15/ Pages32
16
ജൂലൈ 2026
ബുധനാഴ്ച
1201 മിഥുനം 32

www.vachakam.com
canada@vachakam.com
news@vachakam.com

# കാനഡയിൽ മാതാപിതാക്കളെ കാത്തിരിക്കുന്ന മക്കളുടെ കാത്തിരിപ്പ് നീളും




കാനഡയിലെ പ്രവാസി സമൂഹത്തെ ഒന്നടങ്കം ആശങ്കയിലാഴ്ത്തി പേരന്റ്സിന്റേയും ഗ്രാൻഡ്പേരന്റ്സിന്റേയും പുതിയ സ്പോൺസർഷിപ്പ് അപേക്ഷകൾ സ്വീകരിക്കുന്നത് ഫെഡറൽ സർക്കാർ താത്കാലികമായി നിർത്തിവെച്ചു. കുടുംബങ്ങളെ ഒന്നിപ്പിക്കുന്നതിനുള്ള കാനഡയുടെ ജനപ്രിയ പദ്ധതിയായ 'പേരന്റ്സ് ആൻഡ് ഗ്രാൻഡ്പേരന്റ്സ് പ്രോഗ്രാം' വഴി തങ്ങളുടെ പ്രിയപ്പെട്ടവരെ രാജ്യത്തേക്ക് കൊണ്ടുവരാൻ കാത്തിരുന്ന പതിനായിരക്കണക്കിന് മലയാളി കുടുംബങ്ങൾക്ക് ഈ തീരുമാനം വലിയൊരു തിരിച്ചടിയാണ് സമ്മാനിച്ചിരിക്കുന്നത്.നിലവിലുള്ള ഇമിഗ്രേഷൻ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അപേക്ഷകൾ തീർപ്പാക്കാനുള്ള കാത്തിരിപ്പ് സമയം ഗണ്യമായി കുറയ്

ശേഷം പേജ് 10ൽ

കിനാവിൽ കുരുങ്ങരുത്'
ഒരു രോഗിക്ക് ഒരു കിടക്ക'
........................................ പേജ് 14

മറവിയുടെ നിഴലിൽ
........................................ പേജ് 18

അശാന്തിയുടെ കാർമേഘം
നിറഞ്ഞ് രാഷ്ട്രീയ ക്യാമ്പുകൾ
........................................ പേജ് 19

സതീശൻ 'ഗപ്'ടിക്കാതിരിക്കാൻ
ചുവപ്പു കാർഡുമായി
കൈരളിയും ദേശാഭിമാനിയും
........................................ പേജ് 20

'ചെരിപ്പോക്രസി'
(സി. രാധാകൃഷ്ണൻ എഴുതുന്നു)
........................................ പേജ് 21

എഐയും ഡേറ്റാ സെന്ററുകളും
ഒരുക്കുന്ന ചതിക്കുഴികൾ!
........................................ പേജ് 29

## അവസരം പാഴാക്കരുതേ..! കാനഡക്കാർക്ക്
## വീട് വാങ്ങാൻ സുവർണ്ണാവസരം



കാനഡയിലെ റിയൽ എസ്റ്റേറ്റ് മേഖലയിൽ വീണ്ടും വസന്തകാലം. കഴിഞ്ഞ മാസത്തെ മികച്ച മുന്നേറ്റത്തിന് പിന്നാലെ ജൂണിലും രാജ്യത്തെ ഭവന വിൽപ്പനയിൽ കൃത്യമായ വർധനവ് രേഖപ്പെടുത്തി. എന്നാൽ വീട് വാങ്ങാൻ ആഗ്രഹിക്കുന്നവരെ ഏറ്റവും കൂടുതൽ ആകർഷിക്കുന്നത് വിപണിയിലെ വിലനിലവാരം ഇപ്പോഴും വലിയ മാറ്റമില്ലാതെ സ്ഥിരതയോടെ തുടരുന്നു എന്നതുതന്നെയാണ്.കനേഡിയൻ റിയൽ എസ്റ്റേറ്റ് അസോസിയേഷൻ പുറത്തുവിട്ട ഏറ്റവും പുതിയ കണക്കുകൾ കാനഡയിൽ സ്വന്തമായി ഒരു വീട് സ്വപ്നം കാണുന്നവർക്ക് പുതിയ പ്രതീക്ഷകൾ നൽകുന്നതാണ്. മെയ് മാസത്തിലെ മികച്ച മുന്നേറ്റത്തിന് തുടർച്ചയായി ജൂണിൽ ഭവന വിൽപ്പനയിൽ 0.5 ശതമാനത്തിന്റെ വർധനവാണുണ്ടായത്. വാർഷികാടിസ്ഥാനത്തിൽ

ശേഷം പേജ് 10ൽ

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# കാനഡ ഭദ്രാസനത്തിന്റെ പ്രഥമ ഫാമിലി & യൂത്ത് കോൺഫറൻസ് അനുഗ്രഹപൂർവ്വം സമാപിച്ചു



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കാനഡ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പ്രഥമ ഫാമിലി & യൂത്ത് കോൺഫറൻസ് (FYC 2026), ജൂലൈ 2 മുതൽ 4 വരെ ഒന്റാറിയോയിലെ ബാരിയിലുള്ള ജോർജിയൻ കോളേജ് റെസിഡൻസ് & കോൺഫറൻസ് സെന്ററിൽ അനുഗ്രഹപൂർവ്വം നടന്നു.

2024ൽ കാനഡ ഭദ്രാസനം രൂപീകൃതമായതിനുശേഷം സംഘടിപ്പിക്കപ്പെട്ട ആദ്യ കുടുംബയുവജന സമ്മേളനമായിരുന്നു ഇത്. കാനഡ ഭദ്രാസനത്തിന്റെ അസിസ്റ്റന്റ് മെത്രാപ്പോലീത്ത അഭിവന്ദ്യ സക്കറിയാസ് മാർ നിക്കോളോവോസ് മെത്രാപ്പോലീത്തയുടെ നേതൃത്വത്തിലാണ് സമ്മേളനം നടന്നത്.

എബ്രായർ 13:8 നെ ആസ്പദമാക്കി "Timeless Truth for a Changing World" (മാറുന്ന ലോകത്ത് മാറ്റമില്ലാത്ത ക്രിസ്തു) എന്ന വിഷയമായിരുന്നു സമ്മേളനത്തിന്റെ മുഖ്യപ്രമേയം. മലങ്കര മല്പാൻ, വെരി. റവ. ഡോ. ജോൺസ് എബ്രഹാം കോനാട്ട് കൊറേപ്പിസ്കോപ്പാ, നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ സൺഡേസ്കൂൾ ഡയറക്ടർ റവ. ഫാ. ഡോ. തിമോത്തി തോമസ് (ടെന്നി), ലോങ് ഐലൻഡ് സെന്റ് തോമസ് ഓർത്തഡോക്സ് ഇടവക വികാരി റവ. ഫാ. ഡോ. എബ്രഹാം ജോർജ് (എബി) എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി ആത്മീയവും ചിന്തോദ്ദീപകവുമായ സന്ദേശങ്ങൾ പങ്കുവച്ചു.




കാനഡയുടെ വിവിധ പ്രദേശങ്ങളിൽ നിന്നായി 175 വിശ്വാസികൾ സമ്മേളനത്തിൽ പങ്കെടുത്തു. കുടുംബങ്ങൾ, യുവജനങ്ങൾ, കുട്ടികൾ എന്നിവർക്കായി പ്രത്യേകം ഒരുക്കിയ ആത്മീയ, പഠന, സംവേദനാത്മക സെഷനുകൾ, യാമപ്രാർത്ഥനകൾ, പ്രദക്ഷിണം, ഗ്രൂപ്പ് ഡിസ്കഷൻസ്, ആത്മീയ സംഘടനകളുടെ യോഗങ്ങൾ എന്നിവ സമ്മേളനത്തിന്റെ പ്രധാന ആകർഷണങ്ങളായിരുന്നു. സാംസ്കാരിക സായാഹ്നവും കലാപരിപാടികളും സമ്മേളനത്തിന് പ്രത്യേക ഭംഗി പകർന്നു. മൂന്നുദിവസം നീണ്ട സമ്മേളനം വിശുദ്ധ കുർബാനയ്ക്കുശേഷം നടന്ന സമാപന സമ്മേളനത്തോടെ അനുഗ്രഹപൂർവ്വം സമാപിച്ചു.

ഭദ്രാസന സെക്രട്ടറിയും കോൺഫറൻസ് കൺവീനറുമായ റവ. ഫാ. ഡോ. തോമസ് ജോർജ്, കോൺഫറൻസ് കോഓർഡിനേറ്റർ റവ. ഫാ. സാം തങ്കച്ചൻ, സെക്രട്ടറി മനു എബ്രഹാം, ജോയിന്റ് സെക്രട്ടറി വിവിൻ വെട്ടിയിൽ എന്നിവർ കോൺഫറൻസ് വിജയകരമാക്കാൻ പ്രയത്നിച്ച വന്ദ്യ വൈദികർ, വിവിധ കമ്മിറ്റികൾ, സന്നദ്ധപ്രവർത്തകർ, സ്പോൺസർമാർ, ജോർജിയൻ കോളേജ് അധികൃതർ, സമ്മേളനത്തിൽ പങ്കെടുത്ത വിശ്വാസികൾ എന്നിവർക്ക് സംഘാടക സമിതിക്കുവേണ്ടി നന്ദി രേഖപ്പെടുത്തി. സമ്മേളനത്തിന്റെ സ്മരണയ്ക്കായി ഒരു സുവനീർ ആഗസ്റ്റ് അവസാനത്തോടെ പ്രസിദ്ധീകരിക്കും.

## മിസ്സിസ്സാഗ സെന്റ് അൽഫോൻസാ കത്തീഡ്രലിൽ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ജൂലൈ 17 മുതൽ 26 വരെ

ടൊറന്റോ: മിസ്സിസ്സാഗ സെന്റ് അൽഫോൻസാ സീറോമലബാർ കത്തീഡ്രലിൽ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷങ്ങൾ ജൂലൈ 17 മുതൽ 26 വരെ ഭക്തിനിർഭരമായ ആത്മീയ ശുശ്രൂഷകളും വൈവിധ്യമാർന്ന പരിപാടികളുമായി വിപുലമായി ആഘോഷിക്കുന്നു. തിരുനാളിനായുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി തിരുനാൾ കമ്മറ്റി അറിയിച്ചു.



ജൂലൈ 17 (വെള്ളി) വൈകുന്നേരം ഇടവക വികാരി ഫാ. അഗസ്റ്റിൻ കല്ലുങ്കത്തറയിൽ കൊടിയേറ്റ് നിർവഹിക്കുന്നതോടെ തിരുനാൾ ആഘോഷങ്ങൾക്ക് തുടക്കമാകും. തുടർന്ന് വിശുദ്ധ കുർബാനയും നൊവേനയും പൂർവ്വികരുടെ ഓർമ്മയും നടക്കും. ജൂലൈ 17 മുതൽ 24 വരെ വിവിധ കുടുംബ യൂണിറ്റുകളുടെ നേതൃത്വത്തിൽ പ്രത്യേക നിയോഗങ്ങളോടെ വിശുദ്ധ കുർബാനയും നൊവേനയും നടത്തപ്പെടുന്നു. ജൂലൈ 19 (ഞായർ) 8:30ന്റെ വി. കുർബാനയ്ക്ക് ശേഷം മുതിർന്ന പൗരന്മാരെ ആദരിക്കുകയും പ്രത്യേക പ്രാർത്ഥനകൾ ഉണ്ടായിരിക്കുന്നതുമാണ്. അന്നേ ദിവസത്തെ തിരുക്കർമ്മങ്ങൾക്ക് മിസ്സിസ്സാഗ രൂപതാധ്യക്ഷൻ മാർ ജോസ്കല്ലുവേലിൽ മുഖ്യകാർമികനാകും.

ജൂലൈ 24, 25, 26 ദിവസങ്ങൾ പ്രധാന തിരുനാൾ ദിനങ്ങളായി ആഘോഷിക്കുന്നു. ജൂലൈ 24 ദിവ്യകാരുണ്യ ദിനത്തിൽ വിശുദ്ധ കുർബാനയ്ക്കുശേഷം ദിവ്യകാരുണ്യ പ്രദക്ഷിണം ഉണ്ടായിരിക്കുന്നതാണ്. സ്കാർബറോ സെന്റ് തോമസ് ീർത്ഥാടന ദേവാലയ വികാരി ഫാ. ജോജോ ചങ്ങനാത്തുണ്ടത്തിൽ തിരുകർമ്മങ്ങൾക്ക് കാർമികത്വം വഹിക്കുന്നു.

ജൂലൈ 25 (ശനി) കുടുംബദിനമായി ആചരിക്കും. വൈകുന്നേരം 5.00ന് വിശുദ്ധ കുർബാനയോടെ തിരുകർമ്മങ്ങൾ ആരംഭിക്കും. വത്തിക്കാനിലെ മതാന്തര സംവാദങ്ങൾക്ക് വേണ്ടിയുള്ള വിഭാഗത്തിന്റെ തലവൻ കർദിനാൾ മാർ ജോർജ് കൂവക്കാട് മുഖ്യകാർമികനാകും. തുടർന്ന് നൂറോളം കലാകാരികൾ അണിനിരക്കുന്ന മെഗാ മാർഗംകളി ഉൾപ്പെടെ വിവിധ കലാപരിപാടികൾ അരങ്ങേറും.

ജൂലൈ 26ന് (ഞായർ) തിരുനാളിന്റെ പ്രധാന ആഘോഷങ്ങൾ നടക്കും. തലശ്ശേരി അതിരൂപത മുൻ മെത്രാപ്പോലീത്ത മാർ ജോർജ് ഞരളക്കാട്ട് ആഘോഷമായ തിരുനാൾ കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിക്കുന്നു. തുടർന്ന് ലദീഞ്ഞ്, തിരുനാൾ പ്രദക്ഷിണം, സ്നേഹവിരുന്ന് എന്നിവ ഉണ്ടായിരിക്കും.

വിശുദ്ധ അൽഫോൻസാമ്മയുടെ മാധ്യസ്ഥം പ്രാപിക്കുവാനും തിരുനാളിന്റെ ആത്മീയ അനുഗ്രഹങ്ങളിൽ പങ്കുചേരുവാനും എല്ലാ വിശ്വാസികളെയും ഇടവക വികാരി ഫാ. അഗസ്റ്റിൻകല്ലുങ്കത്തറയിൽ,സഹവികാരിഫാ.ആന്റണി ഔസേഫ് (ജസ്റ്റിൻ) എന്നിവർ സ്നേഹപൂർവം ക്ഷണിച്ചു. ഇടവക ട്രസ്റ്റിമാരായ സണ്ണി കയ്യാനിയിൽ, ജോക്സ് ജോസഫ്, സോഷ്യൽ കോഓർഡിനേറ്റർ സെബിൻ സെബാസ്റ്റ്യൻ, പാരിഷ് കൗൺസിൽ എന്നിവരുടെ നേതൃത്വത്തിലും വിവിധ കമ്മിറ്റികളുടെ സഹകരണത്തോടെയും തിരുനാളിന്റെ അവസാനഘട്ട ഒരുക്കങ്ങൾ പുരോഗമിക്കുന്നു. വിശുദ്ധ അൽഫോൻസാമ്മയുടെ മാധ്യസ്ഥം പ്രാപിക്കുന്നതിനും തിരുനാൾ ആഘോഷങ്ങളിൽ പങ്കുചേരുന്നതിനും എല്ലാ വിശ്വാസികളെയും ക്ഷണിക്കുന്നു.

*ബിൻസ് മണ്ഡപം*




## പിക്കറിംഗിനെ ആവേശത്തിലാഴ്ത്താൻ സൗത്ത് ഇന്ത്യൻ ബീറ്റ്സ്; മല്ലു തമിഴ് ഡിജെ പാർട്ടി ഈ ശനിയാഴ്ച

പിക്കറിംഗ്: ദർഹാം റീജിയണിലെ സംഗീതപ്രേമികൾ ആവേശത്തോടെ കാത്തിരിക്കുന്ന മല്ലു തമിഴ് ഡിജെ പാർട്ടി ജൂലൈ 18 ശനിയാഴ്ച പിക്കറിംഗിൽ നടക്കും. ദക്ഷിണേന്ത്യൻസംഗീതത്തിന്റെയുംസംസ്കാരത്തിന്റെയും വർണ്ണാഭമായ ആഘോഷമായി മാറുന്ന ഈ പരിപാടിയിൽ കേരളത്തിലെയും തമിഴ്നാട്ടിലെയും ഹിറ്റ് ഗാനങ്ങളുടെ ഹൈഎനർജി ഫ്യൂഷനാണ് ഒരുക്കിയിരിക്കുന്നത്. പ്രവാസി സമൂഹത്തെയും സംഗീത പ്രേമികളെയും ഒന്നിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന ഈ നിശയിൽ ക്ലാസിക് ഹിറ്റുകൾ, ട്രെൻഡിംഗ് ട്രാക്കുകൾ, ഹൈഒക്ടേൻ കുത്ത് ബീറ്റുകൾ എന്നിവ ഡിജെകൾ തത്സമയം അവതരിപ്പിക്കും.

# St. Alphonsa Syro-Malabar Catholic Cathedral, Mississauga

## FEAST OF ST. ALPHONSA
### JULY 17 - 26, 2026



We are celebrating the Feast of our Parish Patroness from July 17 to July 26, 2026, at St. Alphonsa Syro-Malabar Catholic Cathedral, Mississauga.
The Solemn Festival Days will be held on Saturday, July 25, and Sunday, July 26.
We cordially invite all the faithful to join us in this solemn celebration in prayer and thanksgiving, and receive abundant blessings through the powerful intercession of St. Alphonsa.

Rev. Fr. Augustine Kallumkatharayil | Rev. Fr. Antony Ouseph (Justin)
Mr. Sunny Kayaniyil & Mr. Joys Joseph (Kaikkaran)



MAR JOSE KALLUVELIL
Bishop of the Eparchy of Mississauga

**Rev. Fr. Augustine Kallumkatharayil** Vicar
**Rev. Fr. Antony Ouseph (Justin)** Assistant Vicar
**Joys Joseph** Kaikkaran
**Sunny Kayaniyil** Kaikkaran

*"Let the Lord do with me as He pleases. I only desire His holy will."*
*St. Alphonsa*

## NOVENA DAYS

**July 17, 2026 (Friday) Remembrance Day of Departed Souls**

7:00 PM : Kodiyettu
**Rev. Fr. Augustine Kallumkatharayil** ( Vicar )
Holy Qurbana & Novena

**July 18, 2026 (Saturday) Kids Day**

9:00 AM : Holy Qurbana & Novena (English)
**Rev. Fr.Janil Chakiath** (Vice Rector, St. Augustine Seminary Toronto)
Blessings of Vehicles
Intention: For Children

**July 19, 2026 (Sunday) Grand parents & Elderly**

8:30 AM : Holy Qurbana & Novena
**His Excellency Mar Jose Kalluvelil** (Bishop, Eparchy of Mississauga)
Honoring of Grandparents

11:00 AM : Holy Qurbana
**Rev. Fr.Antony Ouseph (Justin)** (Assistant Vicar)

5:00 PM : Holy Qurbana
Intention: For the Senior Citizens

**July 20, 2026 (Monday) Vocation Day**

7:00 PM : Holy Qurbana & Novena
**Rev. Fr. Harold Jose Ambattupadavil** (Chancellor, Eparchy of Mississauga)
Intention: For New Immigrants

**July 21, 2026 (Tuesday) Sick & Nurses Day**

7:00 PM : Holy Qurbana & Novena
**Rev. Fr. Mathew Meledath** (Pastor, St. Mary's Knanaya Parish Toronto)
Intention: For the Sick

**July 22, 2026 (Wednesday) Workers Day**

7:00 PM : Holy Qurbana & Novena
**Rev. Fr. Sajan Pindiyan** (Professor, Marymatha Major Seminary, Thrissur)
Intention: For all the labours

**July 23, 2026 ( Thursday) Youth Day**

7:00 PM : Holy Qurbana & Novena (English)
**Rev. Fr. Alvin Joys** (Associate Pastor, St. Clare of Assisi Parish, Woodbridge)
Intention: For Youth

**July 24, 2026 (Friday) Eucharistic Day**

7:00 PM : Roopam Ezhunnallikal, Holy Qurbana & Novena
**Rev. Fr. Jojo Changanamthundathil**
(Pastor, St. Thomas Forane Pilgrim Church, Scarborough)
Eucharistic Procession
**Rev. Fr. Antony Ouseph (Justin)** (Associate Pastor) Intention: Priest & Religious

**July 25, 2026 (Saturday) Family Day**

4:45 PM: Presudenthi vazhcha
5:00 PM: Solemn Holy Qurbana & Novena
**His Eminence Mar George Cardinal Koovakad**
(Prefect of the Dicastery of Interreligious Dialogue, Vatican)
Intention: For Families
Cultural Program, Margam Kali

**July 26, 2026 (Sunday) Main Feast Day**

8:30 AM : Holy Qurbana
Rev. Fr. Augustine Kallumkatharayil
10.30 AM : Solemn Holy Qurbana
**His Grace Mar George Njaralakatt**
Archbishop Emeritus, Archdiocese of Thalassery
Ladeenj, Procession & Snehavirunnu (Agape)

## Novena Days Led By Family Units

| | |
|---|---|
| **July 17, 2026** (Friday) 7.15 pm | St. Augustine & St. Joseph Family Units |
| **July 18, 2026** (Saturday) 9.00am | St. George & Holy Family, Family Units |
| **July 19, 2026** (Sunday) | St. Antony & St. Jude Family Units |
| **July 20, 2026** (Monday) 07.00pm | St. Francis of Assisi & Fatima Matha Family Units |
| **July 21, 2026** (Tuesday) 07.00pm | St. Mary's & Mother of Perpetual Help Family Units |
| **July 22, 2026** (Wednesday) 07.00pm | St. Don Bosco & St. Anne's Family Units |
| **July 23, 2026** (Thursday) 07.00pm | St. Michael & St. Catherine of Sienna Family Units |
| **July 24, 2026** (Friday) 07.00pm | St. Thomas & St. Peter Family Units |
| **July 25, 2026** (Saturday) 5.00pm | St. Jerome & St. Claire Family Units |

6630 Turner Valley Rd, Mississauga, ON L5N 2P1 / Ph: (905) 814 -6003

## PLATINUM SPONSORS

*A Loving Home is the First Place We Learn to Love Like Christ*
തിരുനാൾ ആശംസകൾ
*- Gibi John & Jincy Gibi*

Dr. Chandy's CanSmile Dental
One Stop for All Your Dental Requirments
Orthodontics | Implants | Routine Checkup
**Dr. Bobby Chandy**
3033 Palstan Rd, Unit 206, Mississauga, ON L4Y 4E7
www.cansmiledental.com
905-949-5656

## GOLD SPONSORS

The Happy Nomads Entertainment Company — The Grand Stage

Vaughan Compounding Pharmacy
For all your pharmacy needs!
Suresh Thomas R.Ph.
Pharmacist / Owner
3300 Rutherford Rd., Unit B7 Vaughan, ON L4K 5Z2
TEL: 905-553-5363
FAX: 905-553-5366
vaughancompoundingpharmacy@gmail.com

SANTHOSH JACOB
Realtor®
647-627-5050
www.santhoshjacob.com
realtorjacob1415@gmail.com
416-456-1000
RE/MAX Realty Services

MIRACLE DUCT CLEANING
Jacob • 905.453.0812 • 647.608.4639
miracleontario@gmail.com
www.miracleontario.com

Plus Quality Inc. Heating & Cooling
Residential, Commercial & Industrial
Carrier Factory Authorized Dealer
HEATING COOLING
Vaughan 905-738-3511
Toronto 416-410-0337
Mississauga 905-822-4328
www.a-plusquality.com
office@a-plusquality.com

തിരുനാൾ ആശംസകൾ
PARISH COUNCIL & ASSOCIATIONS

## SILVER SPONSORS

Prosper — JIMMY CYRIAC, Financial Professional
Investments: TFSA, FHSA, RRSP, RESP, LIRA, LIF etc.
Insurances: Life, Business, Travel, Critical Illness, Super Visa, Kids Insurance etc.
(416)731-7074

Mortgage advice you can trust.
Ashok Mamkottil
Home Financing Advisor
647-895-8195
Ashok.Mamkottil@scotiabank.com
Scotia.

Kokkadens Group
Tomy Kokkat
647-882-7200
905-290-8700

Motherland Foods
MR. JOHN'S

Best Compliment From
Dr. Sunny Johnson

Agnes Law
Dedicated to your success

## BRONZE SPONSORS

Thomson Electric
Sunny Kunnappilly
416 294 7305

The Law Office of Chris Lamannil PC
905.361.8708
CHRIS LAMANNIL

From our store to your home

Brampton East Toyota
Manoj Joseph
416 294 7305

Unlock your financial future
647-404-6024

PAVHI PLUMBING, HEATING AND AIR CONDITIONING
MAJOR KOONER
Licensed Technician
Cell: 647-762-7250
kooner.pavhi@gmail.com

# ബ്രിട്ടീഷ് കൊളംബിയയിൽ അതീവ ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ച് കാലാവസ്ഥാ നിരീക്ഷകർ



കാനഡയിലെ ബ്രിട്ടീഷ് കൊളംബിയ പ്രവിശ്യയിൽ കനത്ത വരണ്ട കാലാവസ്ഥയും ശക്തമായ ഇടിമിന്നലും മൂലം പുതിയ കാട്ടുതീ പടർന്നുപിടിക്കാൻ വലിയ സാധ്യതയുണ്ടെന്ന് അധികൃതർ മുന്നറിയിപ്പ് നൽകുന്നു. നിലവിൽ പ്രവിശ്യയുടെ വിവിധ ഭാഗങ്ങളിൽ വനമേഖലകൾ കടുത്ത വരൾച്ച നേരിടുന്ന സാഹചര്യത്തിലാണ് ഈ പുതിയ കാലാവസ്ഥാ ഭീഷണി വന്നിട്ടുള്ളത്. വരും ദിവസങ്ങളിൽ ഉണ്ടാകാൻ സാധ്യതയുള്ള ശക്തമായ ഇടിമിന്നലുകൾ നിലവിലുള്ള പ്രതിസന്ധി ഇരട്ടിയാക്കുമെന്നാണ് പരിസ്ഥിതി വക്താക്കൾ വ്യക്തമാക്കുന്നത്.

കഴിഞ്ഞ കുറച്ചു ദിവസങ്ങളായി കാനഡയുടെ പടിഞ്ഞാറൻ പ്രവിശ്യകളിൽ താപനില വലിയ തോതിൽ ഉയർന്നുതന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ കടുത്ത ചൂട് കാരണം വനങ്ങളിലെ മണ്ണും ഉണങ്ങിയ മരങ്ങളും എളുപ്പത്തിൽ തീപിടിക്കുന്ന അവസ്ഥയിലായി മാറിയിട്ടുണ്ട്. ശക്തമായ കാറ്റും ഇടിമിന്നലും ഒരുമിച്ച് ഉണ്ടായാൽ അത് കാട്ടുതീ അതിവേഗം ജനവാസ മേഖലകളിലേക്ക് പടരാൻ കാരണമാകുമെന്ന് ദുരന്ത നിവാരണ സേന ഓർമ്മിപ്പിക്കുന്നു.

ബ്രിട്ടീഷ് കൊളംബിയയിലെ ദേശീയ കമ്മ്യൂണിറ്റികളോടും വനമേഖലയോട് ചേർന്ന് താമസിക്കുന്നവരോടും അതീവ ജാഗ്രത പാലിക്കാൻ ഭരണകൂടം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനായി അഗ്നിശമന സേനയുടെ പ്രത്യേക വിഭാഗങ്ങളെ വിവിധയിടങ്ങളിൽ ഇതിനകം തന്നെ വിന്യസിച്ചുകഴിഞ്ഞു. കാട്ടുതീ നിയന്ത്രണാതീതമായാൽ ജനങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റാനുള്ള താൽക്കാലിക ക്യാമ്പുകളും സജ്ജമാക്കിയിട്ടുണ്ട്.

ആഗോള കാലാവസ്ഥാ വ്യതിയാനങ്ങളും പസഫിക് മേഖലയിലെ താപനിലയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളും കാനഡയെ കടുത്ത രീതിയിലാണ് ഇപ്പോൾ ബാധിച്ചുകൊണ്ടിരിക്കുന്നത്. വനസംരക്ഷണത്തിനും ജനങ്ങളുടെ സുരക്ഷയ്ക്കുമായി അത്യാധുനിക സാങ്കേതിക വിദ്യകളും ഡ്രോൺ നിരീക്ഷണ സംവിധാനങ്ങളും കനേഡിയൻ അധികൃതർ ഉപയോഗിക്കുന്നുണ്ട്. എങ്കിലും പ്രകൃതിദത്തമായ ഇടിമിന്നലുകളെ പ്രതിരോധിക്കുക എന്നത് വലിയൊരു വെല്ലുവിളിയായി തുടരുകയാണ്.

സാധാരണക്കാരായ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ കാനഡയിലെ പ്രധാനമന്ത്രി മാർക്ക് കാർണിയുടെ നേതൃത്വത്തിലുള്ള ഭരണകൂടം വലിയ തന്ത്രങ്ങളാണ് ആവിഷ്കരിക്കുന്നത്. വിപണിയിലെ വിതരണ ശൃംഖലകളെയും ചരക്കുനീക്കങ്ങളെയും ബാധിക്കുന്ന തരത്തിൽ കാട്ടുതീ പടരാതിരിക്കാൻ വലിയ മുൻകരുതലുകൾ ആവശ്യമാണ്. വനമേഖലയിലൂടെ കടന്നുപോകുന്ന പ്രധാന ഹൈവേകളിൽ ഇതിനകം തന്നെ പ്രത്യേക ട്രാഫിക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

പൊതുജനാരോഗ്യ ഏജൻസികളും വായുനിലവാരം കൃത്യമായി നിരീക്ഷിക്കാൻ പ്രത്യേക കൺട്രോൾ റൂമുകൾ തുറന്നിട്ടുണ്ട്. കാട്ടുതീയിൽ നിന്നുള്ള പുക വായുമലിനീകരണം വർദ്ധിപ്പിക്കാൻ സാധ്യതയുള്ളതിനാൽ മുതിർന്നവരും കുട്ടികളും മാസ്ക് ധരിക്കണമെന്ന് നിർദ്ദേശമുണ്ട്. കാനഡയിലെ ഈ പുതിയ പ്രകൃതിദത്ത വെല്ലുവിളികളെയും പ്രതിരോധ മുന്നേറ്റങ്ങളെയും അതീവ ജാഗ്രതയോടെയാണ് വിദേശ മാധ്യമങ്ങളും പരിസ്ഥിതി പ്രവർത്തകരും നിലവിൽ വീക്ഷിക്കുന്നത്.

# കാനഡയിൽ സർവ്വകാല റെക്കോർഡുകൾ ഭേദിച്ച് മാരക ഉഷ്ണതരംഗം; ടൊറന്റോയിൽ താപനില 37 ഡിഗ്രി കടന്നു, ജനജീവിതം സ്തംഭനത്തിലേക്ക്

ഉഷ്ണതരംഗവും അനുഭവപ്പെടുന്നു. ചരിത്രത്തിലെ ഏറ്റവും ഉയർന്ന പ്രതിദിന താപനിലയാണ് നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ കഴിഞ്ഞ ദിവസങ്ങളിൽ ഔദ്യോഗികമായി രേഖപ്പെടുത്തിയിട്ടുള്ളത്. അന്തരീക്ഷത്തിൽ ഈർപ്പത്തിന്റെ അളവ് വലിയ രീതിയിൽ ഉയർന്നതോടെ യഥാർത്ഥ അനുഭവപ്പെടുന്ന ചൂട് 45 ഡിഗ്രി സെൽഷ്യസിന് മുകളിലാണെന്ന് എൻവയോൺമെന്റ് കാനഡ വ്യക്തമാക്കുന്നു.

അമേരിക്കയിൽ രൂപംകൊണ്ട അതീവ ശക്തമായ കടുത്ത അന്തരീക്ഷ മർദ്ദ സംവിധാനമാണ് കാനഡയുടെ തെക്കൻ മേഖലകളിലേക്ക് ഇത്രയും മാരകമായ ചൂട് എത്തിക്കാൻ കാരണമായത്. ടൊറന്റോ നഗരത്തിലും പരിസര പ്രദേശങ്ങളിലും വായുവിന്റെ ഗുണനിലവാരം വലിയ തോതിൽ തകരാൻ ഈ പുതിയ പ്രതിസന്ധി കാരണമായിട്ടുണ്ട്. വിപണിയിലെ വിതരണ ശൃംഖലകളെയും സാധാരണക്കാരുടെ ചരക്കുനീക്കങ്ങളെയും ഒരുപോലെ പ്രതികൂലമായി ബാധിക്കുന്ന തരത്തിലാണ് താപനില നിലവിൽ ഉയർന്നുനിൽക്കുന്നത്.

കടുത്ത ചൂട് കാരണം ടൊറന്റോയിൽ വരാനിരിക്കുന്ന വലിയ കായിക ടൂർണമെന്റുകളുടെ നടത്തിപ്പും വലിയ വെല്ലുവിളിയാണ് നേരിടുന്നത്. നഗരത്തിലെ ദേശീയ കമ്മ്യൂണിറ്റികൾക്കായി ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക കൂളിംഗ് സെന്ററുകൾ ഇതിനകം തന്നെ തുറന്നുകഴിഞ്ഞു. വായുമലിനീകരണം അതീവ ഗുരുതരമായ ഉയർന്ന റിസ്ക് വിഭാഗത്തിലേക്ക് നീങ്ങുന്നതിനാൽ ജനങ്ങൾ പുറത്തിറങ്ങുന്നത് പരമാവധി കുറയ്ക്കണമെന്ന് ആരോഗ്യ വക്താക്കൾ നിർദ്ദേശിക്കുന്നു.

കാനഡയിലെ ഉന്നത നയതന്ത്ര കാര്യാലയങ്ങളും മറ്റ് പ്രധാന ബിസിനസ്സ് സ്ഥാപനങ്ങളും തങ്ങളുടെ ജീവനക്കാരുടെ സുരക്ഷയ്ക്കായി പ്രത്യേക മുൻകരുതലുകൾ എടുത്തിട്ടുണ്ട്. പസഫിക് സുരക്ഷാ മേഖലകളിലെ താപനിലയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളും ആഗോള കാലാവസ്ഥാ വ്യതിയാനങ്ങളുമാണ് ഈ അപ്രതീക്ഷിത ഉഷ്ണതരംഗത്തിന് പിന്നിലെ പ്രധാന കാരണം. വനമേഖലകളിൽ കാട്ടുതീ പടരാൻ സാധ്യതയുള്ളതിനാൽ ഇടിമിന്നലോട് കൂടിയ കാലാവസ്ഥയെയും വലിയ പ്രതിരോധ മുൻകരുതലുകളോടെയാണ് ദുരന്ത നിവാരണ സേന നേരിടുന്നത്.

സാധാരണക്കാരായ ജനങ്ങളുടെ ജീവൻ സംരക്ഷിക്കാനും പൊതുജനാരോഗ്യ സംവിധാനങ്ങളെ ശക്തമായി നിലനിർത്താനും ഒന്റാറിയോ പ്രവിശ്യാ ഭരണകൂടം വലിയ തന്ത്രങ്ങളാണ് ആവിഷ്കരിക്കുന്നത്.

അന്താരാഷ്ട്ര വിപണിയിലെ സാമ്പത്തിക മാറ്റങ്ങളും ആഭ്യന്തര വിപണിയിലെ ചരക്കുകൂലി വർദ്ധനവും നിലവിലെ പ്രതിസന്ധികൾക്കിടയിലും കാനഡയിലെ ജനങ്ങളെ പ്രതിസന്ധിയിലാക്കുന്നുണ്ട്. എങ്കിലും നഗരത്തിലെ പ്രധാന ഹൈവേകളിലും പൊതുഗതാഗത സംവിധാനങ്ങളിലും എയർ കണ്ടീഷൻ സംവിധാനങ്ങൾ പൂർണ്ണ സജ്ജമാക്കാൻ മാർക്ക് കാർണിയുടെ നേതൃത്വത്തിലുള്ള ഭരണകൂടം കർശന നടപടികൾ സ്വീകരിച്ചു. ഭൂമിയിലെ ഈ കടുത്ത പ്രകൃതിദത്ത വെല്ലുവിളികൾ കുറയ്ക്കാനും ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കാനും ആവശ്യമായ ദീർഘകാല പരിസ്ഥിതി നയങ്ങൾ ആഗോളതലത്തിൽ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. അന്താരാഷ്ട്ര ചരക്കുനീക്കം സുഗമമാക്കാനും വലിയ രീതിയിലുള്ള വിപണി സുസ്ഥിരത ഉറപ്പാക്കാനും എല്ലാ നഗരങ്ങളും ഹരിത വികസന പദ്ധതികൾക്ക് മുൻഗണന നൽകണം.

# കാനഡയിലെ പ്രമുഖ വജ്ര ഖനി പൂർണ്ണമായി അടച്ചുപൂട്ടലിലേക്ക്; ആയിരക്കണക്കിന് തൊഴിലാളികളുടെ ഭാവി പ്രതിസന്ധിയിൽ



കാനഡയിലെ വടക്കുപടിഞ്ഞാറൻ മേഖലകളിൽ പ്രവർത്തിക്കുന്ന ലോകപ്രശസ്തമായ ഏകതി വജ്ര ഖനി കടുത്ത സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് താൽക്കാലികമായി അടച്ചുപൂട്ടാൻ ഒരുങ്ങുകയാണ്. ഖനിയുടെ ഉടമസ്ഥരായ ബർഗണ്ടി ഡയമണ്ട് മൈൻസ് കമ്പനി കടുത്ത കടബാധ്യതകൾ കാരണം ഒടുവിൽ റിസീവർഷിപ്പിലേക്ക് നീങ്ങിയതാണ് ഈ വലിയ തകർച്ചയ്ക്ക് കാരണമായത്. കാനഡയിലെ ഏറ്റവും പഴക്കമേറിയതും പ്രമുഖവുമായ ഈ വജ്ര ഖനിയുടെ പെട്ടെന്നുള്ള തകർച്ച ആഗോള വജ്ര വിപണിയിൽ വലിയ ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

കമ്പനിയുടെ കടുത്ത സാമ്പത്തിക ബാധ്യതകൾ തീർക്കാൻ സാധിക്കാതെ വന്നതോടെയാണ് കോടതി നിർദ്ദേശപ്രകാരം കൺട്രോൾ റൂമുകൾ വഴി പ്രത്യേക റിസീവർമാരെ ഭരണം ഏൽപ്പിക്കാൻ തീരുമാനിച്ചത്. ഖനി പൂർണ്ണമായും അടച്ചുപൂട്ടുന്നതോടെ പ്രവിശ്യയിലെ വലിയൊരു വിഭാഗം ദേശീയ കമ്മ്യൂണിറ്റികളുടെ ഉപജീവന മാർഗ്ഗമാണ് ഇല്ലാതാകുന്നത്. നിലവിൽ ഇവിടെ ജോലി ചെയ്യുന്ന ആയിരത്തിലധികം വരുന്ന സ്ഥിരം തൊഴിലാളികളുടെയും കരാർ ജീവനക്കാരുടെയും ഭാവി ഇതോടെ അതീവ കടുത്ത ആശങ്കയിലായി മാറിയിട്ടുണ്ട്.

ഖനി പ്രദേശങ്ങളിലെ വലിയ പരിസ്ഥിതി പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി നീക്കിവെച്ചിരുന്ന വലിയ തുകയുടെ സുരക്ഷ സംബന്ധിച്ചും ഇപ്പോൾ കടുത്ത തർക്കങ്ങൾ നിലനിൽക്കുന്നുണ്ട്. ഖനി പൂർണ്ണമായി അടച്ചുപൂട്ടിയാൽ വനമേഖലകളെയും ദേശീയ കമ്മ്യൂണിറ്റികളുടെ വികസനത്തെയും ബാധിക്കുന്ന തരത്തിലുള്ള കടുത്ത പ്രതിസന്ധികൾ ഉണ്ടാകുമെന്ന് പരിസ്ഥിതി പ്രവർത്തകർ ചൂണ്ടിക്കാണിക്കുന്നു. വിപണിയിലെ വിതരണ ശൃംഖലകളിൽ ഉണ്ടാകുന്ന കടുത്ത വ്യതിയാനങ്ങൾ പോലെ തന്നെ വജ്ര ഖനന രംഗത്തും വലിയ മന്ദഗതിയാണ് പ്രകടമാകുന്നത്. കാനഡയിലെ പസഫിക് സുരക്ഷാ മേഖലകളിലെയും വടക്കൻ പ്രവിശ്യകളിലെയും ചരക്കുനീക്കങ്ങളെയും വ്യവസായങ്ങളെയും ഈ പുതിയ മാറ്റം പ്രതികൂലമായി ബാധിക്കും. ഖനിയുടെ വലിയ സാമ്പത്തിക ബാധ്യതകൾ പരിഹരിക്കാൻ പുതിയ നിക്ഷേപകരെ കണ്ടെത്താനുള്ള ശ്രമങ്ങൾ റിസീവർമാർ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. എങ്കിലും നിലവിലെ കടുത്ത വിപണി സാഹചര്യത്തിൽ വലിയൊരു തുക മുടക്കാൻ പുതിയ കമ്പനികൾ മുന്നോട്ട് വരുമോ എന്ന കാര്യം ഉറപ്പില്ല.

സാധാരണക്കാരായ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാനും പൊതുജനാരോഗ്യ സംവിധാനങ്ങളെ പിന്തുണയ്ക്കാനും പ്രാദേശിക ഭരണകൂടം അടിയന്തര യോഗങ്ങൾ വിളിച്ചുചേർക്കുന്നുണ്ട്. ഖനിയിൽ നിന്നുള്ള വരുമാനത്തെ ആശ്രയിച്ച് കഴിഞ്ഞിരുന്ന ചെറുകിട കച്ചവടക്കാരും വലിയ പ്രതിസന്ധിയിലാണ്. വരും വാരങ്ങളിൽ കാനഡയിലെ ഉന്നത നയതന്ത്ര വേദികളിലും കോടതികളിലും ഈ വിഷയത്തിൽ കൂടുതൽ കർശനമായ തീരുമാനങ്ങൾ ഉണ്ടായേക്കും.

ആഗോള ഊർജ്ജ വിപണിയിലെ തർക്കങ്ങളും പശ്ചിമേഷ്യൻ സുരക്ഷാ പ്രതിസന്ധികളും പോലെ തന്നെ കാനഡയുടെ ആഭ്യന്തര വിപണിയും കടുത്ത വെല്ലുവിളികൾ നേരിടുന്ന സമയമാണിത്. തകർന്ന വ്യവസായ മേഖലകളെ പുനഃസ്ഥാപിക്കാനും തൊഴിലാളികൾക്ക് പുതിയ തൊഴിലവസരങ്ങൾ ഉറപ്പാക്കാനും വലിയ പ്രതിരോധ മുൻകരുതലുകൾ ആവശ്യമാണ്. ആഗോള വജ്ര വിപണിയിലും കനേഡിയൻ സമ്പദ്‌വ്യവസ്ഥയിലും വലിയ വ്യതിയാനങ്ങൾ സൃഷ്ടിക്കുന്ന ഈ പുതിയ സംഭവവികാസങ്ങളെ അതീവ ജാഗ്രതയോടെയാണ് വിപണി നിരീക്ഷകർ വീക്ഷിക്കുന്നത്.



**No-Bill Hospital**

# നോ-ബിൽ മിഷൻ:

കിടപ്പുരോഗികൾ, മരണാസന്നർ, വാർദ്ധക്യ സഹജമായ അസുഖം മൂലം ദുരിതം അനുഭവിക്കുന്നവർ എന്നിവർക്കായി സൗജന്യ പാലിയേറ്റീവ് ഹോസ്പിറ്റൽ കെയർ ദീർഘകാല അടിസ്ഥാനത്തിൽ നൽകുന്നു, ക്യാഷ് കൗണ്ടറുകളോ ബില്ലുകളോ ഇല്ലാത്ത ഹോസ്പിറ്റൽ. ജാതി-മത-വർഗ്ഗ-വർണ്ണ വ്യത്യാസമില്ലാതെ എല്ലാവർക്കും സാന്ത്വന പരിചരണം നൽകുന്നു.

## ഞങ്ങളുടെ സൗജന്യ സേവനങ്ങൾ:

- ഹോസ്പിറ്റൽ അഡ്മിഷൻ, താമസം
- ഡോക്ടേഴ്സ് കെയർ & നഴ്സിംഗ് കെയർ
- സെൻട്രലൈസ്ഡ് ഓക്സിജൻ സപ്പോർട്ട്
- ICU നിലവാരത്തിലുള്ള മെഡിക്കൽ ബെഡുകൾ
- രോഗികൾക്കും ബൈസ്റ്റാൻഡർമാർക്കും ഭക്ഷണം
- പാലിയേറ്റീവ് മരുന്ന് • ഫിസിയോതെറാപ്പി
- ഡയാലിസിസ് • അൾട്രാസൗണ്ട് സ്കാനിംഗ്
- എക്കോ ടെസ്റ്റ് • ഡെന്റൽ കെയർ

ശാന്തിഭവന്റെ ഗ്ലോബൽ നെറ്റ്വർക്കിൽ രജിസ്റ്റർ ചെയ്യുന്നതിനായി ക്യു ആർ കോഡ് സ്കാൻ ചെയ്യുക.

**Support No Bill Mission:**
**Zelle: +1 (302) 580-7390**

### *Our Patrons*



Archbishop
***Mar Andrews Thazhath***
Chief Patron



Bishop
***Mar. Vincent Samuel***
Patron



Bishop
***Mar Joy Alappat***
Patron

### *The Visionaries Behind India's First 'No-Bill' Hospital Model*



V.Rev. Sister
***Maria Chiara FSC***
Co Founder



***Rev.Fr. Joy Koothur***
Co Founder,
CEO & Trustee



***Sr. Beatrice Scalinci FSC*** (Late)
Co - Founder

**ShanthiBhavan**
**Palliative Hospitals**
**The First Palliative Hospital in INDIA**
• Pallissery, **Thrissur** • Vattappara, **Thiruvanthapuram**
+ 91 487 - 66 11 600, + 91 9744342009
office@shanthibhvan.in| www. shanthibhvan.in

Palliative International
Compssion Beyond Borders

**SHANTHI BHAVAN**
**PALLIATIVE INTERNATIONAL INC.**
- **UNITED STATES**, +1 (302) 580-7390, +1 (302) 520 5311
- **AUSTRALIA** +61 493 217 501, +61 3 9111 2473
- **ITALY** +39 800 683 866

www.palliativeinternational.com

# പ്രതിരോധ രംഗത്ത് സുപ്രധാന ചുവടുവെപ്പ്: അന്താരാഷ്ട്ര യുദ്ധവിമാന പദ്ധതിയിൽ കാനഡ നിരീക്ഷകരാകുന്നു

ഒട്ടാവ: ജപ്പാൻ, ബ്രിട്ടൻ, ഇറ്റലി എന്നീ രാജ്യങ്ങൾ സംയുക്തമായി വികസിപ്പിക്കുന്ന അത്യാധുനിക യുദ്ധവിമാന പദ്ധതിയിൽ കാനഡ നിരീക്ഷക പദവി നേടുന്നതായി റിപ്പോർട്ട്. ഇതുമായി ബന്ധപ്പെട്ട പ്രാഥമിക ധാരണയിൽ കാനഡ ഒപ്പുവെച്ചതായി ഔദ്യോഗിക വൃത്തങ്ങളെ ഉദ്ധരിച്ച് റോയിട്ടേഴ്സ് വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു. ബ്രിട്ടനിൽ നടക്കാനിരിക്കുന്ന ഫാർൺബറോ അന്താരാഷ്ട്ര എയർഷോയിൽ കാനഡയുടെ പ്രതിരോധ മന്ത്രാലയം ഇത് സംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനം നടത്തുമെന്നാണ് വിവരം.



ഗ്ലോബൽ കോംബാറ്റ് എയർ പ്രോഗ്രാം എന്ന് പേരിട്ടിരിക്കുന്ന ഈ പദ്ധതി, 2035 ഓടെ ആറാം തലമുറയിൽപ്പെട്ട അത്യാധുനിക ഗ്രേസൽത്ത് യുദ്ധവിമാനങ്ങൾ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2022 ലാണ് ആരംഭിച്ചത്. ബ്രിട്ടന്റെ ബി.എ.ഇ സിസ്റ്റംസ്, ജപ്പാന്റെ മിത്സുബിഷി ഹെവി ഇൻഡസ്ട്രീസ്, ഇറ്റലിയുടെ ലിയോനാർഡോ എന്നീ പ്രമുഖ പ്രതിരോധ കമ്പനികളാണ് നിലവിൽ ഈ പദ്ധതിക്ക് നേതൃത്വം നൽകുന്നത്. സ്ഥാപക അംഗങ്ങളായ ഈ മൂന്ന് രാജ്യങ്ങൾക്ക് പുറത്തേക്ക് പദ്ധതി വ്യാപിക്കുന്നതിന്റെ ആദ്യ സൂചനയാണ് കാനഡയുടെ ഈ പങ്കാളിത്തം.

നിരീക്ഷക പദവി എന്നത് കാനഡയ്ക്ക് നിലവിൽ സാമ്പത്തിക ബാധ്യതകൾ ഒന്നുംതന്നെ ഉണ്ടാക്കുന്നില്ലെങ്കിലും, പദ്ധതിയുടെ പുരോഗതി വിലയിരുത്തി ഭാവിയിൽ സഹകരണം കൂടുതൽ ശക്തമാക്കാൻ കാനഡയ്ക്ക് സാധിക്കും. കഴിഞ്ഞ മാസം ടോക്കിയോ സന്ദർശിച്ച കാനഡ പ്രതിരോധ മന്ത്രി ഡേവിഡ് മക്ഗിന്റി ഈ പദ്ധതിയെ വളരെ പ്രതീക്ഷ നൽകുന്ന ഒന്നായി വിശേഷിപ്പിച്ചിരുന്നു.

അമേരിക്കയെ മാത്രം ആശ്രയിക്കാതെ പ്രതിരോധ മേഖലയിലെ പങ്കാളിത്തം വൈവിധ്യവൽക്കരിക്കാനും യൂറോപ്യൻ രാജ്യങ്ങളുമായി കൂടുതൽ അടുത്ത ബന്ധം സ്ഥാപിക്കാനുമുള്ള കാനഡയുടെ താല്പര്യമാണ് ഈ നീക്കത്തിന് പിന്നിൽ. യു.എസ് വ്യോമസേനയുടെ നെക്സ്റ്റ് ജനറേഷൻ എയർ ഡൊമിനൻസ് പ്രോഗ്രാമിനൊപ്പം, പാശ്ചാത്യ ലോകത്തെ ഏറ്റവും വലിയ രണ്ട് ആറാം തലമുറ യുദ്ധവിമാന പദ്ധതികളിൽ ഒന്നാണ് ജി.സി.എ.പി.

# കാനഡയിലെ പ്രമുഖ അഭിഭാഷകന്റെ കോടികളുടെ സ്വത്തുക്കൾ കോടതി മരവിപ്പിച്ചു; അൽബെർട്ടയിൽ വൻ നയതന്ത്ര ചർച്ച



കാനഡയിലെ അൽബെർട്ട പ്രവിശ്യയിൽ വലിയ രാഷ്ട്രീയ ചലനങ്ങൾ സൃഷ്ടിച്ചുകൊണ്ട് പ്രമുഖ വിഘടനവാദി നേതാവും മുതിർന്ന അഭിഭാഷകനുമായ ജെഫ്രി റാത്തിന്റെ ബാങ്ക് അക്കൗണ്ടുകളും കോടിക്കണക്കിന് രൂപയുടെ സ്വത്തുക്കളും കോടതി താൽക്കാലികമായി മരവിപ്പിച്ചു. വടക്കൻ അൽബെർട്ടയിലെ പ്രമുഖ തദ്ദേശീയ കമ്മ്യൂണിറ്റിയായ ടാൽക്രീ ഫസ്റ്റ് നേഷൻ സമർപ്പിച്ച കടുത്ത സാമ്പത്തിക തട്ടിപ്പ് കേസിലാണ് അൽബെർട്ട കോർട്ട് ഓഫ് കിംഗ്സ് ബെഞ്ച് നിർണ്ണായക ഉത്തരവ് പുറപ്പെടുവിച്ചത്. ആദിവാസി വിഭാഗത്തിന് സർക്കാർ നൽകിയ കോടിക്കണക്കിന് രൂപയുടെ ട്രസ്റ്റ് ഫണ്ടിൽ നിന്നും വലിയ തുക ഇയാൾ സ്വന്തം അക്കൗണ്ടിലേക്ക് മാറ്റിയെന്നാണ് പ്രധാന ആരോപണം.

തദ്ദേശീയ ജനവിഭാഗത്തിന്റെ ഫണ്ടുകൾ ഇയാൾ വിദേശ വിപണിയിലേക്ക് മാറ്റാനോ ഒളിപ്പിക്കാനോ സാധ്യതയുണ്ടെന്ന കടുത്ത ആശങ്കയെത്തുടർന്നാണ് കോടതി പ്രത്യേകമായ മരേവ ഇൻജങ്ഷൻ ഉത്തരവ് പുറപ്പെടുവിച്ചത്.

കേസിലെ അടിയന്തര സാഹചര്യം പരിഗണിച്ച ജസ്റ്റിസ് ജോൺ ഗിൽ മുൻപ് പുറപ്പെടുവിച്ച അക്കൗണ്ട് മരവിപ്പിക്കൽ ഉത്തരവിന്റെ കാലാവധി നീട്ടുകയും ചെയ്തു. ഇതോടൊപ്പം ട്രസ്റ്റിൽ നിന്നും അപ്രത്യക്ഷമായ കോടിക്കണക്കിന് രൂപയുടെ യഥാർത്ഥ ഉറവിടം കണ്ടെത്താൻ ഒരു പ്രത്യേക സ്വതന്ത്ര അന്വേഷണ കമ്മീഷനെ കോടതി നിയോഗിച്ചിട്ടുണ്ട്.

കാനഡയിലെ പ്രമുഖ ആദിവാസി വിഭാഗവും കേന്ദ്ര സർക്കാരും തമ്മിൽ മുൻപുണ്ടായ ചരിത്രപരമായ കാർഷിക വ്യാപാര കരാറുകളുടെ ഭാഗമായാണ് ഈ വലിയ ട്രസ്റ്റ് ഫണ്ട് രൂപീകരിച്ചത്. ഈ ഫണ്ടിന്റെ ഏക ട്രസ്റ്റിയായി പ്രവർത്തിച്ചിരുന്ന ജെഫ്രി റാത്തിന്റെ കമ്പനി കടുത്ത നിയമ ലംഘനങ്ങൾ നടത്തിയെന്നാണ് കണ്ടെത്തൽ. കോടതി നിർദ്ദേശപ്രകാരം ഏകദേശം പതിനഞ്ച് മില്യൺ ഡോളർ കെട്ടിവെച്ചാൽ മാത്രമേ ഇയാളുടെ മരവിപ്പിച്ച അക്കൗണ്ടുകൾ ഇനി പുനഃസ്ഥാപിക്കാൻ സാധിക്കുകയുള്ളൂ.

വിപണിയിലെ കടുത്ത സാമ്പത്തിക തർക്കങ്ങൾക്കിടയിലും കമ്മ്യൂണിറ്റികളിലെ പ്രായപൂർത്തിയാകാത്ത കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഈ കടുത്ത കോടതി നടപടി അനിവാര്യമായിരുന്നു എന്ന് ടാൽക്രീ ഫസ്റ്റ് നേഷൻ ചീഫ് രൂപർട്ട് മെനീൻ വ്യക്തമാക്കി. ഇയാൾ മുൻപ് ആദിവാസി വിഭാഗത്തിന്റെ പേരിൽ വാങ്ങിയ ഇരുപത് ശതമാനത്തോളം വരുന്ന അമിതമായ ഫീസ് തുക തിരികെ നൽകാൻ കോടതി നേരത്തെ ഉത്തരവിട്ടിരുന്നു.

എന്നാൽ ഈ തുക തിരികെ നൽകിയ അതേ സാമ്പത്തിക വർഷത്തിൽ തന്നെ മറ്റ് ഭരണപരമായ ചെലവുകൾ എന്ന് കാണിച്ച് ആറ് മില്യണിലധികം ഡോളർ ഇയാൾ വീണ്ടും ട്രസ്റ്റിൽ നിന്നും പിൻവലിക്കുകയായിരുന്നു.

വിപണിയിലെ വിതരണ ശൃംഖലകളിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ പോലെ തന്നെ ഇത്തരം സാമ്പത്തിക ട്രസ്റ്റുകളുടെ ആഭ്യന്തര വ്യവസ്ഥകളുടെ പ്രവർത്തനവും അതീവ സങ്കീർണ്ണമാണ്. പുതിയ സാങ്കേതിക മുന്നേറ്റങ്ങളും നിയമ പരിഷ്കാരങ്ങളും കാനഡയിലെ കോടതികൾ അതീവ ജാഗ്രതയോടെയാണ് നിലവിൽ നടപ്പിലാക്കുന്നത്. സാധാരണക്കാരായ ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനും പൊതുജനാരോഗ്യ സംവിധാനങ്ങളെ പിന്തുണയ്ക്കാനും ആദിവാസി കമ്മ്യൂണിറ്റികൾ ശക്തമായ നിയമ പോരാട്ടങ്ങളുമായി മുന്നോട്ട് പോകുന്നുണ്ട്.

അൽബെർട്ടയിലെ വലിയ വിഘടനവാദ പ്രസ്ഥാനത്തിന്റെ പ്രധാന മുഖമായിരുന്ന ജെഫ്രി റാത്തിന് കടുത്ത സാമ്പത്തിക കുറ്റകൃത്യങ്ങളിൽ പങ്കുണ്ടെന്ന വാർത്ത വലിയ രാഷ്ട്രീയ വിവാദങ്ങൾക്കും കാനഡയിൽ വഴിതുറന്നിട്ടുണ്ട്. ആഗോള ഊർജ്ജ വിപണിയിലെ തർക്കങ്ങളും പസഫിക് സുരക്ഷാ മേഖലകളിലെ സാമ്പത്തിക പ്രതിസന്ധികളും പോലെ തന്നെ ആഭ്യന്തര നിയമ വ്യവസ്ഥകളുടെ സുതാര്യതയും കാനഡയ്ക്ക് വലിയ വെല്ലുവിളിയാണ് ഉയർത്തുന്നത്. വരും വാരങ്ങളിൽ കാനഡയിലെ ഉന്നത നയതന്ത്ര വേദികളിലും കോടതികളിലും ഈ കേസിലെ പുതിയ വെളിപ്പെടുത്തലുകൾ വൻ ചർച്ചകൾക്ക് കാരണമാകും.




WHOLESALERS FOR
AIRFRANCE
AIR INDIA
Emirates
AIR CANADA
Lufthansa
KUWAIT
KLM
QATAR AIRWAYS
SINGAPORE AIRLINES
ETIHAD AIRWAYS
Airroute
TRAVEL & TOURS INC.
Wholesale travel agent
IATA
CALL: ALEX
Off: 416 849 1495
tico.ca
Cell: 416 858 4987/416 830 1264
YOUR TRUSTED TRAVEL PARTNER


GIMVS
Global Immigration And Visa Services
"Where dreams take flight, your future begins with us."
OUR SERVICES
Permanent Residency & PNP
College Admission & Study Visa
Visitor Visa / Super Visa / Caregiver Visa
PR Card Renewal / Citizenship
Family Sponsorship (Spousal / PGP)
PGWP/Spouse Work Permit / LMIA Work Permit
Business / Investor Program
PFL/Rejection/Misrepresentation Cases
Intra Company Transfer
Sini Isaac
Regulated Canadian Immigration Consultant
R530967
RCIC
T: +1 289 210-0222
E: info@gimvs.com
www.gimvs.com
Follow us on

# ലോകകപ്പ് ഫൈനൽ വലിയ സ്ക്രീനിലൊരുക്കി ലെവിറ്റേറ്റ് വാച്ച്പാർട്ടി

ടൊറന്റോ: സോക്കർ ലോകകപ്പിന്റെ കലാശപ്പോരാട്ടത്തിലെ ആവേശം ബിഗ്സ്ക്രീനിലേക്ക്. മലയാളികളുടെ പ്രിയപ്പെട്ട ടീമുകളിലൊന്നായ അർജന്റീനയോ, അട്ടിമറി തുടരാനൊരുങ്ങുന്ന സ്പെയിനോ? ഫുട്ബോൾ ആരാധകരുടെ പ്രിയതാരം ലിയോണൽ മെസ്സിയോ സ്പെയിന്റ് പുത്തൻ താരോദയം ലമീൻ യമാലോയോ? അമേരിക്കയിലെ ന്യൂജഴ്സി മെറ്റ്ലൈഫ് സ്റ്റേഡിയത്തിൽ ലോകകപ്പിനായി ഇവർ ഏറ്റുമുട്ടുന്ന ആവേശകരമായ നിമിഷങ്ങൾ ബിഗ് സ്ക്രീനിൽ ഒരുക്കി ലെവിറ്റേറ്റ് എന്റർടെയൻമെന്റ് വാച്ച്പാർട്ടി ഒരുക്കുന്നു. ടീം ഗരുഡൻസുമായി ചേർന്ന് ഞായറാഴ്ച രണ്ടരയ്ക്ക് സ്കാർബ്രോയിലെ മോർണിങ് സൈഡ് സിനിപ്ളെക്സിലാണ് വാച്ച്പാർട്ടിക്ക് കളമൊരുക്കുന്നത്.

കളിക്കളത്തിലെ വലിയ താരങ്ങൾക്കൊപ്പം ഇടവേളയിൽ സംഗീതലോകത്തെ നക്ഷത്രങ്ങളെയും കാണാനാകുമെന്ന പ്രത്യേകതയുണ്ട് ഇക്കുറി. ലോകകപ്പ് ഫൈനലിന്റെ ഇടവേളയിൽ ഒരുക്കുന്ന വിനോദപരിപാടികളിൽ ജസ്റ്റിൻ ബീബർ, ഷക്കീറ, മഡോണ, ബർണബോയ് എന്നിവർക്കൊപ്പം കൊറിയൻ ബാൻഡ് ബിടിഎസ്, ന്യൂയോർക്കിൽനിന്നുള്ള പിഎസ്22 കോറസ് സംഘവും സംഗീതപരിപാടികൾ അവതരിപ്പിക്കും. ഇതിനായി ഇടവേള അൽപം നീണ്ടാലും അത്ഭുതപ്പെടേണ്ടതില്ലെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

ആരാധകരെ സംബന്ധിച്ചിടത്തോളം ഇരട്ടനേട്ടമാണ് ഇതിലൂടെ കൈവരുന്നത്. കളിക്കളത്തിലെയും സംഗീതലോകത്തെയും താരങ്ങളെയും ഒരുമിച്ചു കാണാനുള്ള സുവർണാവസരം. വാച്ച് പാർട്ടിയിലെ ബിഗ് സ്ക്രീൻ ഷോയിലും ഈ ആവേശം പ്രതിഫലിക്കുമെന്ന പ്രതീക്ഷയിലാണ് സംഘാടകർ. റിയൽറ്റർ ജിയോ ജോസ്, ലിറ്റിൽ സൗത്ത് റസ്റ്ററന്റ്, കരിയർ മെന്റർ ബിജോ സെബാസ്റ്റ്യൻ എന്നിവരാണ് പരിപാടിയുടെ സ്പോൺസർമാർ.




പ്രവേശനം ടിക്കറ്റ്മൂലം നിയന്ത്രിക്കും. 9.99 ഡോളറാണ് നിരക്ക്. ടിക്കറ്റ് ബുക്കിങ്ങിന്:

https://levitateinc.ca/event/world-cup-final-big-screen-watch-patry/

# മക്കളുടെ കാത്തിരിപ്പ് നീളും

(മൂന്നാം പേജ് തുടർച്ച)

ക്കുന്നതിനുമാണ് ഈ അടിയന്തര നടപടിയെന്ന് ഇമിഗ്രേഷൻ വകുപ്പ് ഔദ്യോഗികമായി വ്യക്തമാക്കി.

### വർധിച്ച അപേക്ഷകരുടെ എണ്ണവും നീണ്ട പ്രോസസിങ് സമയവും

ലഭ്യമായ ഒഴിവുകളേക്കാൾ വളരെ കൂടുതലാണ് ഈ പ്രോഗ്രാമിലേക്ക് എത്തുന്ന അപേക്ഷകളുടെ എണ്ണമെന്ന് ഇമിഗ്രേഷൻ വകുപ്പ് ചൂണ്ടിക്കാണിക്കുന്നു. നിലവിൽ 60,500 ഓളം അപേക്ഷകളാണ് കാനഡയുടെ ഇമിഗ്രേഷൻവകുപ്പിന്റെപരിഗണനയിലുള്ളത്. ഇവപൂർത്തിയാക്കാൻഏകദേശം33മാസത്തെസമയമെടുക്കും.എന്നാൽക്യൂബെക്പ്രവിശ്യയിലാകട്ടെഇത്66മാസം വരെ നീണ്ടുപോയേക്കാം. 2020ൽ ഈ പദ്ധതി ആരംഭിച്ചതു മുതൽ രണ്ടുലക്ഷത്തിലധികം സ്ഥിരതാമസക്കാരും പൗരന്മാരുമാണ് തങ്ങളുടെ മാതാപിതാക്കളെ കാനഡയിലേക്ക് കൊണ്ടുവരാൻ താല്പര്യം പ്രകടിപ്പിച്ചത്.

ഇതിൽ നിന്നും നറുക്കെടുപ്പിലൂടെയോ മറ്റ് മാനദണ്ഡങ്ങളിലൂടെയോ ഓരോ വർഷവും തിരഞ്ഞെടുക്കപ്പെടുന്നനിശ്ചിതആളുകൾക്ക്മാത്രമാണ്ഔദ്യോഗികമായി അപേക്ഷിക്കാൻ അവസരം ലഭിച്ചിരുന്നത്. പുതിയ അപേക്ഷകൾ സ്വീകരിക്കുന്നത് നിർത്തിവെച്ചെങ്കിലും കാനഡയുടെ ഇമിഗ്രേഷൻ ലെവൽസ്ട്രാറ്റജിയുടെഭാഗമായിവരുംവർഷങ്ങളിൽ 15,000 പേർക്ക് വീതം ഈ പ്രോഗ്രാമിലൂടെ സ്ഥിരതാമസത്തിനുള്ള അനുമതി നൽകാനുള്ള പദ്ധതിക്ക് മാറ്റമുണ്ടാകില്ലെന്ന് അധികൃതർ വ്യക്തമാക്കി.

### താല്കാലിക ആശ്വാസമായി സൂപ്പർ വിസ

സ്ഥിരതാമസത്തിനുള്ള അപേക്ഷകൾ നിർത്തിവെച്ച പശ്ചാത്തലത്തിൽ പേരന്റ്സിനേയും ഗ്രാൻഡ്പേരന്റ്സിനേയും താല്കാലികമായി കാനഡയിലേക്ക് കൊണ്ടുവരുന്നതിനായി സൂപ്പർ വിസ പ്രയോജനപ്പെടുത്താൻ സർക്കാർ നിർദ്ദേശിക്കുന്നുണ്ട്. ഈ വിസ ലഭിക്കുന്നവർക്ക് ഒരു തവണ കാനഡയിൽ എത്തിയാൽ തുടർച്ചയായി അഞ്ച് വർഷം വരെ രാജ്യത്ത് തുടരാനും പരമാവധി പത്ത് വർഷം വരെ മൾട്ടിപ്പിൾ എൻട്രി വിസ കാലാവധി ലഭിക്കാനും അവസരമുണ്ട്. കൂടാതെ കാനഡയിൽ ആയിരിക്കുമ്പോൾ തന്നെ രണ്ട് വർഷത്തേക്ക് കൂടി താമസം നീട്ടാൻ അപേക്ഷിക്കാനും സാധിക്കും.

### വരുമാന പരിധിയിൽ ഇളവുകളോടെ പുതിയ മാറ്റങ്ങൾ

സൂപ്പർ വിസയുടെ യോഗ്യത മാനദണ്ഡങ്ങളിൽ ഇമിഗ്രേഷൻ വകുപ്പ് അടുത്തിടെ വരുത്തിയ സുപ്രധാന മാറ്റങ്ങൾ അപേക്ഷകർക്ക് വലിയ ആശ്വാസമാകും. സ്പോൺസർ ചെയ്യുന്ന മക്കളുടെ വരുമാന പരിധി കണക്കാക്കുന്നതിൽ വരുത്തിയ ഇളവുകൾ കാരണം മുൻപത്തേക്കാൾ എളുപ്പത്തിൽ ഇപ്പോൾ സൂപ്പർ വിസ സ്വന്തമാക്കാൻ സാധിക്കും. കാനഡയിലുള്ള മക്കളുടെ കഴിഞ്ഞ രണ്ട് വർഷത്തെ വരുമാനത്തിൽ ഏതെങ്കിലും ഒരു വർഷത്തെ വരുമാനം കാണിച്ചാൽ മതിയെന്നതും കാനഡ സന്ദർശിക്കുന്ന മാതാപിതാക്കളുടെ വരുമാനം കൂടി ഇതിലേക്ക് കൂട്ടിച്ചേർക്കാൻ അനുവാദമുണ്ട് എന്നതുമാണ് പുതിയ ഇളവുകൾ. മാതാപിതാക്കളെ സ്ഥിരമായി കാനഡയിൽ താമസിപ്പിക്കാൻ ആഗ്രഹിച്ചിരുന്നവർക്ക് ഈ പുതിയ തീരുമാനം നിരാശ നൽകുന്നതാണെങ്കിലും താല്കാലിക ആശ്വാസമെന്ന നിലയിൽ സൂപ്പർ വിസയെ ആശ്രയിക്കുക മാത്രമാണ് ഇപ്പോൾ അപേക്ഷകർക്ക് മുന്നിലുള്ള ഏകവഴി.

# വടക്കൻ ഒന്റാറിയോയിൽ കാട്ടുതീ പടരുന്നു; വീടുകൾ കത്തിയമർന്നു, പ്രദേശത്ത് കനത്ത ജാഗ്രത

ഒന്റാറിയോ: കാനഡയിലെ വടക്കൻ ഒന്റാറിയോ മേഖലയിൽ കാട്ടുതീ അതിവേഗം പടർന്നുപിടിക്കുന്നതിനെത്തുടർന്ന് വ്യാപക നാശനഷ്ടം. ശക്തമായ വടക്കുപടിഞ്ഞാറൻ കാറ്റ് തീപിടുത്തത്തിന്റെ തീവ്രത വർദ്ധിപ്പിക്കുമെന്ന മുന്നറിയിപ്പിനെ തുടർന്ന് ദുരന്തബാധിത പ്രദേശങ്ങളിൽ നിന്ന് ആളുകളെ കൂട്ടത്തോടെ ഒഴിപ്പിച്ചു വരികയാണ്.

വടക്കൻ ഒന്റാറിയോയിലെ വിവിധ ഭാഗങ്ങളിലായി 180 ൽ അധികം കാട്ടുതീയാണ് ഇപ്പോൾ പടരുന്നത്. വടക്കുപടിഞ്ഞാറൻ മേഖലയിൽ മാത്രം റിപ്പോർട്ട് ചെയ്ത 148 സജീവ കാട്ടുതീകളിൽ 69 എണ്ണവും നിലവിൽ നിയന്ത്രണവിധേയമാക്കാൻ സാധിച്ചിട്ടില്ലെന്ന് വനംവകുപ്പ് അധികൃതർ വ്യക്തമാക്കി. തണ്ടർ ബേയ്ക്ക് വടക്കുള്ള നാമയ്ഗൂസിസാഗാഗൺ (കോളിൻസ്) ഫസ്റ്റ് നേഷൻ മേഖലയിൽ അതിവേഗം ആളിപ്പടർന്ന തീ വലിയ തോതിലുള്ള നാശനഷ്ടങ്ങൾ വിതച്ചു. ഇവിടെയുള്ള നിരവധി വീടുകളും കെട്ടിടങ്ങളും പൂർണ്ണമായും കത്തിയമർന്നു കഴിഞ്ഞു. ആംസ്ട്രോങ്, ലാക് ലാ ക്രോയിക്സ്, വൈറ്റ്സാൻഡ്, ഗൾ ബേ, ലാക് ഡെസ് മില്ലെ ലാക്സ് തുടങ്ങിയ ആദിവാസി ഗോത്ര സമൂഹങ്ങൾ (ഫസ്റ്റ് നേഷൻസ്) താമസിക്കുന്ന നിരവധി പ്രദേശങ്ങളിൽ ഇതിനകം തന്നെ ഭരണകൂടം കർശനമായ ഒഴിപ്പിക്കൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.



ആംസ്ട്രോങ് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ പുകപടലങ്ങൾ കാരണം കാഴ്ചപരിധി കുറയുമെന്നും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റടിക്കാൻ സാധ്യതയുണ്ടെന്നും പരിസ്ഥിതി മന്ത്രാലയം മുന്നറിയിപ്പ് നൽകി. ദുരന്തബാധിത മേഖലകളിൽ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ പ്രവിശ്യാ ഭരണകൂടം എല്ലാ സജ്ജീകരണങ്ങളും ഒരുക്കുന്നുണ്ടെന്ന് പ്രീമിയർ ഡഗ് ഫോർഡ് അറിയിച്ചു.

രക്ഷാപ്രവർത്തനങ്ങൾക്കും തീ അണയ്ക്കുന്നതിനുമായി ആവശ്യമായ പണം കണ്ടെത്താൻ ഒന്റാറിയോ സർക്കാർ യാതൊരു വിട്ടുവീഴ്ചയും വരുത്തില്ലെന്നും അദ്ദേഹം വ്യക്തമാക്കി. നിലവിൽ നൂറുകണക്കിന് അഗ്നിശമന സേനാംഗങ്ങൾ കനത്ത പുകയെയും പ്രതികൂല കാലാവസ്ഥയെയും അവഗണിച്ച് തീ നിയന്ത്രണവിധേയമാക്കാനുള്ള തീവ്രശ്രമത്തിലാണ്.

# കാനഡക്കാർക്ക് വീട് വാങ്ങാൻ സുവർണ്ണാവസരം

(മൂന്നാം പേജ് തുടർച്ച)

പരിശോധിക്കുമ്പോൾ, മുൻവർഷത്തെ ഇതേ കാലയളവിനേക്കാൾ 0.9 ശതമാനം കൂടുതൽ വിൽപ്പന ഈ ജൂണിൽ നടന്നിട്ടുണ്ട്. എന്നാൽ വിൽപ്പന ഉയർന്നപ്പോഴും വിലയിൽ കാര്യമായ മാറ്റമുണ്ടായില്ല എന്നത് ശ്രദ്ധേയമാണ്. ഭവന വില സൂചികയിൽ മാസാവസാനം മാറ്റമൊന്നും പ്രകടമായില്ലെങ്കിലും, മുൻവർഷത്തെ അപേക്ഷിച്ച് വിലയിൽ 3.6 ശതമാനത്തിന്റെ ഇടിവ് രേഖപ്പെടുത്തിയിട്ടുണ്ട്.

### പുതിയ ലിസ്റ്റിംഗുകൾ കുറഞ്ഞു, ഡിമാൻഡ് കൂടുന്നു

വിപണിയിലേക്ക് പുതിയതായി എത്തുന്ന വീടുകളുടെ എണ്ണത്തിൽ ജൂൺ മാസത്തിൽ 1.3 ശതമാനത്തിന്റെ കുറവ് രേഖപ്പെടുത്തി. പുതിയ ലിസ്റ്റിംഗുകളും വിൽപ്പനയും തമ്മിലുള്ള അനുപാതം മേയ് മാസത്തിലെ 49.3 ശതമാനത്തിൽ നിന്നും ജൂണിൽ 50.2 ശതമാനമായി ഉയർന്നു. ഈ വർഷം ആദ്യമായാണ് ഈ അനുപാതം 50 ശതമാനത്തിന് മുകളിലേക്ക് ഉയരുന്നത് എന്നത് വിപണിയിലെ ശക്തമായ ഡിമാൻഡിനെ അടിവരയിടുന്നു.

മെയ് മാസത്തിൽ വൈകി തുടങ്ങിയ വിപണി ഉണർവ് ജൂണിലും ശക്തമായി തുടരുകയാണെന്ന് സി.ആർ.ഇ.എ ചീഫ് ഇക്കണോമിസ്റ്റ് ഷോൻ കാത്കാർട്ട് വ്യക്തമാക്കി. മുൻ വർഷങ്ങളിലേതുപോലെ തന്നെ ഈ വർഷത്തിന്റെ രണ്ടാം പകുതിയിലും കാനഡയിലെ റിയൽ എസ്റ്റേറ്റ് രംഗം കൂടുതൽ സജീവമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

### വിപണിയിലെ ഭാവി സാധ്യതകൾ

വരും മാസങ്ങളിൽ കാനഡയിലെ പ്രോപ്പർട്ടി വിപണി കൂടുതൽ മത്സര വ്യാപ്തിയുള്ളതായി മാറുമെന്നാണ് സൂചനകൾ വ്യക്തമാക്കുന്നത്. കാനഡ സെൻട്രൽ ബാങ്ക് പലിശ നിരക്കുകളിൽ വരുത്തുന്ന കുറവ് വരും മാസങ്ങളിൽ കൂടുതൽ വാങ്ങലുകാരെ വിപണിയിലേക്ക് ആകർഷിക്കാൻ കാരണമാകും. കൂടാതെ ഭവന വായ്പകൾക്ക് പലിശ കുറയുന്നത് ഇടത്തരം കുടുംബങ്ങൾക്ക് വലിയ ആശ്വാസമാകും. വർഷത്തിന്റെ ആദ്യ പകുതിയിൽ മന്ദഗതിയിലായിരുന്ന വിപണി, ജൂൺ മാസത്തോടെ കൈവരിച്ച ഉണർവ് തണുപ്പുകാലത്തിന് മുൻപുള്ള മാസങ്ങളിലും നിലനിർത്താനാണ് സാധ്യത.

നിലവിൽ വിലയിൽ മാറ്റമില്ലാതെ തുടരുകയാണെങ്കിലും, വിപണിയിലെ ഡിമാൻഡ് ഉയരുകയും പുതിയ ലിസ്റ്റിംഗുകൾ കുറയുകയും ചെയ്യുന്നത് വരും മാസങ്ങളിൽ വീടുകളുടെ വില വീണ്ടും ഉയരാൻ കാരണമായേക്കാം. നിലവിൽ കാനഡയിലെ ഉയർന്ന വാടക നിരക്കുകൾ കാരണം ബുദ്ധിമുട്ടുന്ന പ്രവാസികൾ ഉൾപ്പെടെയുള്ള വലിയൊരു വിഭാഗം, പലിശനിരക്കുകൾ അനുകൂലമാകുന്നതോടെ സ്വന്തമായി വീട് വാങ്ങാൻ താല്പര്യം പ്രകടിപ്പിച്ചേക്കുമെന്നും വിലയിരുത്തപ്പെടുന്നു. വീട് വാങ്ങാൻ ആഗ്രഹിക്കുന്നവർക്ക് വിപണിയിലെ ഈ താൽക്കാലിക വിലസ്ഥിരത മികച്ചൊരു അവസരമായി മാറിയേക്കാം.


BUYING, SELLING , RENTING OR INVESTING
CONTACT
RE/MAX EXPERTS
JDR REAL ESTATE
Call: 647 534 2947
Elevate Your Expectations
Rani Syriac
Sales Representative
Cell: 647 858 2872
rani2872@gmail.com
Daisy Daisamma
Sales Representative
Cell: 647 871 4882
ojdaisamma@gmail.com
Joseph Thomas
Real Estate Broker
Cell: 647 534 2947
tom_tinu@yahoo.com
FULL TIME REALTORS
Real Estate team with more than 10 years experience with passion, dedication and commitment
RE/MAX
RE/MAX REALTRON Realty Inc. Brokerage
Home of the Top Producers
JDR REALESTATE TEAM
www.jdrrealestateteam.com


Get personalized advice from a Scotiabank® Home Financing Advisor.
Scotiabank.
Ashok Mamkottil
Home Financing Advisor
647-895-8195
Ashok.Mamkottil@scotiabank.com
® Registered trademark of The Bank of Nova Scotia.



# പ്രത്യാശയുടെ പ്രവാസി ഗോപുരം: ഫോമാ ഫാമിലി അസിസ്റ്റൻസ് & റിസോഴ്സ് സെന്റർ, ടീം പ്രോമിസിന്റെ അഞ്ചാമത്തെ വാഗ്ദാനം

ഫ്ളോറിഡ: അമേരിക്കൻ മലയാളി സമൂത്തിന്റെ ചരിത്രത്തിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും സാംസ്കാരിക കൂട്ടായ്മകൾക്കും എന്നും നേതൃത്വം നൽകിയിട്ടുള്ള ഫെഡറേഷനാണ് ഫോമാ.

2026-28 കാലയളവിലേക്ക് ഫോമയുടെ ഭരണസാരഥ്യം ലക്ഷ്യമിട്ട് മത്സരിക്കുന്ന മാത്യു വർഗീസ് (ജോസ് ഫ്ളോറിഡ) നേതൃത്വം നൽകുന്ന 'ടീം പ്രോമിസ്' തങ്ങളുടെ അഞ്ചാമത്തെ വാഗ്ദാനമായി 'ഫോമാ ഫാമിലി അസിസ്റ്റൻസ് & റിസോഴ്സ് സെന്റർ' പ്രഖ്യാപിച്ചിരിക്കുകയാണ്.

**'വിദ്യാജ്യോതി' സ്കോളർഷിപ്പ് പദ്ധതിയുടെയും 'ആർദ്രം' കാൻസർ കെയർ പ്രോജക്ടിന്റെയും 'കേരള പഠന'ത്തിന്റെയും 'ഫോമാ കെയർ' (കരുതൽ) പദ്ധതിയുടെയും തുടർച്ചയായാണിത്.**

'ഒരു ഫോൺ കോൾ... ഒരുപാട് പരിഹാരങ്ങൾ...' എന്ന മുദ്രാവാക്യവുമായി അമേരിക്കയിലെയും കാനഡയിലെയും മലയാളി കുടുംബങ്ങൾക്ക് കരുത്തും തണലുമേകുന്ന ഒരു സുരക്ഷാ കവചമായി ഈ പദ്ധതിയെ വിശേഷിപ്പിക്കാം.

അമേരിക്കൻ പ്രവാസം ഇന്ന് കേവലം സാമ്പത്തിക ഭദ്രതയ്ക്കുള്ള വഴി മാത്രമല്ല, മറിച്ച് വൈകാരികവും സാമൂഹികവുമായ ഒട്ടനവധി വെല്ലുവിളികൾ നിറഞ്ഞ ഒന്നു കൂടിയാണ്.

മാറുന്ന തൊഴിൽ സാഹചര്യങ്ങൾ, കുടുംബങ്ങളിലെ ഒറ്റപ്പെടലുകൾ, പുതിയ തലമുറ നേരിടുന്ന സാംസ്കാരിക സംഘർഷങ്ങൾ, വാർദ്ധക്യസഹജമായ ബുദ്ധിമുട്ടുകൾ, നിയമപരമായ സങ്കീർണ്ണതകൾ എന്നിവ മലയാളികളെ പലപ്പോഴും മാനസികമായ സമ്മർദ്ദങ്ങളിലേക്ക് നയിക്കാറുണ്ട്.

ജന്മനാട്ടിൽ നിന്ന് അകന്നു കഴിയുന്നവർക്ക് പെട്ടെന്നൊരു പ്രതിസന്ധി ഘട്ടത്തിൽ എങ്ങോട്ട് തിരിയണം എന്നറിയാത്ത അവസ്ഥയുണ്ടാകാം. ഇവിടെയാണ് 'ടീം പ്രോമിസ് ' വിഭാവനം ചെയ്യുന്ന ഫാമിലി അസിസ്റ്റൻസ് സെന്ററിന്റെ പ്രാധാന്യം.

**കുടിയേറ്റവുമായി ബന്ധപ്പെട്ട മാർഗനിർദ്ദേശങ്ങൾ, മുതിർന്ന പൗരന്മാർക്കുള്ള സഹായവും പിന്തുണയും, വിദ്യാർത്ഥികൾക്കുള്ള മെന്ററിംഗും വിദ്യാഭ്യാസ മാർഗനിർദ്ദേശവും, അടിയന്തര സാഹചര്യങ്ങളിൽ ആവശ്യമായ റഫറൽ സേവനങ്ങൾ, സമൂഹത്തിലെ വിവിധ സേവനങ്ങളിലേക്കുള്ള കമ്മ്യൂണിറ്റി റിസോഴ്സ് കണക്ഷനുകൾ തുടങ്ങിയവയാണിവ.**

അമേരിക്കയിലെ ഓരോ മലയാളി കുടുംബത്തിനും തങ്ങൾ ഒറ്റയ്ക്കല്ലെന്നും, തങ്ങളെ താങ്ങാൻ തങ്ങളുടെ സ്വന്തം സംഘടനയുണ്ടെന്നുമുള്ള ആത്മവിശ്വാസം നൽകാൻ 'ഫോമാ ഫാമിലി അസിസ്റ്റൻസ് & റിസോഴ്സ് സെന്ററി'ന് സാധിക്കുമെന്ന് മാത്യു വർഗീസ് നയിക്കുന്ന ടീം പ്രോമീസിന്റെ വിവിധ സ്ഥാനങ്ങളിലേയ്ക്ക് ജനവിധി തേടുന്ന അനു സ്കറിയ (ജനറൽ സെക്രട്ടറി), ബിനോയ് തോമസ് (ട്രഷറർ), ജോൺസൺ ജോസഫ് (വൈസ് പ്രസിഡന്റ്), രേഷ്മ രഞ്ജൻ (ജോയിന്റ് സെക്രട്ടറി), ടിറ്റോ ജോൺ (ജോയിന്റ് ട്രഷറർ) എന്നിവർ അഭിപ്രായപ്പെട്ടു.



# നടപ്പാക്കാനുള്ള സ്വപ്ന പദ്ധതികളുടെ കരുത്തുമായി ടീം വോയ്സ് ഓഫ് ഫോമായുടെ പത്ത് ഇന പ്രകടനപത്രിക

ന്യൂയോർക്ക്: യു.എസിലെയും കാനഡയിലെയും മലയാളി സംഘടനകളുടെ ഏറ്റവും വലിയ കൂട്ടായ്മയായ ഫോമയുടെ 2026-28 വർഷത്തെ എക്സിക്യൂട്ടീവ് കമ്മിറ്റി തിരഞ്ഞെടുപ്പിൽ മൽസരിക്കുന്ന 'ടീം വോയ്സ് ഓഫ് ഫോമാ' പുതിയ കാഴ്ചപ്പാടുകളും വിപ്ലവകരമായ വാഗ്ദാനങ്ങളുമായി തങ്ങളുടെ പ്രകടനപത്രിക പുറത്തിറക്കി. 'ഒരു സമൂഹം ഒരു ലക്ഷ്യം, ഒരു ടീം ഒരു ദൗത്യം, ഒരുമിച്ചു നിൽക്കാം, കരുത്തോടെ മുന്നേറാം' എന്ന ശക്തമായ മുദ്രാവാക്യവുമായാണ് ടീം വോയ്സ് ഓഫ് ഫോമാ ജനവിധി തേടുന്നത്. ടീം വോയ്സ് ഓഫ് ഫോമാ മുന്നോട്ടുവെക്കുന്ന പ്രധാന വാഗ്ദാനങ്ങൾ താഴെ പറയുന്നവയാണ്:

1. **ശക്തമായ അസോസിയേഷനുകൾ, ശക്തമായ ഫോമാ:** എല്ലാ അംഗസംഘടനകളെയും ചേർത്തു നിർത്തി അവർക്ക് വിവിധ മേഖലകളിൽ കൂടുതൽ പങ്കാളിത്തവുംനേതൃത്വപിന്തുണയുംറിസോഴ്സുകളുംനൽകി ഫോമയെ അടിത്തട്ടിൽ നിന്ന് ശക്തിപ്പെടുത്തുക.

2. **ആരോഗ്യ ഹെൽപ്പ് ലൈൻ:** മലയാളി ഡോക്ടർമാരുടെയും ആരോഗ്യ വിദഗ്ദ്ധരുടെയും വലിയൊരു ശൃംഖല രൂപീകരിച്ച് കമ്മ്യൂണിറ്റിയുടെ ക്ഷേമത്തിനായി സൗജന്യ വൈദ്യസഹായവും ഉപദേശ നിർദേശങ്ങളും മാനസികാരോഗ്യ പിന്തുണയും ലഭ്യമാക്കുക. 3. **കരിയർ & ലീഗൽ സപ്പോർട്ട് നെറ്റ് വർക്ക്:** ജോലി അന്വേഷിക്കുന്നവർക്കായി റഫറലുകൾ, മെന്റർഷിപ്പ്, റസ്യൂം ഹെൽപ്പ് എന്നിവയ്ക്കൊപ്പം ഇമിഗ്രേഷൻ, ബിസിനസ്സ്, കുടുംബപരമായ ആവശ്യങ്ങൾ എന്നിവയ്ക്കുള്ള നിയമസഹായവും ഉറപ്പാക്കുക.

4. **വെൽക്കം & റീലൊക്കേഷൻ സപ്പോർട്ട്:** യു.എസിലേക്കോ കാനഡയിലേക്കോ പുതുതായി കുടിയേറുന്ന കുടുംബങ്ങൾക്ക് താമസം കണ്ടെത്താനും പ്രാദേശിക പിന്തുണ നൽകാനും സഹായിക്കുക.

5. **സ്റ്റുഡന്റ് സക്സസ് & യൂത്ത് ലീഡർഷിപ്പ്:** വിദ്യാർത്ഥികൾക്ക് കോളേജ് മെന്റർഷിപ്പ്, സ്കോളർഷിപ്പുകൾ, ഇന്റേൺഷിപ്പുകൾ എന്നിവ ഉറപ്പാക്കുകയും യുവജന നേതൃത്വ നിരയെ വളർത്തിയെടുക്കുകയും ചെയ്യുക.

6. **മുതിർന്ന പൗരന്മാർ, സംസ്കാരം, മലയാള ഭാഷ:** മുതിർന്നവരുടെ ക്ഷേമത്തിനായി പ്രത്യേക പദ്ധതികൾ, മലയാള ഭാഷാ പഠന ക്ലാസുകൾ, സാംസ്കാരിക പൈതൃക സംരക്ഷണം എന്നിവ ഉറപ്പാക്കുക.

7. **കലാ കായിക മികവിന്:** പ്രാദേശിക തലത്തിലുള്ള കലാകായിക മത്സരങ്ങളെ ദേശീയ തലത്തിലുള്ള ഫോമാ ചാമ്പ്യൻഷിപ്പുകളിലേക്ക് ഉയർത്തുക.

8. **ഫോമാ ഹെൽപ്പിംഗ് ഹാൻഡ്:** യു.എസ്, കാനഡ, കൂടാതെ ഇന്ത്യ എന്നിവിടങ്ങളിൽ സാമ്പത്തിക ബുദ്ധിമുട്ടുകളോ മറ്റ് പ്രതിസന്ധികളോ നേരിടുന്ന കുടുംബങ്ങൾക്കായി ചാരിറ്റി, ഫണ്ട് ശേഖരണം, അടിയന്തര സഹായങ്ങൾ എന്നിവ കൂടുതൽ ശക്തിപ്പെടുത്തുക.

9. **വുമൺ റൈസിംഗ് ഇനിഷ്യേറ്റീവ്:** നേതൃത്വ അവസരങ്ങൾ, സംരംഭകത്വ പ്രോഗ്രാമുകൾ, എല്ലാ റീജിയനുകളിലെയും അസോസിയേഷനുകളിലുള്ള സജീവ പങ്കാളിത്തം എന്നിവയിലൂടെ സ്ത്രീകളെ ശാക്തീകരിക്കുക.

10. **ബിസിനസ്സ് & പ്രൊഫഷണൽ നെറ്റ്‌വർക്ക്:** ബിസിനസ്സ് പ്രൊഫഷണലുകളെയും ഐ.ടി വിദഗ്ദ്ധരെയും സംരംഭകരെയും ഒരുമിച്ച് നിർത്തി കമ്മ്യൂണിറ്റിയുടെ വളർച്ചയ്ക്കായി വലിയൊരു മലയാളി ബിസിനസ്സ് ശൃംഖല കെട്ടിപ്പടുക്കുക.

പ്രസിഡന്റ് സ്ഥാനാർത്ഥി ബിജു തോണിക്കടവിൽ നേതൃത്വം നൽകുന്ന ടീം ഫോമായുടെ വിവിധ സ്ഥാനങ്ങളിലേയ്ക്ക്, പോൾ പി ജോസ് (ജനറൽ സെക്രട്ടറി), പ്രദീപ് നായർ (ട്രഷറർ), സാമുവൽ മത്തായി (വൈസ് പ്രസിഡന്റ്), ഡോ. മഞ്ജു പിള്ള (ജോയിന്റ് സെക്രട്ടറി) ജോൺസൺ കണ്ണൂക്കാടൻ (ജോയിന്റ് ട്രഷറർ) എന്നിവരാണ് മൽസരിക്കുന്നത്.

◗ *ശ്രീകുമാർ*

# ഫോമാ കൺവെൻഷൻ 2026: ഹോട്ടൽ റൂമുകൾ മുഴുവൻ ബുക്ക്ഡ്; ഡേ പാസുകളും വീക്കൻഡ് പാസുകളും ലഭ്യം

ഹൂസ്റ്റൺ: ജൂലൈ 30 മുതൽ ഓഗസ്റ്റ് 2 വരെ ഹൂസ്റ്റണിൽ നടക്കുന്ന ഫോമാ കൺവെൻഷൻ 2026നുള്ള ഹോട്ടൽ റൂമുകൾ പൂർണമായും ബുക്ക്ഡായതായി ഫോമാ എക്സിക്യൂട്ടീവ് കമ്മിറ്റി അറിയിച്ചു. ഇതിനെ തുടർന്ന് ഹോട്ടൽ താമസം ആവശ്യമില്ലാതെ കൺവെൻഷൻ പരിപാടികളിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന അംഗങ്ങൾക്കും താൽപര്യമുള്ള ഏതൊരാൾക്കും പരിമിതമായ എണ്ണം കൺവെൻഷൻ പാസുകൾ ലഭ്യമാക്കിയിട്ടുണ്ട്.

**പാസ് നിരക്കുകൾ:** വ്യാഴാഴ്ച ഡേ പാസ് – $100, വെള്ളിയാഴ്ച ഡേ പാസ് – $100, ശനിയാഴ്ച ഡേ പാസ് – $150, സ്റ്റാൻഡേർഡ് വീക്കൻഡ് പാസ് (മൂന്ന് ദിവസം) – $300, വി.ഐ.പി. വീക്കൻഡ് പാസ് (മൂന്ന് ദിവസം) – $500

ഓരോ പാസിലും അനുബന്ധ ദിവസങ്ങളിലെ എല്ലാ കൺവെൻഷൻ പരിപാടികളിലേക്കുള്ള പ്രവേശനവും ഭക്ഷണവും ഉൾപ്പെടുന്നതാണ്.

പാസുകൾ പരിമിതമായ എണ്ണത്തിൽ മാത്രമാണ് ലഭ്യമാകുക. ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്ക് ആദ്യം എന്ന അടിസ്ഥാനത്തിലായിരിക്കും വിതരണം.

പാസുകൾ വാങ്ങുന്നതിനോ കൂടുതൽ വിവരങ്ങൾക്കോ ഫോമാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളെയോ അതത് റീജിയണൽ വൈസ് പ്രസിഡന്റുമാരെയോ ബന്ധപ്പെടാവുന്നതാണ്.

ജൂലൈ 30 മുതൽ ഓഗസ്റ്റ് 2 വരെ ഹൂസ്റ്റണിൽ നടക്കുന്ന ഫോമാ കൺവെൻഷൻ 2026ലേക്ക് എല്ലാ അംഗങ്ങളെയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നതായി ഫോമാ എക്സിക്യൂട്ടീവ് കമ്മിറ്റി അറിയിച്ചു.

ഹൂസ്റ്റണിലെ ഒരുക്കങ്ങൾ പൂർത്തിയായി കൊണ്ടിരിക്കുന്നുവെന്നും സംഘാടക സമിതിയുടെ അടുത്ത അവലോകന യോഗം ജൂലൈ 15 നു ബുധനാഴ്ച വൈകുന്നേരം 7 മണിക്ക് അപ്നാ ബസാർ ഓഡിറ്റോറിയത്തിൽ വച്ച് നടക്കുമെന്നും ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേലും കൺവെൻഷൻ ജനറൽ കൺവീനർ ജിജു കുളങ്ങരയും അറിയിച്ചു.

◗ *ജീമോൻ റാന്നി*

# ഫൊക്കാന കൺവൻഷൻ വേദിക്ക് 'അനിരുദ്ധൻ നഗർ' എന്ന് പേര് നൽകും; ഇത് സ്ഥാപക നേതാവിനുള്ള ആദരം

ന്യൂയോർക്ക്: മലയാളികളുടെ ഏറ്റവും പുരാതനവും ഏറ്റവും വലിയ സാംസ്കാരിക കൂട്ടായ്മയായ ഫൊക്കാനയുടെ 2026ൽ കൽഹാരിയിൽ വച്ച് നടക്കുന്ന അന്തർദേശീയ കൺവൻഷൻ വേദിക്ക് സംഘടനയുടെ സ്ഥാപക നേതാവും മുൻ പ്രസിഡന്റുമായിരുന്ന പരേതനായ ഡോ. എം. അനിരുദ്ധന്റെ പേര് നൽകാൻ തീരുമാനിച്ചു. കൺവൻഷൻ വേദി ഇനി 'അനിരുദ്ധൻ നഗർ' എന്ന പേരിലായിരിക്കും അറിയപ്പെടുക.

കഴിഞ്ഞ വർഷം അന്തരിച്ച ഡോ. അനിരുദ്ധന്റെ സംഘടനാപരമായ സേവനങ്ങളെയും ഫൊക്കാനയുടെ വളർച്ചയ്ക്കായി നൽകിയ സമാനതകളില്ലാത്ത സംഭാവനകളെയും അനുസ്മരിച്ചാണ് ഈ തീരുമാനം.

1983ൽ ഫൊക്കാനയ്ക്ക് രൂപം നൽകുന്നതിൽ നിർണായക പങ്കുവഹിച്ച ആദ്യകാല പ്രവർത്തകരിൽ പ്രമുഖനായിരുന്നു ഡോ. എം. അനിരുദ്ധൻ. മുൻ ഇന്ത്യൻ പ്രസിഡന്റ് കെ.ആർ. നാരായണൻ, ടി.പി. ശ്രീനിവാസൻ, ഡോ. എം. അനിരുദ്ധൻ എന്നിവരുടെ കൂട്ടായ പ്രവർത്തനമാണ് ഫൊക്കാന എന്ന സംഘടനക്ക് തുടക്കം. രാഷ്ട്രീയ ചേരിതിരിവുകൾക്കതീതമായി എല്ലാ വിഭാഗങ്ങളെയും ഒരുമിപ്പിക്കുന്ന സംഘടനയായി ഫൊക്കാനയെ വളർത്തിയെടുക്കുന്നതിൽ ആദ്യ പ്രസിഡന്റ് എന്ന നിലയിൽ ഡോ. എം. അനിരുദ്ധന്റെ ദീർഘവീക്ഷണവും നേതൃത്വപാടവവും നിർണായകമായിരുന്നു.




ഡോ. അനിരുദ്ധന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഫൊക്കാന കൺവൻഷനുകളും സാമൂഹിക ഇടപെടലുകളും ഇന്നും സംഘടനയ്ക്ക് മാതൃകയാണെന്ന് നേതാക്കൾ ചൂണ്ടിക്കാട്ടുന്നു.

"What is FOKANA?" എന്ന ചോദ്യം ഒരിക്കൽ കേരള പി.എസ്.സി. പരീക്ഷയിൽ ഉൾപ്പെട്ടത്, ഫൊക്കാനയെ മലയാളി സമൂഹത്തിൽ എത്രത്തോളം സുപരിചിതമാണ് എന്നതിന്റെ തെളിവ് കൂടിയാണ്. ഫൊക്കാനയെ മലയാളി സമൂഹത്തിൽ സുപരിചിതമാക്കുന്നതിൽ ഡോ. അനിരുദ്ധനും ആദ്യകാല പ്രവർത്തകരും നടത്തിയ പ്രവർത്തനങ്ങളുടെ വിജയത്തിന് തെളിവാണെന്നും ഫൊക്കാന പ്രവർത്തകർ അനുസ്മരിക്കുന്നു.

സ്ഥാപക തലമുറയുടെ കാഴ്ചപ്പാടിനും സേവനപാരമ്പര്യത്തിനും ആദരസൂചകമായാണ് കൺവൻഷൻ വേദിയെ 'അനിരുദ്ധൻ നഗർ' എന്ന് നാമകരണം ചെയ്തിരിക്കുന്നതെന്ന് ഫൊക്കാന നേതൃത്വം അറിയിച്ചു. ഈ തീരുമാനം പുതിയ തലമുറയ്ക്ക് സംഘടനയുടെ ചരിത്രവും മൂല്യങ്ങളും പകർന്നു നൽകുന്ന സ്ഥിരസ്മാരകമാകുമെന്നും അവർ വ്യക്തമാക്കി.

◗ *ശ്രീകുമാർ ഉണ്ണിത്താൻ*

# ഫൊക്കാനയുടെ 'മിസ്റ്റർ ഫൊക്കാന'യും 'ഫൊക്കാന ശ്രീമാൻ' മത്സരങ്ങളും ശ്രദ്ധ നേടുന്നു

പെൻസിൽവാനിയയിൽ 2026ൽ നടക്കുന്ന ഫൊക്കാന അന്താരാഷ്ട്ര കൺവെൻഷനിൽ വ്യക്തിത്വ വികസനത്തിനും സാംസ്കാരിക ആത്മവിശ്വാസത്തിനും പ്രാധാന്യം നൽകുന്ന രണ്ട് പുതിയ സംരംഭങ്ങളുമായി ഫൊക്കാന മെൻസ് ഫോറം രംഗത്തെത്തുന്നു. 'മിസ്റ്റർ ഫൊക്കാന' (15-27 വയസ്) എന്ന യുവജന വിഭാഗവും 'ഫൊക്കാന ശ്രീമാൻ' എന്ന മുതിർന്ന വിഭാഗവും ചേർന്ന്, സൗന്ദര്യത്തെ പുതിയൊരു കാഴ്ചപ്പാടിലൂടെ അവതരിപ്പിക്കാനുള്ള ശ്രമമാണ് ഇത്തവണ നടക്കുന്നത്.

ഫൊക്കാന പ്രസിഡന്റ് ഡോ. സജിമോൻ ആന്റണി ആരംഭിച്ച പുതിയ ഫൊക്കാന മെൻസ് ഫോറം, പുരുഷന്മാർക്ക് സാമൂഹിക മേഖലയിൽ കൂടുതൽ ഇടവും അവസരങ്ങളും സൃഷ്ടിക്കുന്ന ഒരു പുതിയ വേദിയായി മാറിയിരിക്കുകയാണ്. അതിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ഒരു ശ്രദ്ധേയമായ പരിപാടിയാണ് 'മിസ്റ്റർ ഫൊക്കാന'യും 'ഫൊക്കാന ശ്രീമാൻ' മത്സരങ്ങളും.

ഫൊക്കാന മെൻസ് ഫോറത്തിന്റെ നേതൃത്വ നിരയിൽ: ലിജോ ജോൺ ചെയർമാൻ, കൃഷ്ണരാജ് മോഹനൻ വൈസ് ചെയർ, സൗബിൻ മാത്യു കോർഡിനേറ്റർ, സാജ് കവിന്റെ അരികത്ത് കോചെയർ, ജിൻസ് മാത്യു കോചെയർ, ഫോബി പോൾ കോകോർഡിനേറ്റർ എന്നിവർ പ്രവർത്തിക്കുന്നു.

ഇന്നത്തെ സമൂഹത്തിൽ സൗന്ദര്യം എന്ന ആശയം പലപ്പോഴും സ്ത്രീകളുമായികൂടുതൽബന്ധപ്പെടുത്തികാണപ്പെടാറുണ്ട്. മിസ് വേൾഡ്, മിസ് യൂണിവേഴ്സ് തുടങ്ങിയ വേദികൾ അതിന്റെ ഉദാഹരണങ്ങളാണ്.ഈമത്സരങ്ങളുടെലക്ഷ്യം പുറംഭംഗിയെ വിലയിരുത്തുക എന്നതല്ല. ഒരു വ്യക്തിയുടെ സംസ്കാരബോധം, ആത്മവിശ്വാസം, ആശയവിനിമയശേഷി, വേദിയിലെ സാന്നിധ്യം, ജീവിത മൂല്യങ്ങൾ, വ്യക്തിത്വം എന്നിവയാണ് പ്രധാനമായും വിലയിരുത്തപ്പെടുക.

സ്ത്രീകളുടെ നേട്ടങ്ങളെ ആഘോഷിക്കുന്നത്പോലെ തന്നെ, പുരുഷന്മാരുടെ വ്യക്തിത്വവും സാംസ്കാരിക അവതരണവും പ്രോത്സാഹിപ്പിക്കുന്ന വേദികളും സമൂഹത്തിന് ആവശ്യമാണ് എന്ന ആശയമാണ് ഈ പരിപാടികളുടെ അടിസ്ഥാനം. ഫൊക്കാനയുടെ അന്താരാഷ്ട്ര കൺവെൻഷൻ വർഷങ്ങളായി കല, സാഹിത്യം, ബിസിനസ്, സാമൂഹിക സേവനം, യുവജനപ്രവർത്തനം, കുടുംബസംഗമം തുടങ്ങിയ വൈവിധ്യമാർന്ന പരിപാടികളുടെവേദിയായിട്ടുണ്ട്.ഫൊക്കാനപ്രസിഡന്റ്ഡോ.സജിമോൻആന്റണിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 2026 അന്താരാഷ്ട്ര കൺവെൻഷനിലെ ഈ പുതിയ സംരംഭം, വ്യക്തിത്വം, സംസ്കാരം, പെരുമാറ്റം, ആത്മവിശ്വാസം എന്നിവയെ ആഘോഷിക്കുന്ന ഒരു വേദിയായി മാറുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

Registration link: https://forms.gle/u8ECB2GxyQ2e7yAV8

◗ *സാജ് കവിന്റെ അരികത്ത്*


RE/MAX REALTY SERVICES
INC., BROKERAGE
INDEPENDENTLY OWNED AND OPERATED
SJ
RE/MAX
Your Friendly Neighbourhood Realtor
SANTHOSH JACOB
www.realtorjacob.ca | realtorjacob1415@gmail.com
647-627-5050


Dr. Chandy's
CanSmile
DENTAL
Your Smile Matters
FAMILY DENTISTRY
ORTHODONTICS • DENTAL FILLINGS
• ROUTINE DENTAL EXAM • WISDOM TEETH REMOVAL
DENTAL IMPLANTS • DENTAL EMERGENCIES
Dr. Bobby Chandy
905.949.5656
3033 Palstan Rd, Unit 206
Mississauga, ON L4Y 4E7
OVER 20 YEARS OF DENTISTRY PRACTISE IN ASIA, EUROPE AND THE MIDDLE EAST
For your dental needs...

നിരീക്ഷണം വാചകം

# കിനാവിൽ കുരുങ്ങരുത് 'ഒരു രോഗിക്ക് ഒരു കിടക്ക'





ബാബു കദളിക്കാട്

കേരളത്തിലെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന രോഗികൾക്ക് 'കട്ടിലും കിടക്കയും' ഇനി അവകാശമാകും. സംസ്ഥാന ആരോഗ്യവകുപ്പ് ഇതു സംബന്ധിച്ച പ്രഖ്യാപനം നടത്തിയപ്പോഴാണ്, രോഗിക്കു കിടക്കാനുള്ള അവകാശം മെഡിക്കൽ കോളേജ് ആശുപത്രികളിൽ വെറും മിഥ്യയായിരുന്നെന്ന വസ്തുത സമൂഹം തിരിച്ചറിഞ്ഞതെന്നതു വേറെ കാര്യം. കിടത്തി ചികിത്സ ആവശ്യമായ രോഗിക്ക് കട്ടിലും കിടക്കയും ലഭ്യമാകേണ്ടത്, ഭരണഘടന പ്രഖ്യാപിച്ച ജീവിക്കാനുള്ള പൗരന്മാരുടെ അവകാശത്തിന്റെ വിശാലാർഥത്തിൽ ഉൾപ്പെടുന്നു. കെടുകാര്യസ്ഥത മുഖമുദ്രയായിരുന്നൊരു കാലഘട്ടത്തിനു ശേഷം സംസ്ഥാന ആരോഗ്യ മേഖലയ്ക്കു ദിശാ ബോധമേകാൻ കെൽപ്പുള്ളൊരു മന്ത്രി കെ. മുരളീധരനിലൂടെ വന്നെത്തിയെന്ന വിശ്വാസത്തിനു ബലം പകരുന്ന നടപടികളിലൊന്നാണീ പ്രഖ്യാപനം.

പൊതുജനാരോഗ്യ മേഖലയിൽ ദേശീയതലത്തിൽ മാതൃകകൾ സൃഷ്ടിച്ച സംസ്ഥാനമാണ് കേരളം. നിർധന രോഗികൾക്ക് ചെലവ് കുറഞ്ഞ ചികിത്സ ലഭ്യമാക്കുന്നതിലും ശിശുമരണ നിരക്ക് കുറയ്ക്കുന്നതിലും ആയുർദൈർഘ്യം വർധിപ്പിക്കുന്നതിലും ഇതര സംസ്ഥാനങ്ങളേക്കാൾ നേട്ടം കൈവരിക്കാനായി. ഈ അഭിമാനകരമായ ചിത്രത്തിനു പിന്നിൽ മറ്റൊരു ചിത്രമുണ്ട്. മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടിയെത്തുന്ന രോഗികൾ കട്ടിലും കിടക്കയും ലഭിക്കാതെ വെറും നിലത്ത് വിരിച്ച പായയിൽ കിടക്കേണ്ടി വരുന്ന സുഖകരമല്ലാത്ത രംഗം പലപ്പോഴും മാധ്യമങ്ങളിലും സാമൂഹികതലത്തിലും ചർച്ചയായി മാറുന്നു. ദാരിദ്ര്യവും നിസ്സഹായാവസ്ഥയും മൂലം രോഗി ആശുപത്രി ഇടനാഴികളിൽ അപമാനിക്കപ്പെടുന്ന ഈ അവസ്ഥയ്ക്ക് അറുതി വരുത്താൻ തീരുമാനിച്ചിരിക്കുകയാണ് സംസ്ഥാന സർക്കാർ.

ആരോഗ്യം കേവലം രോഗമില്ലാത്ത അവസ്ഥ മാത്രമല്ല, വ്യക്തികളുടെ ശാരീരികവും മാനസികവുമായ ക്ഷേമം കൂടിയാണെന്ന് ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചതാണ്. കിടക്കയില്ലാതെ നിലത്ത് കിടക്കുന്ന രോഗിക്ക് മരുന്ന് നൽകിയാലും അത് പൂർണാർഥത്തിൽ ചികിത്സയാകുന്നില്ല. ശാരീരിക വേദനക്കും പ്രയാസങ്ങൾക്കും ശമനം നൽകുന്നതോടൊപ്പം മാനസിക പ്രയാസത്തിനും പരിഹാരം നൽകപ്പെടുമ്പോൾ മാത്രമേ ശരിയായ ചികിത്സയാകുന്നുള്ളൂ.

'ഒരു രോഗിക്ക് ഒരു കിടക്ക' എന്ന ആശയം നയപരമായ ലക്ഷ്യത്തിൽ നിന്ന് നിയമപരമായ അവകാശത്തിലേക്കുയർത്തിയിരിക്കുകയാണ് സർക്കാർ ഇപ്പോൾ.

നൂറ് ദിവസങ്ങൾക്കകം ഇതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കണമെന്ന് മെഡിക്കൽ കോളേജുകൾക്ക് നിർദേശം നൽകിയിട്ടുമുണ്ട്. ഗുരുതരമായി പരുക്കേറ്റ് ചികിത്സ തേടിയെത്തുന്നവർക്ക് അഞ്ച് മിനിട്ടുകൾക്കകം ചികിത്സ തുടങ്ങുക, രക്തസ്രവ സാമ്പിളുകളുടെ പരിശോധനകൾക്ക് രോഗികൾ ലാബ് അന്വേഷിച്ചു പോകുന്ന പ്രയാസം ഒഴിവാക്കാനായി സാമ്പിളുകൾ വാർഡുകളിൽ നിന്ന് തന്നെ ശേഖരിക്കുക, സ്ഥിര രോഗികൾക്ക് ഡോക്ടറെ കാണാതെ തന്നെ ഫാർമസികളിൽ നിന്ന് ഡോക്ടറുടെ അവസാന കുറിപ്പടി ഉപയോഗിച്ച് ആറ് മാസം വരെ മരുന്ന് വാങ്ങാനുള്ള അനുവാദം, മുതിർന്ന പൗരന്മാർക്ക് പ്രത്യേക ക്യൂ തുടങ്ങിയ നടപടികളും ഇതോടൊപ്പം പ്രഖ്യാപിച്ചിട്ടുണ്ട്.

തറയിൽ കിടത്തിയുള്ള ചികിത്സ ഒഴിവാക്കണമെങ്കിൽ പലയിടങ്ങളിലും കെട്ടിട സൗകര്യവും വർധിപ്പിക്കേണ്ടി വരും. ഇത് സർക്കാർ ഫണ്ടിന്റെ ലഭ്യതയുമായി ബന്ധപ്പെട്ട പ്രശ്നമാണ്. ആരോഗ്യ മേഖലയ്ക്ക് കൂടുതൽ വിഹിതം നീക്കിവെക്കുകയും യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. ഇതോടൊപ്പം നിർദേശങ്ങൾ കൃത്യമായി നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാനും വീഴ്ച വരുത്തുന്ന ആശുപത്രി അധികൃതർക്കെതിരെ നടപടി സ്വീകരിക്കാനും മോണിറ്ററിംഗ് സംവിധാനം കൂടി ആവശ്യമാണ്. മെഡിക്കൽ കോളേജുകളിലെ തിരക്ക് കുറയ്ക്കുന്നതിന് ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സൗകര്യങ്ങളും വിദഗ്ധ സേവനങ്ങളും വർധിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന കാര്യവും പ്രധാനം.

റഫറൽ സംവിധാനം കാര്യക്ഷമമാക്കുകയും വേണം. അത്ര ഗുരുതരമല്ലാത്ത കേസുകൾ പോലും മെഡിക്കൽ കോളേജിലെത്തുന്ന സ്ഥിതി വിശേഷം ഒഴിവാക്കാൻ ഇത് സഹായകമാകും. ആരോഗ്യ സംരക്ഷണ രംഗത്ത് പ്രത്യേകിച്ച് അത്യാഹിത വിഭാഗങ്ങളിൽ ഓരോ സെക്കൻഡും നിർണായകമാണ്.

ഗുരുതരമായ അപകടങ്ങളിൽ പെടുന്നവർക്കും ഹൃദയാഘാതം, പക്ഷാഘാതം, ശ്വാസംമുട്ടൽ തുടങ്ങിയ അസുഖങ്ങൾ മൂലം ആരോഗ്യനില പെട്ടെന്ന് വഷളാകുന്നവർക്കും വളരെ പ്രധാനമാണ് ആദ്യത്തെ ഏതാനും മിനിട്ടുകൾ. ഈ സമയത്തിനകം കൃത്യവും വേഗമേറിയതുമായ ചികിത്സ ലഭ്യമാക്കുന്നത് ജീവൻ രക്ഷിക്കുന്നതിൽ പ്രധാന ഘടകമാണ്.

അത്യാഹിത വിഭാഗങ്ങളിൽ ചികിത്സ വൈകുന്നത് മൂലം ജീവൻ പൊലിയുന്ന സംഭവങ്ങൾ ആശുപത്രികളിൽ സാധാരണം. ഇതേതുടർന്ന് രോഗിയുടെ ബന്ധുക്കളും ആശുപത്രി അധികൃതരും തമ്മിൽ വാക്കേറ്റവും സംഘർഷവും പതിവ്. അടിയന്തര ചികിത്സയ്ക്ക് കൃത്യമായ സമയപരിധി നിശ്ചയിച്ച സർക്കാർ നടപടി ഇത്തരം ദുരവസ്ഥ ഒഴിവാക്കാനും ആരോഗ്യ പ്രവർത്തകരെക്കുറിച്ച് വിശ്വാസ്യത വർധിക്കാനും സഹായിക്കും. നിർദേശങ്ങൾ പക്ഷേ ഉത്തരവിൽ ഒതുങ്ങിപ്പോകാതിരിക്കണമെങ്കിൽ ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും പൂർണ സഹകരണം അനിവാര്യം.

രക്ത സാമ്പിൾ ശേഖരണത്തിനും അത്യാഹിത വിഭാഗങ്ങളിലെ അടിയന്തര സേവനത്തിനും നിലവിലുള്ള ആരോഗ്യ പ്രവർത്തകരുടെ എണ്ണം വർധിപ്പിക്കേണ്ടതായും വരും. നിലവിലുള്ള ജീവനക്കാരെ മാത്രം ആശ്രയിച്ച് പരിഷ്കരണങ്ങൾ നടപ്പാക്കാൻ ശ്രമിച്ചാൽ അതവരുടെ ജോലിഭാരവും മാനസിക സമ്മർദവും പരിധി വിടും. സർക്കാർ ആശുപത്രികളിൽ പ്രത്യേകിച്ച് മെഡിക്കൽ കോളേജുകളിൽ നിലവിൽ തന്നെ ഡോക്ടർമാർ, നഴ്സുമാർ തുടങ്ങി ആരോഗ്യ പ്രവർത്തകരുടെ എണ്ണം കുറവാണ്. പുതിയ ഉത്തരവിനോടൊപ്പം ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്ന കാര്യവും സർക്കാർ അടിയന്തരമായി പരിഗണിക്കുന്നത് നല്ല കാര്യം.

## 'പ്രോട്ടോക്കോൾ' പ്രധാനം

'ഒരു രോഗിക്ക് ഒരു കിടക്ക' അവകാശമാക്കുന്നതിനൊപ്പം തന്നെ പ്രധാനമാണ് ചികിൽസയുമായി ബന്ധപ്പെട്ട 'പ്രോട്ടോക്കോൾ' കൃത്യമായി നടപ്പാക്കുകയെന്നത്. ഓപ്പറേഷൻ തിയേറ്ററുകളിലുൾപ്പെടെ സംഭവിക്കുന്ന വലിയ പല ദുരന്തങ്ങളും ഒഴിവാകാൻ ഇതാവശ്യമാണെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രസവ സമയത്ത് കുട്ടിയെ പുറത്തെടുക്കുമ്പോഴുണ്ടായ അനാസ്ഥ മൂലം നവജാത ശിശുവിന്റെ വലതു കൈയിലെ എല്ല് പൊട്ടിയതും പരിഹാരമെന്നോണമിട്ട പ്ലാസ്റ്റർ ഊരിപ്പോയതും കഴിഞ്ഞ മാസം വാർത്തയായി. ദിവസങ്ങൾക്ക് ശേഷമാണ്, പാരിപ്പള്ളി സ്വദേശി രാജേന്ദ്ര പ്രസാദിന് ബൈക്ക് അപകടത്തെ തുടർന്ന് കാലിൽ ശസ്ത്രക്രിയ നടത്തി കമ്പിയിട്ടതും ഐ സി യുവിൽ നിന്ന് വാർഡിലേക്ക് മാറ്റിയ രോഗിയുടെ മുറിവ് അഞ്ച് ദിവസത്തോളം ഡ്രസ്സ് ചെയ്യാതിരുന്നതിനെ തുടർന്ന് പുഴുവരിച്ചതും.

ഭരണകക്ഷി ഏതായാലും തുടരുന്ന ആരോഗ്യരംഗത്തെ വൻവീഴ്ചകൾക്കു കുറവില്ല. 2021ൽ വണ്ടാനം മെഡിക്കൽ കോളജിൽ നടന്ന ഗർഭപാത്ര ശസ്ത്രക്രിയക്കിടെ, വയറ്റിൽ മറന്നുവെച്ച ശസ്ത്രക്രിയാ ഉപകരണം അഞ്ച് വർഷത്തിന് ശേഷം കണ്ടെത്തിയ സംഭവം കേരളം മറന്നിട്ടില്ല. ശസ്ത്രക്രിയക്ക് പിന്നാലെ കഠിനമായ വേദന അനുഭവപ്പെട്ട ഉഷ ജോസഫ് പലതവണ ആശുപത്രിയിലെത്തിയിട്ടും അധികൃതർ അവഗണിക്കുകയായിരുന്നു. വേദന തുടർന്നതോടെ വീണ്ടും പരിശോധന നടത്തിയപ്പോഴാണ് വയറ്റിൽ 'കൊടിൽ' കുടുങ്ങിക്കിടക്കുന്നത് എക്സ്റേയിലൂടെ വ്യക്തമായത്.

2017 ൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ നടന്ന പ്രസവ ശസ്ത്രക്രിയക്കിടെ ഹർഷിനയെന്ന യുവതിയുടെ വയറ്റിൽ കത്രിക മറന്നുവെച്ച സംഭവവും അതീവ ഗൗരവതരമായിരുന്നു. അഞ്ച് വർഷത്തോളം കടുത്ത വേദന അനുഭവിച്ച ഹർഷിനയുടെ പോരാട്ടം വലിയ വാർത്തയായി. ഇത് ചൂണ്ടിക്കാട്ടി അന്ന് പ്രതിപക്ഷ നേതാവായിരുന്ന വി.ഡി. സതീശൻ പറഞ്ഞത് 'കേരളത്തിലെ ആരോഗ്യരംഗം വെന്റിലേറ്ററിലാണ്' എന്നാണ്.

ശസ്ത്രക്രിയ നടത്തുമ്പോഴുള്ള കർശനമായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിലുള്ള അലംഭാവമാണ് പലപ്പോഴും അപകടങ്ങളിലേക്ക് നയിക്കുന്നത്. ലോകാരോഗ്യ സംഘടന വികസിപ്പിച്ചെടുത്ത സർജിക്കൽ സേഫ്റ്റി ചെക്ക് ലിസ്റ്റ് ഇന്ന് എല്ലാ ഓപ്പറേഷൻ തിയേറ്ററുകളിലും നിർബന്ധമാണ്. ശസ്ത്രക്രിയക്ക് മുമ്പ് രോഗിയെയും ശസ്ത്രക്രിയ ഏതാണെന്നും ഉറപ്പുവരുത്തുന്ന 'സൈൻ ഇൻ', മുറിവ് ഉണ്ടാക്കുന്നതിന് തൊട്ടുമുമ്പ് ടീം അംഗങ്ങൾ പരസ്പരം പരിചയപ്പെടുകയും ഉപകരണങ്ങൾ കൃത്യമാണോ എന്ന് പരിശോധിക്കുകയും ചെയ്യുന്ന 'ടൈം ഔട്ട്', ഉപയോഗിച്ച കത്രികകൾ, സൂചികൾ, കോട്ടൺ തുണികൾ എന്നിവയുടെ എണ്ണം കൃത്യമാണോ എന്ന് മുറിവ് തുന്നിക്കെട്ടുന്നതിന് മുമ്പ് ഉറപ്പുവരുത്തുന്ന 'സൈൻ ഔട്ട്' തുടങ്ങിയ മൂന്ന് ഘട്ടങ്ങളാണ് ഇതിന്റെ പരിധിയിൽ വരുന്നത്.

എന്നാൽ, സർജിക്കൽ സേഫ്റ്റി ചെക്ക് ലിസ്റ്റിനെ പല സ്വകാര്യ ആശുപത്രികളും ചടങ്ങ് മാത്രമായാണ് കാണുന്നത്. തിരക്കിനിടയിൽ ഇത് കൃത്യമായി പൂരിപ്പിക്കുന്നതിൽ ശ്രദ്ധ ചെലുത്താറില്ല. സർക്കാർ ആശുപത്രികളിലാകട്ടെ ഇതുണ്ടെന്നു പോലും പറയാനാകില്ല. രണ്ട് വർഷം മുമ്പ്, കോഴിക്കോട് മെഡിക്കൽ കോളേജിൽ കൈയിലെ ആറാമത്തെ വിരൽ നീക്കംചെയ്യാനെത്തിയ നാല് വയസ്സുകാരിയുടെ നാവിൽ ശസ്ത്രക്രിയ നടത്തി. സൈൻ ഇൻ ഘട്ടത്തിൽ വരുത്തിയ വീഴ്ചയുടെ ഫലമാണത്. ഇടതു കാൽമുട്ടിന്റെ ശസ്ത്രക്രിയക്കായെത്തിയ കൊല്ലം സ്വദേശിനി സജ്നയുടെ വലതുകാൽ ശസ്ത്രക്രിയ നടത്തിയതും 'സൈൻ ഇൻ' വീഴ്ചയിൽപ്പെടും. വയറ്റിൽ ഓപ്പറേഷൻ ടൂളുകൾ മറന്നുവെച്ച കേസുകളിൽ ഡോക്ടർമാരുടെയും നഴ്സുമാരുടെയും ആശയവിനിമയത്തിന്റെ അഭാവവും ശസ്ത്രക്രിയക്ക് ഉപയോഗിച്ച ഉപകരണങ്ങൾ, സൂചികൾ, തുണികൾ എന്നിവയുടെ എണ്ണം കൃത്യമാണെന്ന് ഉറപ്പുവരുത്തുന്നതിൽ സംഭവിച്ച വീഴ്ചയുമാണ് പ്രശ്നം.

മെഡിക്കൽ കോളേജുകളിലെ അമിത ജോലിഭാരവും സമ്മർദവും ഗുരുതര പ്രശ്നമാണ്. സർക്കാർ മെഡിക്കൽ കോളേജിലെ ഗൈനക്കോളജി വിഭാഗത്തിൽ ഒരു ദിവസം ഒപിയിലെത്തുന്ന രോഗികളുടെ എണ്ണം ശരാശരി 300–500 വരും. ഡോക്ടർക്ക് ഒരു രോഗിയെ പരിശോധിക്കാൻ ലഭിക്കുന്നതാകട്ടെ രണ്ട് മുതൽ മൂന്ന് മിനിട്ട് മാത്രം. ലോകാരോഗ്യ സംഘടനയുടെ കണക്ക് പ്രകാരം ആഗോള ശരാശരി 15 മിനിട്ട് ആണ്. പക്ഷേ, രോഗി, ഡോക്ടർ അനുപാതത്തിലെ വലിയ അന്തരം അതിന് തടസ്സമാകുന്നു. ലോകാരോഗ്യ സംഘടന വിഭാവന ചെയ്യുന്ന രോഗി, നഴ്സ്, ഡോക്ടർ അനുപാതം ആരോഗ്യ സംവിധാനത്തിന്റെ ഗുണനിലവാരം അളക്കുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട മാനദണ്ഡമാണ്. 1,000 ആളുകൾക്ക് ഒരു ഡോക്ടർ എന്ന അനുപാതം മറികടന്ന് 1000: 1. 5 എന്ന നിലയിലേക്ക് കേരളത്തിലെ ആരോഗ്യരംഗം കുതിച്ചിട്ടുണ്ടെങ്കിലും മെഡിക്കൽ കോളജുകളിൽ എത്തുന്ന രോഗികളുടെ എണ്ണം ക്രമാതീതമാണ്.

ഒരു ഗൈനക്കോളജി സർജൻ ഒരു ദിവസം പത്ത് മുതൽ 15 മേജർ ശസ്ത്രക്രിയകൾ വരെ ചെയ്യേണ്ടി വരുന്നു കേരളത്തിൽ. ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ നിർദേശപ്രകാരം നഴ്സും രോഗിയും തമ്മിലുള്ള അനുപാതം, തീവ്രപരിചരണ വിഭാഗത്തിൽ 1:1 ഉം ഓപ്പറേഷൻ തിയേറ്ററിൽ 2:1 ഉം ആണ്. ജനറൽ വാർഡുകളിൽ ആറ് രോഗിക്ക് ഒരു നഴ്സ് എന്നിങ്ങനെയും.

പക്ഷേ, പലപ്പോഴും 15 രോഗിക്ക് ഒന്ന് അല്ലെങ്കിൽ, 20 രോഗിക്ക് ഒന്ന് എന്ന അനുപാതത്തിലാണ് സർക്കാർ മേഖലയിലെ ജനറൽ വാർഡുകളിൽ നഴ്സുമാർ ജോലി ചെയ്യുന്നത്. രോഗിക്ക് നൽകുന്ന മരുന്നുകളുടെ അളവിൽ വരുന്ന മാറ്റം ഉൾപ്പെടെ പല പ്രശ്നങ്ങളും ഇതിന്റെ പ്രത്യാഘാതങ്ങളിൽപ്പെട്ടതാണ്.


BEAUMARIS DENTAL CARE
Creating beautiful smiles
BEAUMARIS
DENTAL CARE
OUR SERVICES:
• Dental Emergency
• Invisalign
• Root Canals
• Cleaning
• Whitening
• Crowns
Family & Emergency Dentist in Brampton
Same-day appointments available
C4, 15 Beaumaris Drive, Brampton ON L6T 0J3
New patients welcome!
Call (905) - 798 1885
www.beaumarisdentalcare.com
Dr. Sara Mathew, DDS


Family
OPTICAL
Discover designer frames,
custom lens options,
and long-lasting comfort,
all at prices you'll love
See clearly,
Spend less!
Family OPTICAL
GEORGETOWN:
TEL:905.873.3050
280 GUELPH STREET, UNIT 18,
GEORGETOWN, ON L7G 4B1
HOURS OF OPERATIONS:
MON TO FRI: 10AM TO 7PM
SAT: 10AM TO 6PM | SUN: CLOSED
BOLTON:
TEL:905.857.5556
12612 HIGHWAY 50, UNIT 5,
BOLTON, ON L7E 1T6
HOURS OF OPERATIONS:
MON: 10AM TO 6PM | TUE TO THU: 10AM TO 6:30PM
FRI: 10AM TO 6PM | SAT: 10AM TO 4PM | SUN: CLOSED

വാചകം കാനഡ
2026 ജൂലായ് 16 ◆ വ്യാഴം 17



## അധ്യായം 41

# മറവിയുടെ നിഴലിൽ

ഹഡ്സൺ നദീതീരം ആകെ വിറങ്ങലിച്ചിരിക്കുന്ന പ്രതീതി. ഏറെ സൂഷ്മതയോടെ വീണ്ടും മൃതശരീരത്തിന്റെ വലതുകൈയിലേക്കുതന്നെ ലൂക്കാസ് ശ്രദ്ധ കേന്ദ്രീകരിച്ചു. ഒരുനിമിഷം. അന്തരീക്ഷത്തിൽ വെള്ളിവെളിച്ചം വിതറിയതുപോലെ ജോർജ് ലൂക്കാസിന് അനുഭവപ്പെട്ടു. അയാളറിയാതെ ഉറക്കെ വിളിച്ചുപറഞ്ഞു:

''അല്ല ഇത് റോബിൻസ് അല്ല..!, പണ്ട് ചെപ്പുകുളത്തുവച്ച് ഒഴുക്കിൽ പെട്ട് എങ്ങനെയോ കൈയിലുണ്ടായ മുറിവിന്റെ വലിയ പാട് ഈ കൈയിൽ കാണുന്നില്ല.''

ലൂക്കാസിന്റെ മുഖത്തെ ഭാവം പെട്ടെന്ന് മാറി. ഭയത്തിന് പകരം ഒരു നിഗൂഢമായ ആശ്വാസവും അതിശയിപ്പിക്കുന്ന ഒരു ചിന്തയും ആ കണ്ണുകളിൽ മിന്നിമറഞ്ഞു..! ലൂക്കാസ് പതുക്കെ തിരിഞ്ഞ് ഡിറ്റക്ടീവ് ഹാരിസിനെ നോക്കി.

''ഹാരിസ്... ഇത് റോബിൻസ് അല്ല!'' ലൂക്കാസ് ഉറപ്പിച്ചു പറഞ്ഞു.

''എന്ത്?!'' ലൂക്കാസിന്റെ സഹപ്രവർത്തകനും ഹാരിസും ഒരേസമയം അമ്പരപ്പ് പൂർണമായും വിട്ടുമാറാതെയും തെല്ലതിശയത്തോടേയും ലൂക്കാസിന്റെ അടുത്തേക്ക് ആഞ്ഞു.

''അതെ ടൈപ്പ്, വസ്ത്രങ്ങളും ശരീരപ്രകൃതിയും..., അതെല്ലാം റോബിൻസിന്റേ തനിപകർപ്പു തന്നെയാണ്. പക്ഷേ, ആളിതല്ല. എനിക്കുറപ്പുണ്ട്.''

ഒരുനിമിഷം ലൂക്കാസിന് ഉള്ളിൽ അടഞ്ഞുകിടന്നിരുന്ന ഒരു വലിയ ഭാരം താഴെ തള്ളിയിട്ടതുപോലെ തോന്നി. അവർ രണ്ടുപേരും ഡിറ്റക്ടീവ് ഹാരിസിനോട് യാത്രപറഞ്ഞ് പിരിഞ്ഞു.

''അങ്ങനെയെങ്കിൽ... ഈ ബോഡി..? ആരാണ് ഈ മരിച്ചയാൾ? യഥാർത്ഥ റോബിൻസ് ഇപ്പോൾ എവിടെയാണ്?''

ഈവക ചോദ്യങ്ങൾക്ക് ഇനിയും ഉത്തരം കണ്ടെത്താൻ അവർക്ക് കഴിഞ്ഞില്ല.

*******

കാലം മുന്നോട്ട് മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. ആദ്യനാളുകളിൽ റോബിൻസിന്റെ തിരോധാനം ചൂടുള്ളൊരു കൊടുങ്കാറ്റായിരുന്നു. ലോകമാധ്യമങ്ങളുടെ പ്രധാന വാർത്തയായിരുന്നു. ഓരോ പത്രത്തിന്റെ ഒന്നാം പേജിലും അവന്റെ പേര് ഉണ്ടായിരുന്നു. ടെലിവിഷൻ ചർച്ചകളിൽ അവന്റെ ചിത്രം നിറഞ്ഞുനിന്നു.

ഓരോ ദിവസവും പുതിയ ഊഹാപോഹങ്ങളും അന്വേഷണങ്ങളും. എന്നാൽ സമയം മനുഷ്യരുടെ ഓർമ്മകളെ പതുക്കെ പതുക്കെ മയിച്ചുകൊണ്ടിരുന്നു.

അതിനിടയിൽ ലോകം മറ്റുപല സംഭവങ്ങളിലേക്കും കണ്ണുതിരിച്ചു. ഇന്നലെയുടെ തലക്കെട്ടുകൾ ഇന്നത്തെ മറന്നുപോയ വാർത്തകളായി മാറി. റോബിൻസിന്റെ പേരും പതിയെ വാർത്താമുറികളിൽ നിന്ന് അപ്രത്യക്ഷമായി.

ഒരർത്ഥത്തിൽ മനുഷ്യരുടെ ഓർമ്മകൾക്കും ഓരോരൊ കാലാവസ്ഥയുണ്ട്.

അതും മാറിയും മറിഞ്ഞുംകൊണ്ടിരിക്കും...! പൂർണചന്ദ്രൻ പതിയെ പതിയെ ക്ഷയിച്ച് രാത്രിയുടെ ഇരുട്ടിലേക്ക് മറയുന്നതുപോലെ..!

എന്നാൽ എല്ലാവരും മറന്നില്ല.

ന്യൂയോർക്കിൽ ജോർജ് ലൂക്കാസും, നേര്യമംഗലത്ത് ഡോ. ബീനയും റോബിൻസിനെ ഓർക്കാത്ത ദിനങ്ങളില്ല. അവർ മാത്രമായിരുന്നില്ല റോബിൻസിനെ സ്നേഹപൂർവം ഓർമിക്കുന്നവരുടെ കൂട്ടത്തിൽ..!

അങ്ങ് കെനിയയിൽ പ്രഫസർ സൈമൺ ഗിച്ചാരുവും, റോബിൻസ് സഹായിച്ച പരമദരിദ്രനായിരുന്ന കൗമാരക്കാരൻ കിബെറ്റും, ഒരുകാലത്ത് സയാമിസ് ഇരട്ടകളായിരുന്ന അവന്റെ രണ്ടു സഹോദരിമാരും അവരുടെ മാതാവുമുണ്ടായിരുന്നു.

### കഥ ഇതുവരെ

റിപ്പോർട്ടർ റോബിൻസ് ഒരു വിമാന അപകടത്തെക്കുറിച്ച് അറിയാൻ അമേരിക്കയിൽ നിന്നും കെനിയായിൽ എത്തി. അവിടത്തെ ദാരിദ്ര്യം ഭയാനകമായിരുന്നു. രക്ഷപെടാൻ ചിലർ കപ്പലിലും വിമാനത്തിലും ഒളിച്ചുകയറുന്നതായി അറിയുന്നു. ആ അനുഭവം നേരിട്ടറിയാൻ അയാൾ ഒരു ചരക്കുകപ്പലിൽ രഹസ്യമായി കയറി. ആ യാത്രക്കിടെ അയാൾക്ക് നടുക്കടലിലേക്ക് ചാടേണ്ടിവന്നു. ഒടുവിൽ ഒരു ദ്വീപിലെത്തി. അവിടെ അലൂമ എന്ന സ്ത്രീയോട് തന്റെ പൂർവ്വകാല കഥ പറയുന്നു.

അതിനു ശേഷം അലൂമയുടെയും ആ ദ്വീപിന്റേയും കഥ എഴുതാൻ തുനിയുന്നു റോബിൻസ്. ആ സമയം ആരെയോ തിരക്കി ഒരു കപ്പൽ ആ ദ്വീപിനെ ലക്ഷ്യമാക്കി യാത്രതിരിക്കുന്നു. റോബിൻസ് വീണ്ടും അമേരിക്കയിലെത്തി. ദ്വീപിനെക്കുറിച്ചുള്ള ഫീച്ചർ തയ്യാറാക്കിയതിനു ശേഷം കേരളത്തിൽ എത്തി. റോബിൻസ് ബീനയെ കണ്ടുമുട്ടുന്നു. തുടർന്നയാൾ അപ്രത്യക്ഷനാകുന്നു. ഈ അവസരത്തിൽ റോബിൻസിന് പുലിറ്റ്സർ അവാർഡ് ലഭിക്കുന്നു. എന്നാൽ അത് ഏറ്റുവാങ്ങാൻ റോബിൻസ് ഉണ്ടായിരുന്നില്ല. തികച്ചും ദുരൂഹമായ സാഹചര്യത്തിൽ അയാൾ അപ്രത്യക്ഷനായിരിക്കുന്നു.

തുടർന്നു വായിക്കുക

റോബിൻസ് കേരളത്തിലേക്കു തിരിക്കും മുമ്പ് കിച്ചാരുവുമായി ഫോണിൽ ബന്ധപ്പെട്ടിരുന്നു. താനിപ്പോൾ നാട്ടിലേക്ക് പോവുകയാണെന്നും തിരിച്ചു വന്നിട്ട് നമുക്കൊരുമിച്ച് ഒരു ദ്വീപിൽ ചെയ്യാനായി ചില പദ്ധതികളുണ്ടെന്നും അറിയിച്ചിരുന്നു.




അക്കാര്യങ്ങളെല്ലാം കിബേറ്റിനോട് സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു കിച്ചാരു. തനിക്കേറ്റവും പ്രിയപ്പെട്ട, സഹോദരനെപ്പോലെ കണക്കാക്കുന്ന വ്യക്തിക്ക് ഇപ്പോൾ നേരിട്ട ദുരന്തങ്ങൾ കേട്ട് കിബേറ്റിന്റെ കണ്ണുകൾ നിറഞ്ഞു. ചരക്കുകപ്പലിൽ സംഭവിച്ച ദുരന്തം കിച്ചാരു തന്നെയാണ് കിബേറ്റിനോട് പറഞ്ഞത്. അന്ന് ആ വിവരം അയാൾ അമ്മയോടും സഹോദരിമാരോടും പറഞ്ഞപ്പോൾ അവർക്കുണ്ടായ സങ്കടവും പ്രയാസവും ചെറുതായിരുന്നില്ല. സഹോദരിമാർ പള്ളിയിൽ പോയി മെഴുകുതിരി കത്തിച്ച് മുട്ടിൽ നിന്ന് പ്രാർത്ഥിച്ച കാര്യങ്ങളെല്ലാം കിബേറ്റ് ഓർത്തുപോയി.

പുലിസ്റ്റ്സർ പ്രൈസ് കിട്ടിയവിവരം അറിഞ്ഞ ഉടൻ സൈമൺ കിച്ചാരു ഫോണിൽ റോബിൻസിനെ ബന്ധപ്പെടാൻ ശ്രമിച്ചിരുന്നു. എന്നാൽ ഫോൺ എടുത്തത് ഡോ. ബീന ആയിരുന്നു. സങ്കടകരമായ ആ വാർത്ത ബീന പറഞ്ഞപ്പോൾ അവളെ ആശ്വസിപ്പിക്കാൻ പോലും സൈമൺ കിച്ചാരുവിന് കഴിഞ്ഞില്ല.

പുതിയ വിവരം വല്ലതുമണ്ടോ എന്നറിയാൻ കിച്ചാരു പിന്നീട് പലവട്ടം ബിനയെ വിളിച്ചിരുന്നു. ശുഭകരമായ ഒരു വാർത്തകളൊന്നും ലഭിച്ചില്ല. വേൾഡ് ടൈംസിന്റെ ഓഫീസിലും വിളിക്കാറുണ്ട്. എന്തെങ്കിലും പുതിയ വിവരം കിട്ടിയാൽ അറിയക്കണമെന്നും കിച്ചാരു അഭ്യർത്ഥിച്ചിരുന്നു. എന്തുതന്നെയായാലും പ്രത്യാശ കൈവിടാൻ കിച്ചാരു ഒരുക്കമായിരുന്നില്ല.

നേര്യമംഗലത്ത് അപ്പോഴും ബീനയുടെ രാത്രികളേറെയും നിദ്രാവിഹീനങ്ങളായിരുന്നു. പെരിയാറിന്റെ തീരത്ത് വീശിയെത്തുന്ന തണുത്ത കാറ്റ് അവൾക്ക് തെല്ലൊരാശ്വാസമാണ്. എങ്കിലും പഴയ ചില ഓർമ്മകളും ജനൽപ്പഴുതിലൂടെ അകത്തേക്ക് കടന്നുവരും. അതവൾക്ക് ഒടുവിൽ ആശങ്കകൾ മാത്രമാണ് സമ്മാനിക്കുക.

മാസങ്ങൾ കടന്നുപോയിട്ടും അവൾ റോബിൻസിനുവേണ്ടിയുള്ള കാത്തിരിപ്പ് അവസാനിപ്പിച്ചില്ല. അതിനവൾക്ക് കഴിയുമായിരുന്നില്ലല്ലോ.

മേശപ്പുറത്ത് റോബിൻസിന്റെ പഴയൊരു ചിത്രം ഉണ്ടായിരുന്നു. ചിരിച്ചുകൊണ്ടിരിക്കുന്ന അവന്റെ മുഖം. ആ ചിരിക്ക് പിന്നിൽ ഒളിച്ചിരുന്ന വേദനകളും രഹസ്യങ്ങളും അവൾക്ക് മാത്രം അറിയാമായിരുന്നു.

''നീ തിരിച്ചു വരും...'' അവൾ പല രാത്രികളിലും സ്വയം പറഞ്ഞിരുന്നു.

പക്ഷേ ഓരോ പ്രഭാതവും അവളുടെ പ്രതീക്ഷയെ അല്പം കൂടി ക്ഷീണിപ്പിച്ചു. റോബിൻസ് പോയ ദിവസം ഇന്നും അവളുടെ മനസ്സിൽ ഒരു മുറിവുപോലെ കിടന്നു.

''ബീന... ചില കാര്യങ്ങൾ എനിക്ക് ഒറ്റയ്ക്ക് നേരിടേണ്ടി വരും.''

അന്ന് അവൻ പറഞ്ഞ ആ വാക്കുകൾ ഇടയ്ക്കൊക്കെ അവളുടെ ചെവികളിൽ മുഴങ്ങുന്നുണ്ടായിരുന്നു. ബീനയ്ക്ക് അത് ഒരു കാത്തിരിപ്പ് മാത്രമായിരുന്നില്ല.

അത് അവനോടുള്ള അവളുടെ വിശ്വാസമായിരുന്നു.

ഓരോ വൈകുന്നേരവും അവൾ മുറ്റത്തേക്ക് ഇറങ്ങും. റോഡിന്റെ വളവിലേക്ക് നോക്കും. ഒരിക്കൽ ആ വഴിയിലൂടെ നടന്ന് വന്ന അവന്റെ നിഴൽ വീണ്ടും പ്രത്യക്ഷപ്പെടുമെന്ന പ്രതീക്ഷയിൽ. മഴയുള്ള ഒരു രാത്രി. മഴത്തുള്ളികൾ ഓടിന്റെ മേൽക്കൂരയിൽ വീഴുന്ന ശബ്ദത്തിനിടയിൽ, പുറത്തൊരു കാർ വന്നു നിന്നത് അവൾ അറിഞ്ഞില്ല.

പെട്ടെന്നാണ്...

മഴയുടെ മറവിലൂടെ ഒരു കാറിന്റെ വെളിച്ചം മുറ്റത്ത് തെളിഞ്ഞത്. അവളുടെ ഹൃദയം ഒരു നിമിഷം നിശ്ചലമായി. ആ വെളിച്ചം അവൾക്ക് പരിചിതമായ ഒരു ഓർമ്മപോലെ തോന്നി. കാറിന്റെ ഡോർ തുറന്ന് സാമാന്യം ഉയരമുള്ള ഒരാൾ പുറത്തേക്കിറങ്ങി.

പ്രായം ഏതാണ്ട് അറുപതിനോടടുത്തുണ്ട്. അദ്ദേഹത്തിന്റെ മുഖത്ത് അധികാരത്തിന്റെ കാഠിന്യമല്ല, ദീർഘയാത്രകളിലൂടെ ലഭിച്ച ശാന്തതയായിരുന്നു. അദ്ദേഹം കാറിനുള്ളിലേക്ക് തിരിഞ്ഞ് മൃദുവായി വിളിച്ചു.

''ബ്രദർ...''

അൽപനേരം കഴിഞ്ഞ് വാതിൽ തുറന്നു. പുറത്തിറങ്ങിയ മനുഷ്യനെ കണ്ട നിമിഷം ബീനയുടെ ശ്വാസം നിലച്ചപോയി..!

(തുടരും)

# അശാന്തിയുടെ കാർമേഘം നിറഞ്ഞ് രാഷ്ട്രീയ ക്യാമ്പുകൾ



സംസ്ഥാനത്ത് നിയമസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞതോടെ മുന്നണി ബന്ധങ്ങളിൽ ഉരുണ്ടു കൂടിയ കാർമേഘം, രാഷ്ട്രീയ മാപിനിയിൽ ഉയർത്തിയ ചൂട് ഇനിയും ശമിച്ചിട്ടില്ല. അധികാരാധിഷ്ഠിതമായ ഭിന്നതയാൽ മുൻപുണ്ടാകാത്ത വിധം ആശയ കുഴപ്പത്തിലാണ് ഇടത് കക്ഷികളും കോൺഗ്രസും. ബി.ജെ.പിയുടെ കാര്യം അല്പം വ്യത്യസ്തമാണ്. അധികാരത്തിലേക്കുള്ള യാത്രയിലെ കല്ലും മുള്ളും നിറഞ്ഞ പാതകൾ താണ്ടുകയാണ് അവർ.

**എന്റെ പിഴ എന്റെ പിഴ !**

കേരള നേതാക്കൾ ഏറ്റുപറയാൻ മടിച്ച പരാജയ കാരണങ്ങൾ ഒടുവിൽ അക്കമിട്ട് നിരത്തി മാധ്യമങ്ങളോട് വിസ്തരിക്കാൻ രണ്ടുമാസം കഴിഞ്ഞിട്ടാണെങ്കിലും തയ്യാറായിരിക്കുന്നു അഖിലേന്ത്യാ നേതാവ് എം.എ.ബേബി. തോൽവിക്ക് പിന്നിലെ കാരണങ്ങൾ വിശദമായി വിലയിരുത്തിയതായി ജനറൽ സെക്രട്ടറി മാലോകരെ അറിയിക്കുന്നു. പ്രചാരണരീതിയിലും സ്ഥാനാർഥി തിരഞ്ഞെടുപ്പിലും ജനങ്ങളുമായുള്ള ആശയവിനിമയത്തിലും പാർട്ടിക്ക് പിഴവുകൾ സംഭവിച്ചതായി കേന്ദ്ര കമ്മിറ്റി വിലയിരുത്തി.

ഇടതുപക്ഷ സർക്കാർ ജനങ്ങൾക്ക് വേണ്ടി നടപ്പാക്കിയ പദ്ധതികളും നിലപാടുകളും ഫലപ്രദമായി പൊതുസമൂഹത്തെ ബോധ്യപ്പെടുത്താൻ കഴിഞ്ഞില്ല. വിലയിരുത്തലും കേന്ദ്ര കമ്മിറ്റി രേഖപ്പെടുത്തിയതായി എം.എ. ബേബി വ്യക്തമാക്കി. നേതാക്കളുടെ പെരുമാറ്റത്തിലും പൊതുജനങ്ങളോടുള്ള സമീപനത്തിലും കൂടുതൽ വിനയവും സഹിഷ്ണുതയും പുലർത്തേണ്ടതിന്റെ ആവശ്യകതയും ചൂണ്ടിക്കാണിക്കുന്ന പാർട്ടി രേഖയും പുറത്തുവന്നു.

സെപ്തംബർ പകുതിയോടെ ചേരുന്ന സംസ്ഥാന സമിതി യോഗത്തിൽ തിരഞ്ഞെടുപ്പ് തോൽവിയുടെ കാരണങ്ങളും നേതൃത്വത്തിന്റെ പ്രവർത്തനങ്ങളും വിശദമായി വിലയിരുത്തുമെന്നും സ്വയംവിമർശനം എല്ലാതലങ്ങളിലുമുണ്ടാകുമെന്നും അദ്ദേഹം പറയുമ്പോൾ സംസ്ഥാനത്ത് പാർട്ടിയിൽ ഒരു തലമുറ മാറ്റം പ്രതീക്ഷിക്കുകയാണ് സി.പി.എം രാഷ്ട്രീയം ഉറ്റുനോക്കുന്നവർ.

**വല്യേട്ടനോട് ഇടഞ്ഞ്**

പ്രതിപക്ഷ നിരയിലേക്ക് ഇരിപ്പിടം മാറിയതു മുതൽ നിയമസഭയിൽ ഉപനേതാവ് പദവിക്കായി സി.പി.ഐ ഉയർത്തിയ ആവശ്യത്തെ പുറം കാലുകൊണ്ട് തട്ടിയ പിണറായി വിജയനു മുന്നിൽ കീഴടങ്ങേണ്ടതില്ല എന്ന നിലപാടെടുക്കാൻ ഘടകകക്ഷി തീരുമാനിച്ചതോടെ മുന്നണിയുടെ അസ്ഥിത്വം തന്നെ ചർച്ച ചെയ്യുകയാണ് രാഷ്ട്രീയ കേരളം.

അതിനിടെ, വിഴിഞ്ഞം വിഷയത്തിൽ നിലപാട് മാറ്റമുണ്ടെന്നും യോജിച്ചുള്ള സമരത്തിനില്ലെന്നും സി.പി.ഐ അറിയിച്ചു കഴിഞ്ഞു. എന്നാൽ ഉപനേതാവ് പദവി വിട്ടുനൽകില്ലെന്ന് സി.പി.എം കടുപ്പിച്ചതോടെ എൽ.ഡി.എഫിൽ പ്രതിസന്ധി രൂക്ഷമാവുകയാണ്.

സഭയിൽ എല്ലാ വിഷയത്തിലും ഒരേ നിലപാടാകണമെന്നില്ലെന്നും വേണ്ടി വന്നാൽ സി.പി.എമ്മിനെ എതിർക്കാനുമാണ് സി.പി.ഐ തീരുമാനം. സഭയിൽ ഒരുമിച്ച് ഇരിക്കുന്നതിന് പ്രശ്നമില്ലെന്നും പാർട്ടി എക്സിക്യൂട്ടീവിൽ തീരുമാനമെടുത്തു.

ഉപനേതാവ് പദവി സി.പി.ഐക്ക് നൽകുന്ന കാര്യം ഇനി ആലോചിക്കാൻ പോലും കഴിയില്ല. എൽ.ഡി.എഫ് കൺവീനർ ടി.പി. രാമകൃഷ്ണനാണ് ഇക്കാര്യം ബിനോയ് വിശ്വത്തെ അറിയിച്ചത്. ഇത് മനസിലാക്കി സി.പി.എമ്മിനോട് സഹകരിക്കണമെന്നാണ് ആവശ്യം. എൽ.ഡി.എഫ് യോഗം വിളിച്ചാൽ പങ്കെടുക്കാമെന്നും വിഴിഞ്ഞത്തിന്റെ കാര്യത്തിൽ ഇപ്പോൾ യോജിച്ചുള്ള സമരം വേണ്ടെന്നും ബിനോയ് വിശ്വവും കൂടിക്കാഴ്ചയിൽ വ്യക്തമാക്കി. വിഴിഞ്ഞം വിഷയം സതീശനെതിരായ വലിയ ആയുധമായി സി.പി.എം കൊണ്ടുവരുന്നതിനിടയിലാണ് സി.പി.ഐയുടെ ഈ പുറംതിരിഞ്ഞു നിൽപ്പ്.

**പ്രസിഡന്റ് എവിടെ ?**

സംസ്ഥാന കോൺഗ്രസിന്റെ അധ്യക്ഷൻ സതീശൻ മന്ത്രിസഭയിലെ ഒരു മന്ത്രിയായതോടെ ഒഴിവു വന്ന സ്ഥാനത്ത് ഒരാളെ പ്രതിഷ്ഠിക്കാൻ രണ്ടുമാസം കഴിഞ്ഞിട്ടും കോൺഗ്രസ് നേതൃത്വത്തിന് സാധിച്ചിട്ടില്ല. മുറുമുറുപ്പുകൾ ശക്തമായപ്പോൾ പ്രസിഡന്റിനെ തിരഞ്ഞെടുക്കുന്നതു സംബന്ധിച്ച പ്രാഥമിക ചർച്ചകൾ സജീവമാക്കി കോൺഗ്രസ് ദേശീയ നേതൃത്വം.

'ഒരാൾക്ക് ഒരു പദവി' നയം കോൺഗ്രസിന്റെ സ്വന്തം അഭിപ്രായമണോ എന്ന ആശങ്ക പങ്കുവെക്കുന്നു പാർട്ടി അണികൾ. വിദേശത്തുള്ള രാഹുൽ ഗാന്ധി തിരിച്ചെത്തി ഡൽഹിയിൽ കൂടുതൽ ചർച്ചകൾ നടക്കുമ്പോൾ ചിത്രം തെളിയുമെന്നാണ് പ്രതീക്ഷ.

കൊടിക്കുന്നിൽ സുരേഷ്, ബെന്നി ബഹനാൻ, ആന്റോ ആന്റണി, ജോസഫ് വാഴയ്ക്കൻ, കെ.സി.ജോസഫ്, അടൂർ പ്രകാശ് തുടങ്ങിയ നേതാക്കൾക്കൊപ്പം യുവനിരയിലെ ഷാഫി പറമ്പിൽ, മാത്യു കുഴൽനാടൻ എന്നിവരുടെ പേരുകളാണ് ഹൈക്കമാന്റിന് മുന്നിലുള്ളത്. പ്രാഥമിക ചർച്ചകൾക്കു ശേഷം നേതാക്കളെ ഡൽഹിയിലേക്കു വിളിപ്പിച്ചു ചർച്ച നടത്തിയാവും അന്തിമതീരുമാനമെടുക്കുക.

ജനപ്രതിനിധികളെ ഒഴിവാക്കുന്നതിന്റെ ഭാഗമായി ഒരാൾക്ക് ഒരു പദവിയെന്ന നയം സ്വീകരിക്കണമെന്ന് ഒരു വിഭാഗം ആവശ്യപ്പെടുന്നുണ്ടെങ്കിലും അതു പ്രയോഗികമല്ലെന്നാണ് പാർട്ടി നേതൃത്വം വ്യക്തമാക്കുന്നത്. കെ.പി.സി.സി അധ്യക്ഷനായി അനുഭവസമ്പത്തും ജനകീയതയുമുള്ള നേതാവിനെ തീരുമാനിക്കുമ്പോൾ, ജനപ്രതിനിധിയാണെന്നത് അയോഗ്യത ആകേണ്ടതില്ലെന്നാണ് നേതൃത്വത്തിന്റെ പക്ഷം. ലോക്സഭാംഗമായ കെ.സി. വേണുഗോപാൽ ദേശീയതലത്തിൽ പാർട്ടിയുടെ സംഘടനാച്ചുമതല വഹിക്കുന്നുണ്ടല്ലോ എന്നായിരുന്നു കഴിഞ്ഞദിവസം ഇതുസംബന്ധിച്ച് വന്ന ഒരു കമന്റ്.

ചുരുക്കത്തിൽ, സർക്കാരിനെ സതീശൻ നയിക്കുമ്പോൾ, പാർട്ടിയെ ആര് നയിക്കും എന്നതിൽ പോലും നേതൃബാഹുല്യമുള്ള ആ ജനാധിപത്യ പാർട്ടിയിൽ തീരുമാനമാകുന്നില്ല.

**ജയിലിലെ സത്യപ്രതിജ്ഞ**

അതിനിടെ, നിയമസഭാ തിരഞ്ഞെടുപ്പ് ഫണ്ടുമായി ബന്ധപ്പെട്ട് ഉയർന്ന ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളെ തുടർന്ന് കേരള ബി.ജെ.പിയിൽ വൻ അഴിച്ചുപണിക്ക് വഴിയൊരുങ്ങുന്നതായി റിപ്പോർട്ട് പുറത്തുവന്നു. പാർട്ടിയിലെ പ്രധാന ഭാരവാഹികൾ ഉൾപ്പെട്ട അഴിമതി ആരോപണങ്ങളിൽ കേന്ദ്ര നേതൃത്വത്തിന്റെ നിർദ്ദേശപ്രകാരം സംസ്ഥാന അധ്യക്ഷൻ നടപടി സ്വീകരിച്ചില്ലെങ്കിൽ അത് ഭാവിയിൽ പരാതിക്ക് വഴിവയ്ക്കും. ദേവികുളത്ത് സ്ഥാനാർത്ഥിയായിരുന്ന എസ്.രാജേന്ദ്രന്റെ ഫണ്ട് ദുർവിനിയോഗം ചെയ്യപ്പെട്ടു എന്നാണ് ഏറ്റവും പുതിയ ആക്ഷേപം.

ഒരോ സ്ഥാനാർത്ഥികളെയും ഫണ്ട് വിവരം അറിയിക്കുമെന്ന് സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ നേരത്തെ പറഞ്ഞിരുന്നു. കേരള നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി ഒരുകോടി കൊടികൾ നിർമ്മിക്കാനുള്ള മൂന്നരക്കോടി രൂപയുടെ കരാറിലാണ് പ്രധാനമായും വെട്ടിപ്പ് നടന്നത്. കേന്ദ്ര നേതൃത്വം നൽകുന്ന കൊടികൾ ലഭിക്കാൻ വൈകിയ സാഹചര്യം മുതലെടുത്ത്, പാർട്ടിയിലെ ചില നേതാക്കൾ തന്നെ ഒരു തട്ടിക്കൂട്ട് സ്വകാര്യ കമ്പനി രൂപീകരിച്ച് കരാർ നൽകുകയായിരുന്നു. ഈ ഇടപാടിലൂടെ ഒരു സംസ്ഥാന സെക്രട്ടറിയും യുവമോർച്ച നേതാവും ചേർന്ന് 54 ലക്ഷം രൂപ കമ്മീഷനായി കൈപ്പറ്റിയെന്ന് പാർട്ടി ട്രഷറർക്ക് വിവരം ലഭിച്ചിരുന്നു. പിന്നാലെ കേന്ദ്രം അയച്ച കൊടികൾ ഉപയോഗിക്കാതെ പാർട്ടി ഓഫീസിൽ കെട്ടിക്കിടന്ന് വിവാദത്തിന്റെ തോരണങ്ങൾ പാറിച്ചു.

ഹെലികോപ്റ്റർ, വാഹന വാടക ഇനങ്ങളിലും ലക്ഷങ്ങളുടെ ക്രമക്കേട് നടന്നതായി റിപ്പോർട്ടുണ്ട്. പ്രചാരണത്തിനായി മൂന്ന് ഹെലികോപ്റ്ററുകൾ 136 മണിക്കൂർ പറക്കാൻ കരാർ നൽകിയെങ്കിലും ആകെ ഉപയോഗിച്ചത് 42 മണിക്കൂർ മാത്രമാണ്. ഇതിനുപുറമെ, തിരഞ്ഞെടുപ്പ് ആവശ്യങ്ങൾക്കായി വാടകയ്ക്കെടുത്ത 200 കാറുകളിൽ പകുതി പോലും ഉപയോഗിക്കാതെ തന്നെ ട്രിപ്പ് ഷീറ്റിൽ തിരിമറി നടത്തി ഒരുകോടിയോളം രൂപ തട്ടിയെടുത്തതായും പാർട്ടിക്കുള്ളിൽ പരാതി ഉയർന്നിട്ടുണ്ട്. സോഷ്യൽ മീഡിയ പരസ്യങ്ങൾക്കായി കോടികൾ ചെലവാക്കിയതിലും പരാതി ഉയർന്നിട്ടുണ്ട്.

സാമ്പത്തിക ആരോപണങ്ങൾ നേരിടുന്ന സംസ്ഥാന സെക്രട്ടറി, മേഖല സെക്രട്ടറി, സംസ്ഥാന കമ്മിറ്റി അംഗം എന്നിവരും വരാനിരിക്കുന്ന പുനസംഘടനയിൽ അകത്തോ പുറത്തോ എന്നറിയില്ല. കേരളത്തിൽ ഒന്ന് പച്ച തൊടാൻ മോഹിക്കുന്നതിനിടയാണ് പാർട്ടി ഉന്നത നേതാക്കളുടെ പേര് വലിച്ചിഴയ്ക്കപ്പെടും വിധം ഫണ്ട് വിവാദം തലപൊക്കിയത്.

അധ്യക്ഷനില്ലാത്ത സംസ്ഥാന കോൺഗ്രസ്. ഹൈക്കമാന്റിന് ഉടനെയെങ്ങും എത്തിപ്പിടിക്കാനാവാത്തവിധം 100 പ്ലസ് വിജയവുമായി പൂക്കി ചിരിയോടെ നിൽക്കുന്ന സതീശൻ. സംസ്ഥാന ഘടകത്തിനെതിരെ വടിയെടുക്കാതെ സരോപദേശം മാത്രം നൽകാൻ കെൽപ്പുള്ള ഒരു കേന്ദ്ര കമ്മിറ്റിയുമായി മുന്നോട്ടുപോകുന്ന സി.പി.എം നേതൃത്വം.

രാജ്യം ഭരിക്കുന്ന പാർട്ടിക്ക് തിരുവനന്തപുരം നഗരസഭ പിടിച്ചെടുത്തതിന്റെ തിളക്കം. നിയമസഭയിൽ എണ്ണം കൂട്ടിയതിന്റെ മിനുക്കം. അങ്ങനെ തിളങ്ങി നിൽക്കുമ്പോൾ കാവിയിൽ ചെളി തെറിപ്പിച്ച് വന്ന തെരഞ്ഞെടുപ്പ് ഫണ്ട് തിരിമറി വിവാദം. ഉൾപാർട്ടി പ്രശ്നങ്ങളിൽ പെട്ടുഴലുന്ന മൂവർക്കും സാധ്യതകളുടെ ആകാശം തുറന്നിടുകയാണ് ഇനി രാഷ്ട്രീയ കേരളം.

*പ്രജിത്ത് രാജ്*



# "സതീശൻ 'ഗപ്പ്'ടിക്കാതിരിക്കാൻ ചുവപ്പു കാർഡുമായി കൈരളിയും ദേശാഭിമാനിയും ...

**കേരളാ വിൻഡോ**



ആന്റണി ചടയംമുറി



**ലോ**കകപ്പ് ആവേശം അതിന്റെ പാരമ്യത്തിലാണ്. സി.പി.എമ്മിലാകട്ടെ, പിണറായിക്കെതിരെയുള്ള പടയൊരുക്കവും പതിയെ ചൂട് പിടിക്കുന്നു. മുഖ്യമന്ത്രി വി.ഡി.സതീശനെ സംഘിയാക്കിയേ അടങ്ങൂ എന്ന വാശിയിലാണ് മുൻമന്ത്രി മുഹമ്മദ് റിയാസ്. ഇതിനിടെ, എ.ഡി.ജി.പി. അജിത് കുമാറിനെതിരെയുള്ള നിയമനടപടികൾ വൈകുകയാണെന്ന് ചില മാധ്യമങ്ങൾക്കും കെ.സി.പക്ഷത്തിനും പരാതിയുണ്ട്.

ബി.ജെ.പി.യുടെ തെരഞ്ഞെടുപ്പ് ഫണ്ട് വിവാദത്തിൽ രാജീവ് ചന്ദ്രശേഖറും വി.മുരളീധരൻ കൊമ്പ് കോർത്തു കഴിഞ്ഞു. ലോകകപ്പ് എങ്ങനെയും കഴിഞ്ഞിട്ടു വേണം രാത്രി കാലത്ത് അപ്രഖ്യാപിത പവർകട്ട്, ഏർപ്പെടുത്താനെന്ന് ചിന്തിക്കുന്നുണ്ട് കെ.എസ്.ഇ.ബി.യും. ചെന്നിത്തല തൂഫാനായി ദക്ഷിണേന്ത്യ മുഴുവൻ ആഞ്ഞടിക്കുകയാണ്. ഡ്രഗ്സിനെതിരെ കൊച്ചിയിൽ നടക്കുന്ന കൂറ്റൻ റാലിയും തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയും മോഹൻലാലും വേദി പങ്കിടുമെന്ന് വാർത്തകളുണ്ട്.

## പിണറായിയുടെ പൊൻകുഞ്ഞിന്റെ പങ്കപ്പാടുകൾ

രണ്ടാം പിണറായി സർക്കാരിന്റെ കാലത്തെ മുടിചൂടാമന്നന്മാരായിരുന്നു ഏ.ഡി.ജി.പി. അജിത് കുമാറും പൊളിറ്റിക്കൽ സെക്രട്ടറി ശശിയും. ഞങ്ങളുടെ കുഞ്ഞുങ്ങളെ തല്ലിച്ചതച്ച പിണറായിയുടെ പൊൻകുഞ്ഞിനെ നിർത്തിപ്പൊരിക്കും, മൂക്ക് ചെത്തുമെന്നെല്ലാം യു.ഡി.എഫ്. നേതാക്കൾ പറഞ്ഞിരുന്നതാണ്. എന്നാൽ ഇപ്പോൾ അജിത് കുമാറിന് ഒഴിവു വരുന്ന ഡിജിപി സ്ഥാനം കിട്ടാനായി എസ്.ഐ.ടി. നൽകിയ അന്വേഷണ റിപ്പോർട്ട് ഡിജിപി റവാഡ ചന്ദ്രശേഖർ വച്ചു താമസിപ്പിച്ചുവെന്ന പരാതിയാണ് മാധ്യമങ്ങൾക്കുള്ളത്.

ജൂലൈ 20 നാണ് നിലവിലെ ഫയർ ഫോഴ്സ് മേധാവിയുടെ കാലാവധി തീരുന്നത്. ഈ ഡി.ജി.പി.യുടെ തസ്തിക നികത്താനുള്ള സ്ക്രീനിംഗ് കമ്മിറ്റി ചേരേണ്ടത്. ഡി.ജി.പി.ക്ക് എസ്.ഐ.ടി. തലവൻ ഷൗക്കത്തലി റിപ്പോർട്ട് നൽകിയിട്ട് 20 ദിവസം കഴിഞ്ഞു. റിപ്പോർട്ട് നൽകിയ ശേഷം ഷൗക്കത്തലി കോഴിക്കോട് സിറ്റി പൊലീസ് കമ്മീഷണറായി ചുമതലയേറ്റു കഴിഞ്ഞു. ഷൗക്കത്തലിയുടെ താഴെയുള്ളയാൾ എസ്.പി. ബൈജു പൗലോസാണ്. ആലപ്പുഴ ക്രൈംബ്രാഞ്ച് മേധാവിയായായ വിൽസൺ ബാബു ഇപ്പോൾ അവധിയിലുമാണ്. അതുകൊണ്ട് എസ്.ഐ.ടി. റിപ്പോർട്ടിൽ ഡിജിപി ഉന്നയിച്ചിട്ടുള്ള സംശയങ്ങൾ ദുരീകരിക്കാൻ നിലവിലുള്ള പൊലീസ് സംഘത്തിന് കഴിയില്ല.

ഏ.ഡി.ജി.പി.യുടെ ആസ്ഥാനത്തുള്ള രണ്ട് ഗ്രേഡ് എസ്.ഐ.മാരാണത്രെ. അജിത്കുമാറിന്റെ നിർദ്ദേശമനുസരിച്ച് എച്ച്.ഐ.ആറിൽ തിരുത്തൽ വരുത്തിയതെന്ന് ഇവർ പറഞ്ഞുകഴിഞ്ഞു. എന്നാൽ അന്ന് താൻ വയനാട്ടിലെ ഉരുൾപൊട്ടലുണ്ടായ സ്ഥലത്തായിരുന്നുവെന്ന് അജിത്കുമാർ പറയുന്നുണ്ടത്രെ. ഇത്രയേറെ രാഷ്ട്രീയ പ്രാധാന്യമുള്ള ഒരു കേസിന്റെ ഫയലിനുമേൽ മൂന്നാഴ്ചയോളം ഡിജിപി അടയിരിക്കുകയായിരുന്നുവോ എന്ന് മർദ്ദനമേറ്റ ഏ.ഡി.തോമസ് എം.എൽ.എയും മറ്റും ചോദിച്ചുകഴിഞ്ഞു. കോൺഗ്രസിലെ ചില നേതാക്കളെ സംബന്ധിച്ച വിവാദ ഫയലുകൾ അജിത്കുമാറിന്റെ കൈവശമുള്ളതുകൊണ്ടാണ് അജിത്കുമാറിനെതിരെയുള്ള നിയമനടപടികൾ മന്ദഗതിയിലായിട്ടുള്ളതെന്ന് മറ്റു ചിലർ ആരോപണമുന്നയിക്കുന്നുണ്ട്.

## അന്ന് അദാനി 'പാർട്ണർ' ഇപ്പോഴോ?

മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി അനുമതി നൽകിയ വിഴിഞ്ഞം തുറമുഖ പദ്ധതിയെയും കോൺഗ്രസിന്റെ എക്കാലത്തെയും ലീഡർ കെ.കരുണാകരൻ നടപ്പാക്കാൻ തീരുമാനിച്ച കൊച്ചി വിമാനത്താവള പദ്ധതിയെയും നഖശിഖാന്തം എതിർത്തവരാണ് ഇടതുമുന്നണി. പിൽക്കാലത്ത് കൊച്ചി വിമാനത്താവളത്തിന്റെ സാരഥ്യം ഏറ്റെടുത്ത ഒരു മുൻമന്ത്രി അന്ന് അലറിക്കൂവിയത് തന്റെ ഡെഡ് ബോഡിക്ക് മീതെ നടന്നുകൊണ്ടു മാത്രമേ ഈ വിമാനത്താവള പദ്ധതി നടപ്പാക്കാനാവൂ എന്നായിരുന്നു. ഇപ്പോൾ വിഴിഞ്ഞം തുറമുഖ പദ്ധതി സംബന്ധിച്ച വിവാദമുയർത്തിയത് പ്രതിപക്ഷ നേതാവ് പിണറായി വിജയനാണ്. വിഴിഞ്ഞം തുറമുഖ പദ്ധതി ഒരു സ്വർണ ഖനിയായിരിക്കുമെന്ന് തിരിച്ചറിഞ്ഞ പിണറായി വിജയൻ ആദ്യം തുറമുഖവകുപ്പ് നൽകിയത് കടന്നപ്പിള്ളി രാമചന്ദ്രനായിരുന്നു. വീണ്ടും അഹമ്മദ് ദേവർകോവിലിന് ഇതേ വകുപ്പ് നൽകി. രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് തുറമുഖ വകുപ്പ് പിണറായിയുടെ വിശ്വസ്തനായ വി.എൻ.വാസവനാണ് നൽകിയത്. വി.എസ്. മന്ത്രിസഭയുടെ കാലത്ത് എം. വിജയകുമാറിനെപോലെയുള്ളവർ ഭരിച്ച വകുപ്പാണ് വാസവന് പിണറായി നൽകിയത്.

വിഴിഞ്ഞം കരാർ ഒപ്പുവച്ച രണ്ടാം പിണറായി സർക്കാർ പദ്ധതി പറഞ്ഞ സമയത്ത് പൂർത്തിയാക്കാതെ വന്നപ്പോൾ സംസ്ഥാന സർക്കാരിന് കരാറനുസരിച്ച് നൽകേണ്ടിയിരുന്ന നഷ്ടം 219 കോടി രൂപയാണ്. ഈ കോടികൾ സംസ്ഥാന സർക്കാർ എഴുതിത്തള്ളുകയായിരുന്നു. ബുധനാഴ്ച (ജൂലൈ 15) വാർത്താ സമ്മേളനത്തിൽ അദാനിയുമായുള്ള ബന്ധത്തെക്കുറിച്ച് ചോദിച്ചപ്പോൾ മുഖ്യമന്ത്രി ക്ഷുഭിതനായി. ദിവസേന 12 ലക്ഷം രൂപ വീതം നഷ്ടപരിഹാരമായി ലഭിക്കാൻ സാധ്യതയുണ്ടായിരുന്ന കരാറിലെ വ്യവസ്ഥയാണ് പിണറായി പിന്നീട് വിഴുങ്ങിയത്. മാത്രമല്ല കുത്തകകൾക്ക് കുട പിടിക്കുന്നവരാണ് യു.ഡി.എഫ്. എന്ന് വാദിക്കുന്നവർ ഭരണകാലത്ത് കൈകോർത്ത എത്രയോ പങ്കു കച്ചവടങ്ങളാണ് ചൂണ്ടിക്കാണിക്കാനുള്ളത്!

## എൻ.എസ്.എസും. 'പട്ടി'ഷോയും

എൻ.എസ്.എസിന്റെ സ്ഥാപകൻ മന്നത്ത് പത്മനാഭൻ പിള്ളയുടെ പ്രതിമ ഡെൽഹിയിൽ അനാവരണം ചെയ്തതിന്റെ അലയൊലികൾ പെരുന്നയിൽ മാത്രമല്ല കേരളത്തിൽ മുഴുവൻ ഉയരാൻ തുടങ്ങിയിട്ടുണ്ട്. ഈ ചടങ്ങിൽ ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ എൻ.എസ്.എസ്. ജനറൽ സെക്രട്ടറിക്ക് എതിരെ നടത്തിയ പരോക്ഷ പരാമർശമാണ് വിവാദമായി മാറിയത്.

ബി.ജെ.പി. നേതാവും കേന്ദ്രമന്ത്രിയുമായ സുരേഷ് ഗോപിക്ക് എൻ.എസ്.എസിന്റെ ഡയറക്ടർ ബോർഡ് യോഗം നടക്കുന്ന ഹാളിലേക്ക് പ്രവേശനം നിഷേധിച്ച ഒരു സംഭവം പണ്ട് പെരുന്നയിൽ അരങ്ങേറിയിരുന്നു.

2026 ഫെബ്രുവരിയിൽ ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണന് മന്നം സമാധിയിൽ പുഷ്പാർച്ചന നടത്താൻ ജനറൽ സെക്രട്ടറി അനുമതി നിഷേധിച്ചിരുന്നു. സുരക്ഷാ നപടികളുടെ ഭാഗമായി മന്നം സമാധിയിൽ പൊലീസ് നായകളെ കൊണ്ട് പരിശോധിപ്പിക്കാനുള്ള നീക്കമാണ് അന്ന് തടഞ്ഞതെന്ന് പിന്നീട് സുകുമാരൻ നായർ വിശദീകരിച്ചുവെങ്കിലും അവഗണനയുടെയും അധിക്ഷേപത്തിന്റെയും മുറിവുകൾ ഇന്നും അവശേഷിക്കുന്നുണ്ടെന്നാണ് മനസ്സിലക്കേണ്ടത്.

എൻ.എസ്.എസ്. സെക്രട്ടറിയും താനുമായുള്ള ബന്ധം സാധാരണ നിലയിലാണെന്ന് ബുധനാഴ്ചത്തെ വാർത്താസമ്മേളനത്തിൽ മുഖ്യമന്ത്രി വി.ഡി.സതീശൻ വ്യക്തമാക്കിയിട്ടുണ്ട്. എസ്.എൻ.ഡി.പി. യോഗത്തിന്റെയും ബി.ഡി.ജെ.എസിന്റെയും നേതാവ് തുഷാർ വെള്ളാപ്പിള്ളിയെ താൻ വീട്ടിൽ കയറ്റിയില്ലെന്ന മാധ്യമ വാർത്ത വെറും നുണയാണെന്ന് സതീശൻ പറഞ്ഞതും മാധ്യമ പ്രവർത്തകർക്ക് പ്രഹരമായി മാറി. ഏറ്റവും ഒടുവിലായി സതീശൻ പറഞ്ഞു "ഞാൻ കേരളത്തിലെ എല്ലാവരുടെയും മുഖ്യമന്ത്രിയാണ്. ആർക്കും എന്നെ സമീപിക്കാം. എല്ലാ സന്ദർശനങ്ങളും പരസ്യമായിട്ടാണ്. ഒളിച്ചല്ല. ജാതി നോക്കിയോ പാർട്ടി നോക്കിയോ ഒരു മുഖ്യമന്ത്രിക്ക് സന്ദർശകരെ സ്വീകരിക്കാനാവില്ല. മാധ്യമ ലേഖകർ ഉന്നമിട്ടത് ഹിന്ദു ഐക്യവേദി നേതാവ് ശശികല ടീച്ചർ മുഖ്യമന്ത്രിയെ സന്ദർശിക്കനെത്തിയ സംഭവമാണ്. വാക്കിൽ കുടുക്കാൻ കൈരളി, ദേശാഭിമാനി ലേഖകർ നടത്തുന്ന വൃഥാശ്രമങ്ങളെയും മുഖ്യമന്ത്രി പരിഹസിക്കുന്നത് ചാനലിൽ കണ്ടു.



## പണത്തിനുവേണ്ടിയാണ് എല്ലാമെല്ലാം....!

പാർട്ടി ഫണ്ടുകളിൽ വെട്ടിപ്പ്, ബാങ്ക് വായ്പകളിൽ വെട്ടിപ്പ്, കോടികളുടെ സംരംഭങ്ങളിൽ അടിമുടി വെട്ടിപ്പ്. കോവിഡിനെ ചെറുക്കാൻ വാങ്ങിക്കൂട്ടിയത് പലതും തോന്നിയ വിലയ്ക്ക്. ചില ആശുപത്രികൾ പോലും അവയവദാന തട്ടിപ്പിന്റെ പേരിൽ പ്രതിസ്ഥാനത്തായി മാറുന്നു. കേരളം വല്ലാത്ത ഒരു കാലഘട്ടത്തിലാണിപ്പോൾ.

ബാങ്കിൽ അക്കൗണ്ടില്ലാതിരുന്നിട്ടും തമിഴ്നാട്ടിലെ ഏതോ ഒരു ശാഖയിൽ നിന്ന് 9 കോടി രൂപ വായ്പയെടുത്തതായും, പണം ഉടൻ അടയ്ക്കണമെന്നുമുള്ള നോട്ടീസ് കൈപ്പറ്റി അന്തം വിട്ടിരിക്കുന്ന വൃദ്ധ ദമ്പതികളുടെ ദുരന്തകഥയും ഇന്ന് ചാനലിൽ കണ്ടു. പല ബാങ്കുകളിൽ നിന്നായി 700 കോടി രൂപയുടെ തട്ടിപ്പ് നടന്നതായിട്ടാണ് വാർത്തകൾ വരുന്നത്. വെട്ടിപ്പിന് ചൂട്ട് പിടിച്ച ഒരു വിരുതൻ മൂവാറ്റുപുഴക്കാരനാണത്രെ. അയാൾ ബാങ്കുകളുടെ ശാഖകൾ പോലും ഉദ്ഘാടനം ചെയ്തതിന്റെ ഫോട്ടോകളും ചാനലുകളിൽ കണ്ടു. തനിക്ക് എതിരെയല്ല, കൈക്കൂലി വാങ്ങി വായ്പ നൽകിയ ബാങ്ക് ഉദ്യോഗസ്ഥരാണ് പ്രതികളെന്നാണ് ഇയാളുടെ വിചിത്ര വാദം. ഒരു ക്രിമിനൽ കേസിന്റെ മണമുണ്ടായിട്ടും പൊലീസ് എന്തോ ഈ കേസുകളിൽ നിന്ന് അകന്നുനിൽക്കുകയാണ്. എന്താണവോ കാരണം?

## 'ഹയർ ആൻഡ് ഫയർ', ഈ തീ എങ്ങനെ അണയ്ക്കും?




കേരളത്തിലെ രണ്ട് ഐ.ടി. കമ്പനികളിലെ ആയിരത്തോളം വരുന്ന ജീവനക്കാർ ഇപ്പോൾ തെരുവിലാണ്. കൊച്ചി പാലാരിവട്ടത്തും കോഴിക്കോട്ടുമുള്ള 'കേറോ ഹെൽത്ത്' കമ്പനിയിലാണ് ആദ്യത്തെ പിരിച്ചുവിടൽ അരങ്ങേറിയത്. 75 ലക്ഷം കോടി രൂപയുടെ ഇടപാടുള്ള മാതൃകമ്പനിയുടെ ഉപകരാറുകാരാണ്. കേറോ ഹെൽത്ത്, ഒരു സുപ്രഭാതത്തിൽ ഇവിടെയുള്ള ജോലിക്കാരുടെ മുമ്പിൽ കമ്പനിയുടെ വാതിൽ കൊട്ടിയടയ്ക്കുകയായിരുന്നു. രണ്ട് മാസത്തെ ശമ്പളം നഷ്ടപരിഹാരമായി നൽകിക്കൊണ്ടായിരുന്നു ഈ ക്രൂര കൃത്യം അരങ്ങേറിയത്. രണ്ടാമത്തെ കൂട്ടപ്പിരിച്ചുവിടൽ നടന്നത് ടാൽറോപ് കമ്പനിയിലാണ്. ഇവിടെ 3 മാസം മുതൽ 11 മാസം വരെ ശമ്പളം കുടിശ്ശികയാണ്. കൂടാതെ 15 കോടി രൂപ വരെ കമ്പനിയിൽ നിക്ഷേപിച്ചവരും ഇപ്പോൾ എന്തു ചെയ്യണമെന്നറിയാത്ത അവസ്ഥയിലാണ്.

ഇടതുമുന്നണി കേന്ദ്രം കൊണ്ടുവന്ന ലേബർ കോഡിനെതിരെ സമരം നടത്തിയെങ്കിലും, അവർ കേരളത്തിലെ നിലവിലുള്ള ലേബർ കോടതികളുടെ പ്രവർത്തനം അവരുടെ ഭരണകാലത്തു തന്നെ മരവിപ്പിച്ചിരുന്നുവെന്നത് ഓർമ്മിക്കണം.

ലേബർ കോഡിന് എതിരെ ഇടതു തൊഴിലാളി നേതാക്കൾ തൊഴിലാളികളോട് വാതോരാതെ പ്രസംഗിച്ചിരുന്നുവെങ്കിലും, കേന്ദ്രനയത്തിന് നിശ്ശബ്ദമായി വഴിയൊരുക്കിക്കൊണ്ട് അവർ തൊഴിലാളികളെ വഞ്ചിക്കുകയായിരുന്നുവെന്ന് ചിലരെങ്കിലും കുറ്റപ്പെടുത്തുന്നു. തൊഴിലാളികളുടെ വിവിധ ക്ഷേമനിധി ബോർഡുകളിൽ കൈയിട്ടുവാരിയ രണ്ടാം പിണറായി സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നയം പൊതുജന മദ്ധ്യത്തിൽ തുറന്നു കാണിക്കേണ്ട ഐ.എൻ.ടി.യു.സിയുടെ ദേശീയ നേതാവ് എൻ. സഞ്ജീവറെഡ്ഡിക്ക് ഇപ്പോൾ 97 വയസ്സുണ്ട്. കേരളത്തിലെ 'ഇണ്ടക്ക്' നേതാവ് ചന്ദ്രശേഖരനാകട്ടെ, പിണറായിയുമൊത്ത് 'കഞ്ഞിയും കറിയും വച്ച്' കളിച്ചുകൊണ്ടിരുന്ന കുട്ടി സ്റ്റോറിയിലെ നായകനുമാണ്. ലോകമൊട്ടാകെ തൊഴിൽ നയങ്ങളിൽ മാറ്റം വരുമ്പോൾ 48 മണിക്കൂർ ദേശീയ പണിമുടക്കെന്ന ഉമ്മാക്കി കാണിച്ച് 'സമരഫണ്ട്' പിരിക്കാനല്ലാതെ ചില ഇടതു തൊഴിലാളി നേതാക്കളെ മറ്റെന്തിന് കൊള്ളാം?

**കഥയില്ലായ്മകൾ**

# 'ചെരിപ്പോക്രസി'



സി. രാധാകൃഷ്ണൻ

എക്കാലത്തേക്കും സാധ്യമായ മാതൃകാമനുഷ്യരെ അവതരിപ്പിക്കുന്നു രാമായണം. ഭാര്യ, ഭർത്താവ്, അമ്മ, അച്ഛൻ, സഹോദരൻ, സ്നേഹിതൻ, ഭക്തൻ, ഗുരു, യോദ്ധാവ്, രാജാവ്.... ഓരോ വിഭാഗത്തിലും സൽഗുണ സമ്പന്നർ ഒട്ടേറെയുണ്ട്. പക്ഷേ, മിക്ക ഇനത്തിലും ഉള്ളതിൽ അത്യുത്തമം ഏത് എന്ന് കണ്ടുപിടിക്കാൻ നമുക്ക് വിഷമമില്ല.

എന്നാൽ രാമായണത്തിൽ അവതരിപ്പിക്കപ്പെടുന്ന ഏറ്റവും നല്ല ഭരണം ആരുടെയായിരുന്നു എന്ന് സൂക്ഷ്മമായി ആലോചിച്ചു നോക്കിയിട്ടുണ്ടോ? പ്രത്യക്ഷത്തിൽ സർവ്വോത്തമനാ പുകൾ പെറ്റത് രാമരാജ്യം തന്നെ. സർവ്വേശ്വരനേക്കാൾ നന്നായി ഭരിക്കാൻ ആർക്ക് സാധിക്കും!

ഉവ്വ്, ചിലർക്ക് ചിലപ്പോൾ കഴിയും എന്നാണ് പക്ഷേ, എല്ലാ രാമായണ മഹാകവികളും പറയാതെ പറയുന്നത്. ദൈവം തന്നെ അവതരിച്ചാലും 'മർത്യജന്മം കൊണ്ട് വിസ്മൃതനായ് വരും' എന്ന മുൻകൂർ ജാമ്യം തുഞ്ചത്തെഴുത്തച്ഛൻ പ്രത്യേകമായി എടുക്കുന്നുമുണ്ട്. ഈശ്വരൻതന്നെ

> **ഭരതൻ ഭരിക്കുന്ന ഭരണക്രമത്തെ എന്തു വിളിക്കാം എന്നാണെങ്കിൽ, കൂടുതൽ നല്ല ഒരു പേര് കണ്ടുകിട്ടുംവരെ നമുക്ക് അതിനെ 'ചെരിപ്പോക്രസി' എന്ന് വേണമെങ്കിൽ വിളിക്കാവുന്നതാണ്.**

വന്ന് അവതരിച്ചതായാലും ശരി, മാനുഷികചാപല്യങ്ങളെ ഇവിടെ വെച്ചുതന്നെ അതിജീവിച്ചിരിക്കണം, ഒരു നല്ല ഭരണകർത്താവ്!

അധികാരത്തിന്റെ എല്ലാ പ്രലോഭനങ്ങളെയും പൂർണ്ണമായും അതിജീവിച്ച ഒരാളേ ഈ ഇതിഹാസത്തിൽ ആകെ ഉള്ളൂ: ഭരതൻ. അതിനാലാണല്ലോ ഈ ഭൂഖണ്ഡം അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നത്. ഒരു ഭരണാധികാരി എന്ന നിലയിൽ പരമവിശുദ്ധിയുടെ പ്രകാശഗോപുരമാണ് അദ്ദേഹം. ജ്ഞാനകർമ്മയോഗങ്ങളുടെ നിരന്തര സാധനയാൽ അറിവും കഴിവും നൂറു മേനി വിളഞ്ഞ ക്ഷേത്രം. സാക്ഷാൽ ധർമ്മക്ഷേത്രം! അങ്ങനെ ഒരാൾ ഭരിക്കുമ്പോഴത്തെ യോഗക്ഷേമങ്ങൾവേറെ ആർക്കും നൽകാൻ ആവില്ല എന്നാണ് ആർഷമതം, സാക്ഷാൽ ഈശ്വരാവതാരത്തിനുപോലും!

അങ്ങനെ ഒരു ഭരണക്രമത്തെ എന്തു വിളിക്കാം എന്നാണെങ്കിൽ, കൂടുതൽ നല്ല ഒരു പേര് കണ്ടുകിട്ടുംവരെ നമുക്ക് അതിനെ ('കോക്രോച്ച്' ശൈലിയിൽ) 'ചെരിപ്പോക്രസി' എന്ന് വിളിച്ചാലോ! അതായത് പരമകാരുണികനും നീതിമാനുമായ ദൈവത്തിന്റെ പാദുകങ്ങൾ സിംഹാസനത്തിൽ ഇരിക്കുന്ന കാലത്തെപ്പൊറുതി. ഭരതൻ പരമാധികാരമായി പ്രതിഷ്ഠിച്ചത് ആ സങ്കൽത്തെയാണല്ലോ. എന്നിട്ട്, അതിന്റെ വെറുമൊരു സേവകനായി തന്റെ സ്വന്തം സുഖങ്ങൾ എല്ലാം ഉപേക്ഷിച്ച് ഭൂമിയിൽ ഇവേരെ ഉണ്ടായ ഏറ്റവും നല്ല ഭരണം കാഴ്ച വെച്ചു.

മറിച്ച്, രാമഭരണകാലത്ത് നിരപരാധിയായ ഗർഭിണിയെ, അത് സ്വന്തം ധർമ്മപത്രി ആയിരുന്നിട്ടുപോലും, കാട്ടിൽ കൊണ്ടുപോയി തള്ളുക വരെ ഉണ്ടായില്ലേ? അതും, എന്തുകുറ്റത്തിനെന്ന് അവരെ അറിയിക്കുകപോലും ചെയ്യാതെ! സാക്ഷാൽ രാജ്പത്നിപോലും ഇത്തരം ക്രൂരമായ അനീതിക്ക് ഇരയാകാം എങ്കിൽ പിന്നെ അവിടെമറ്റുള്ളവരുടെ കാര്യം പറയാനുണ്ടോ!

സ്വന്തം ജീവിതം ത്യജിച്ച് രാജ്യഭാരം ഏറ്റെടുക്കാൻ മാത്രമല്ല തന്റെ അമ്മ ചെയ്ത തെറ്റിന് വേണ്ടത്ര പരിഹാരം ചെയ്തു കഴിഞ്ഞപ്പോൾ തന്റെ അധികാരം നിമിഷം വെച്ച് ഒഴിഞ്ഞു കൊടുക്കാനും ഭരതൻ തയ്യാറായി. പതിനാലു വർഷം നീണ്ട അധികാരത്തിന്റെ ആലശീലങ്ങൾ(ഹാങ്ങോവർ) ഒരു തരത്തിലും അദ്ദേഹത്തെ ബാധിച്ചില്ല എന്നർത്ഥം!

എന്റെ ചെറിയ അറിവിൽ ഇങ്ങനെ ഒരു ഇതിഹാസപാഠം ലോകത്ത് വേറെ എങ്ങും ഇല്ല. അധികാരത്തിന്റെ എച്ചിലിൽ വെറുമൊരു വറ്റിനു വേണ്ടി എന്ത് മഹാപാതകവും ചെയ്യാൻ തയ്യാറുള്ള കുഞ്ചിരാമന്മാരുടെ ഈ കാലത്ത് വേറെ ഏത് ഇതിഹാസം വായിച്ചാൽ പഠിഞ്ഞു കിട്ടും ഇങ്ങനെ ഒരു പാഠം!

പക്ഷേ, വായിച്ചാലേ പഠിയൂ! അല്ലാതെ, ചാറ്റ് ജിപിടിയിൽ ഏതാനും വരികളിൽ ഒരു രാമായണം (എഐ) ഭാഗം കാണാതെ പഠിച്ച് എത്ര തവണ എത്ര ഉറക്കെ അലറിയാലും കാര്യമൊന്നുമില്ല! ഒരു ഭരണകർത്താവ് ജനിക്കുന്നത് ഈശ്വരനായിട്ടോ മനുഷ്യനായിട്ടോ ആകട്ടെ, ലൗകിക പ്രലോഭനങ്ങളെ അതിജീവിക്കാൻ ഇവിടെവെച്ചു തന്നെ പഠിക്കണം എന്ന് 'ബുധന്മാരുടെ മതം'!








# കലാശപ്പോരാട്ടത്തിൽ അർജന്റീനയ്ക്ക് എതിരാളി സ്പെയിൻ



ആഗോള ഫുട്ബോൾ ആരാധകരെ ആവേശത്തിന്റെ കൊടുമുടിയിൽ എത്തിച്ച ആവേശകരമായ ലോകകപ്പ് സെമിഫൈനൽ പോരാട്ടത്തിൽ നിലവിലെ ചാമ്പ്യന്മാരായ അർജന്റീനയ്ക്ക് നാടകീയ വിജയം. കടുത്ത പോരാട്ടത്തിൽ കരുത്തരായ ഇംഗ്ലണ്ടിനെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് തകർത്താണ് മെസ്സിയും സംഘവും തുടർച്ചയായ രണ്ടാം തവണയും ഫൈനൽ ടിക്കറ്റ് ഉറപ്പാക്കിയത്. മത്സരത്തിന്റെ ഭൂരിഭാഗം സമയവും ഒരു ഗോളിന് മുന്നിട്ടുനിന്ന ഇംഗ്ലണ്ടിനെ അവസാന നിമിഷങ്ങളിൽ രണ്ട് മാരക ഗോളുകൾ തിരിച്ചടിച്ചാണ് അർജന്റീന തകർത്തത്.അറ്റ്ലാന്റ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിന്റെ ആദ്യ പകുതി ഇരുവിഭാഗവും കടുത്ത പ്രതിരോധം തീർത്തതോടെ ഗോൾരഹിതമായി അവസാനിക്കുകയായിരുന്നു. കളിയിലുടനീളം ഇരുടീമുകളും കടുത്ത ശാരീരിക പോരാട്ട വീര്യമാണ് പുറത്തെടുത്തത്. രണ്ടാം പകുതിയിൽ ഉണർന്നു കളിച്ച ഇംഗ്ലണ്ട് മികച്ചൊരു നീക്കത്തിലൂടെ കളിയിൽ ആദ്യ ലീഡ് സ്വന്തമാക്കി.മത്സരത്തിന്റെ അൻപത്തിയഞ്ചാം മിനിറ്റിൽ ആന്റണി ഗോർഡൻ ആണ് ഇംഗ്ലണ്ടിനായി ആദ്യ ഗോൾ വലയിലെത്തിച്ചത്. എന്നാൽ തുടർച്ചയായ മുന്നേറ്റങ്ങളിലൂടെ അർജന്റീന ഇംഗ്ലീഷ് പ്രതിരോധ കോട്ടയെ വൻതോതിൽ അസ്വസ്ഥമാക്കിക്കൊണ്ടിരുന്നു.കളി അവസാനിക്കാൻ വെറും അഞ്ച് മിനിറ്റ് മാത്രം ബാക്കിയുള്ളപ്പോഴാണ് മത്സരത്തിന്റെ ഗതി മാറ്റിയ ആദ്യ ഗോൾ പിറക്കുന്നത്. എൺപത്തിയഞ്ചാം മിനിറ്റിൽ മിഡ്ഫീൽഡർ എൻസോ ഫെർണാണ്ടസ് ബോക്സിന് പുറത്തുനിന്നും തൊടുത്ത മനോഹരമായ ലോങ് റേഞ്ചർ ഇംഗ്ലീഷ് കീപ്പർ ജോർദാൻ പിക്ക്ഫോർഡിനെ കാഴ്ചക്കാരനാക്കി വലയിൽ പതിച്ചു. ഇതിഹാസ താരം ലയണൽ മെസ്സിയുടെ മികച്ചൊരു അസിസ്റ്റിൽ നിന്നാണ് ഈ ഗോൾ പിറന്നത്.സമനില ഗോൾ വഴങ്ങിയതോടെ ഇംഗ്ലീഷ് പ്രതിരോധ നിര പൂർണ്ണമായും കടുത്ത സമ്മർദ്ദത്തിലായി. കളി അധിക സമയത്തിലേക്ക് നീങ്ങുമെന്ന് കരുതിയിരുന്ന സമയത്താണ് കളിയിലെ യഥാർത്ഥ മാന്ത്രിക നിമിഷം അർജന്റീന പുറത്തെടുത്തത്. ഇൻജുറി ടൈമിന്റെ രണ്ടാം മിനിറ്റിൽ പകരക്കാരനായി ഇറങ്ങിയ ലൗട്ടാരോ മാർട്ടിനസ് അർജന്റീനയ്ക്കായി വിജയഗോൾ നേടി.ക്യാപ്റ്റൻ ലയണൽ മെസ്സി നൽകിയ മനോഹരമായ ക്രോസ്സ് ഒരു തകർപ്പൻ ഹെഡറിലൂടെ മാർട്ടിനസ് വലയ്ക്കുള്ളിലാക്കുകയായിരുന്നു. മെസ്സിയുടെ കളിയിലെ രണ്ടാമത്തെ അസിസ്റ്റായിരുന്നു ഇത്. വരാനിരിക്കുന്ന വലിയ കലാശപ്പോരാട്ടത്തിൽ അർജന്റീന കരുത്തരായ സ്പെയിനെയാണ് നേരിടുക.കഴിഞ്ഞ തവണത്തെ ലോകകപ്പ് ഫൈനലിൽ ഫ്രാൻസിനെ തകർത്ത് കിരീടം നേടിയ അർജന്റീനയ്ക്ക് ഇത്തവണയും ചരിത്രം ആവർത്തിക്കാനുള്ള വലിയ അവസരമാണ് കൈവന്നിരിക്കുന്നത്. തോൽവിയോടെ ഇംഗ്ലണ്ട് ടീം മൂന്നാം സ്ഥാനക്കാർക്കായുള്ള മത്സരത്തിൽ ഫ്രാൻസിനെ നേരിടും.



## യമാലിന്റെ കൈ പ്രയോഗം

## ഫൗളല്ലേ? വ്യക്തത വരുത്തി മുൻ റഫറി

ഫിഫ ലോകകപ്പ് സെമിഫൈനലിൽ ഫ്രാൻസിനെതിരെ സ്പെയിന് അനുകൂലമായി ലഭിച്ച പെനാൽറ്റി പിൻവലിക്കേണ്ടതായിരുന്നു എന്ന തരത്തിൽ സോഷ്യൽ മീഡിയയിൽ ചർച്ചകൾ. മത്സരത്തിന്റെ 22-ാം മിനിറ്റിൽ മിഖേൽ ഒയാർസബാൽ വലയിലെത്തിച്ച പെനാൽറ്റിക്ക് തൊട്ടുമുമ്പ്, സ്പാനിഷ് യുവതാരം ലാമിൻ യമാലിന്റെ കയ്യിൽ പന്ത് തട്ടിയിരുന്നു എന്നാണ് ഫ്രഞ്ച് ആരാധകരുടെ പ്രധാന വാദം. ഫ്രഞ്ച് ഡിഫെൻഡർ ലൂക്കാസ് ഡിഗ്നെ ഫൗൾ ചെയ്യുന്നതിന് തൊട്ടുമുമ്പായിരുന്നു ഈ സംഭവം.യമാലിന്റെ ഭാഗത്തുനിന്ന് ഫൗൾ സംഭവിച്ചിട്ടില്ലെന്നും പെനാൽറ്റി നൽകിയ റഫറിയുടെ തീരുമാനം പൂർണ്ണമായും ശരിയായിരുന്നുവെന്നും പ്രശസ്ത മുൻ അന്താരാഷ്ട്ര റഫറി ക്രിസ്റ്റീന ഉങ്കൽ വ്യക്തമാക്കി.'റീപ്ലേകൾ പരിശോധിക്കുമ്പോൾ പന്ത് തട്ടിയിരിക്കുന്നത് യമാലിന്റെ ജേഴ്സി സ്ലീവിലാണ്. ഫുട്ബോൾ നിയമപ്രകാരം ജേഴ്സിയുടെ സ്ലീവ് ഭാഗത്തെ കൈയായി കണക്കാക്കില്ല. അതുകൊണ്ട് തന്നെ ഇത് ഹാൻഡ്ബോൾ ഫൗളിന്റെ പരിധിയിൽ വരില്ല. പെനാൽറ്റി നിലനിർത്തിയത് ശരിയായ തീരുമാനമാണ്,' ഐ.ടി.വിക്ക് നൽകിയ അഭിമുഖത്തിൽ അവർ പറഞ്ഞു.ബോക്സിനുള്ളിലേക്ക് കുതിച്ചുയർന്ന യമാലിനെ തടയാൻ ശ്രമിച്ച ലൂക്കാസ് ഡിഗ്നെയ്ക്ക് മറ്റൊരു രീതിയിൽ പന്ത് ക്ലിയർ ചെയ്യാൻ അവസരമുണ്ടായിരുന്നിട്ടും താരം ഫൗളിലേക്ക് നീങ്ങുകയായിരുന്നു എന്നും അവർ വിലയിരുത്തി.വിവാദങ്ങൾക്കപ്പുറം മത്സരത്തിൽ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് വിജയിച്ച് സ്പെയിൻ ചരിത്രത്തിലാദ്യമായി തങ്ങളുടെ രണ്ടാമത്തെ ലോകകപ്പ് ഫൈനലിലേക്ക് യോഗ്യത നേടി. രണ്ടാം പകുതിയിൽ പെഡ്രോ പോറോയാണ് സ്പെയിന്റെ രണ്ടാം ഗോൾ നേടിയത്.

# ഇന്ത്യൻ നായികയാകാൻ റെഡി: സ്മൃതി മന്ദാന



ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമിന്റെ നായികയായി ചുമതലയേൽക്കാൻ താൻ പൂർണ്ണ സജ്ജയാണെന്ന് വ്യക്തമാക്കി വൈസ് ക്യാപ്റ്റൻ സ്മൃതി മന്ദാന. ഹർമൻപ്രീത് കൗറിന് ശേഷം ടീമിനെ നയിക്കാൻ തനിക്ക് ആത്മവിശ്വാസമുണ്ടെന്ന് വെളിപ്പെടുത്തിയ സ്മൃതി, ഹർമന്റെ കീഴിൽ വൈസ് ക്യാപ്റ്റനായി പ്രവർത്തിച്ച വർഷങ്ങൾ തന്നെ ഈ വലിയ ഉത്തരവാദിത്തത്തിന് പ്രാപ്തയാക്കിയെന്നും കൂട്ടിച്ചേർത്തു.ഹർമൻപ്രീത് കൗറിന്റെ അഭാവത്തിൽ ഇന്ത്യയെ നയിക്കേണ്ടി വരുന്നതിനെക്കുറിച്ച് ടൈംസ് ഓഫ് ഇന്ത്യയ്ക്ക് നൽകിയ അഭിമുഖത്തിൽ ചോദിച്ചപ്പോഴാണ് സ്മൃതി തന്റെ നിലപാട് വ്യക്തമാക്കിയത്. 'അതെ, തീർച്ചയായും ഞാൻ അതിന് തയ്യാറാണ്,' 29-കാരിയായ ഇടങ്കയ്യൻ ഓപ്പണർ പറഞ്ഞു. കഴിഞ്ഞ ഒരു പതിറ്റാണ്ടായി ഇന്ത്യൻ വനിതാ ക്രിക്കറ്റിലെ ഏറ്റവും വിശ്വസ്തയായ ബാറ്റർമാരിൽ ഒരാളായ സ്മൃതി, സമ്മർദ്ദ ഘട്ടങ്ങളിൽ ടീമിനെ നയിക്കാൻ തനിക്കുള്ള കഴിവ് ഇതിനോടകം തന്നെ തെളിയിച്ചിട്ടുള്ളതുമാണ്.വെറുമൊരു ആത്മവിശ്വാസം മാത്രമല്ല, ക്യാപ്റ്റൻ എന്ന നിലയിലുള്ള സ്മൃതി മന്ദാനയുടെ റെക്കോർഡുകളും താരം ഹർമന്റെ സ്വാഭാവിക പിൻഗാമിയാണെന്ന് അടിവരയിടുന്നു.

## ബി.സി.സി.ഐയിൽ പരിശീലക പ്രതിസന്ധി; അസിസ്റ്റന്റ് കോച്ച് റയാൻ ടെൻ രാജിവെക്കുന്നു?



ഇന്ത്യൻ പുരുഷ ക്രിക്കറ്റ് ടീമിന്റെ കോച്ചിംഗ് സ്റ്റാഫിനുള്ളിൽ വലിയൊരു പ്രതിസന്ധി പുകയുന്നതായി റിപ്പോർട്ടുകൾ. ടീമിന്റെ അസിസ്റ്റന്റ് കോച്ചായ മുൻ നെതർലൻഡ്സ് താരം റയാൻ ടെൻ ഡോസ്ചാറ്റെ പദവി ഒഴിഞ്ഞേക്കുമെന്നാണ് പുറത്തുവരുന്ന സൂചനകൾ. ബി.സി.സി.ഐ ഇദ്ദേഹത്തിന്റെ കരാർ അവസാനിക്കുന്നതിന് മുൻപ് പോകാൻ അനുവദിക്കുമോ എന്നതിൽ അന്തിമ തീരുമാനമെടുത്തിട്ടില്ലെങ്കിലും, മുഖ്യപരിശീലകൻ ഗൗതം ഗംഭീറിന്റെ നേതൃത്വത്തിലുള്ള മാനേജ്മെന്റ് നൽകിയ ഒരു വാഗ്ദാനം പാലിക്കാത്തതാണ് ഡോസ്ചാറ്റെയെ ഈ തീരുമാനത്തിലേക്ക് നയിച്ചതെന്നാണ് വിവരം. പ്രമുഖ വാർത്താ ഏജൻസിയായ പിടിഐ പുറത്തുവിട്ട റിപ്പോർട്ട് പ്രകാരം, ടീമിന്റെ അസിസ്റ്റന്റ് കോച്ച് പദവിക്കൊപ്പം ഫീൽഡിംഗ് കോച്ചിന്റെ ചുമതലയും നൽകാമെന്ന ഉറപ്പിലാണ് ഡോസ്ചാറ്റെയെ ഇന്ത്യൻ ക്യാമ്പിലേക്ക് എത്തിച്ചത്. എന്നാൽ, മുൻ കോച്ച് രാഹുൽ ദ്രാവിഡിന്റെ കാലം മുതൽ ഫീൽഡിംഗ് കോച്ചായി തുടരുന്ന ടി. ദിലീപിനെ ആ സ്ഥാനത്ത് തന്നെ നിലനിർത്തിയത് ഡോസ്ചാറ്റെയ്ക്ക് തിരിച്ചടിയായി. ടീമിലെത്തി രണ്ട് വർഷം കഴിഞ്ഞിട്ടും തനിക്ക് നൽകിയ വാഗ്ദാനം പാലിക്കപ്പെടാത്തതിലും, തനിക്ക് കൃത്യമായി ഒരു മേഖലയുടെ ചുമതല ലഭിക്കാത്തതിലും താരം കടുത്ത നിരാശനാണെന്ന് ബി.സി.സി.ഐ വൃത്തങ്ങൾ സൂചിപ്പിക്കുന്നു.

# ന്യൂസിലൻഡിൽ നടന്ന 'കിയ ഓറ മോദി' പരിപാടിയിൽ ഇന്ത്യയുടെ ആഗോള ബിസിനസ് വിഷൻ പ്രതിനിധീകരിച്ച് മലബാർ ഗോൾഡ് & ഡയമണ്ട്സ്

ഇന്ത്യ ഒരു ആഗോള സാമ്പത്തിക ശക്തിയായി തുടർന്നുകൊണ്ടിരിക്കെ ഇന്ത്യയും ന്യൂസിലൻഡും തമ്മിലുള്ള ചരിത്രപരമായ സ്വതന്ത്ര്യവ്യാപാര കരാറിന്റെ പശ്ചാത്തലത്തിൽ, ഓക്ലൻഡിൽ സംഘടിപ്പിച്ച 'കിയ ഓറ മോദി' ചടങ്ങിൽ പ്രവാസി ഇന്ത്യൻ ബിസിനസ് മേഖലയെ പ്രതിനിധീകരിച്ച് ലോകത്തിലെ ഏറ്റവും വലിയ നാലാമത്തെ ജ്വല്ലറി ഗ്രൂപ്പായ മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് പങ്കെടുത്തു.



മലബാർ ഗോൾഡ് & ഡയമണ്ട്സ് ഫാർ ഈസ്റ്റ് & ഓഷ്യാനിയ റീജിയണൽ ഹെഡ് അജിത് മുരളി, ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും ന്യൂസിലൻഡ് പ്രധാനമന്ത്രി റൈറ്റ് ഓണറബിൾ ക്രിസ്റ്റഫർ ലക്സണിനുമൊപ്പം കൂടിക്കാഴ്ച നടത്തി. ബ്രാൻഡിനെ സംബന്ധിച്ചിടത്തോളം ഇത് ഏറെ അഭിമാനകരമായ നിമിഷമായി മാറി. മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ആഗോളതലത്തിൽ കൈവരിച്ച വളർച്ചയും കമ്പനിയുടെ ഭാവി വികസന പദ്ധതികളും പങ്കുവെക്കാൻ ഈ കൂടിക്കാഴ്ച അവസരമൊരുക്കി. ഇന്ത്യൻ ബിസിനസ് മേഖലയുടെ കരുത്തും മികവും ലോകത്തിന് മുന്നിൽ എത്തിക്കുന്ന ഒരു ആഗോള ബ്രാൻഡായി മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് മാറിയെന്നത് ഇതിലൂടെ വ്യക്തമാണ്.

ന്യൂസിലാൻഡിൽ സാന്നിധ്യം ശക്തമാക്കിക്കൊണ്ട് വളരുന്ന ഒരു ഇന്ത്യൻ ബ്രാൻഡ് എന്ന നിലയിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ചരിത്രപരമായ ന്യൂസിലൻഡ് സന്ദർശനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച 'കിയ ഓറ മോദി' കമ്മ്യൂണിറ്റി ഇവന്റിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് ഏറെ അഭിമാനമുണ്ട്.

'മേക്ക് ഇൻ ഇന്ത്യ, മാർക്കറ്റ് ടു ദി വേൾഡ്' എന്ന ആശയത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, ന്യൂസിലൻഡിലെ പ്രവർത്തനങ്ങൾ വിപുലീകരിക്കാനും ഇന്ത്യയുടെ സമ്പന്നമായ ആഭരണ പാരമ്പര്യവും കരകൗശല മികവും വിശ്വാസത്തിന്റെ മൂല്യങ്ങളും ലോകമെമ്പാടുമുള്ള ഉപഭോക്താക്കളിലേക്ക് എത്തിക്കാനുമാണ് ഞങ്ങൾ ലക്ഷ്യമിടുന്നത് എന്ന് മലബാർ ഗ്രൂപ്പ് ചെയർമാൻ എം.പി. അഹമ്മദ് പറഞ്ഞു.

പ്രധാനമന്ത്രി നരേന്ദ്ര മോദിയെ സ്വീകരിക്കുന്നതിനായി ഓക്ക്ലൻഡിൽ സംഘടിപ്പിച്ച 'കിയ ഓറ മോദി' കൂട്ടായ്മയിൽ പതിനായിരക്കണക്കിന് ഇന്ത്യൻ വംശജരാണ് പങ്കെടുത്തത്. മലബാർ ഗോൾഡിനെ സംബന്ധിച്ചിടത്തോളം ഇന്ത്യയുടെ പരമ്പരാഗത കരവിരുതും നിർമ്മാണ മികവും സാംസ്കാരിക പൈതൃകവും ലോക വിപണിയിൽ എത്തിച്ച ഒരു ഇന്ത്യൻ ബ്രാൻഡിന്റെ ജേർണിയെയാണ് ഈ ചടങ്ങ് അടയാളപ്പെടുത്തുന്നത്. ന്യൂസിലൻഡ് ഉൾപ്പെടെ 14 രാജ്യങ്ങളിലായി 445ലധികം ഷോറൂമുകളുള്ള മലബാർ ഗോൾഡ് & ഡയമണ്ട്സ്, 'മേക്ക് ഇൻ ഇന്ത്യ, മാർക്കറ്റ് ടു ദ വേൾഡ്' എന്ന ആശയത്തെ അഭിമാനപൂർവം യാഥാർഥ്യമാക്കുകയാണ്.

ന്യൂസിലൻഡ് പ്രധാനമന്ത്രി റൈറ്റ് ഓണറബിൾ ക്രിസ്റ്റഫർ ലക്സണിന്റെയും ഇരു രാജ്യങ്ങളിലെയും വിശിഷ്ട വ്യക്തികളുടെയും സാന്നിധ്യത്തിൽ, ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ നേരിൽ കാണാനും കൂടിക്കാഴ്ച നടത്താനും കഴിഞ്ഞത് ഏറെ അഭിമാനകരമായ ഒരു മുഹൂർത്തമാണെന്ന് മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ഫാർ ഈസ്റ്റ് ആൻഡ് ഓഷ്യാനിയ റീജിയണൽ ഹെഡ് അജിത്ത് മുരളി പറഞ്ഞു.

ഇന്ത്യൻ ബിസിനസ്സ് മേഖലയുടെ മികവും കരുത്തും ലോകത്തിന് മുന്നിൽ എത്തിക്കുന്ന ഒരു ആഗോള ബ്രാൻഡാണ് മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് എന്ന് വീണ്ടും ഉറപ്പിക്കുന്നതായിരുന്നു ഈ കൂടിക്കാഴ്ച. കൂടാതെ കമ്പനിയുടെ ആഗോള വളർച്ചയും ന്യൂസിലൻഡ്, ഓസ്ട്രേലിയ ഉൾപ്പെടെയുള്ള ഓഷ്യാനിയ മേഖലയിലെ ഭാവി വികസന പദ്ധതികളും പങ്കുവെക്കാനും ഇതിലൂടെ സാധിച്ചു. വരും നാളുകളിൽ വെല്ലിംഗ്ടൺ, ഹാമിൽട്ടൺ, ക്രൈസ്റ്റ്ചർച്ച് തുടങ്ങിയ നഗരങ്ങളിലേക്ക് കൂടി പുതിയ ഷോറൂമുകൾ ആരംഭിക്കാൻ പദ്ധതിയുണ്ട്. ഇതിലൂടെ ഇന്ത്യയും ന്യൂസിലൻഡും തമ്മിലുള്ള സാമ്പത്തികവും സാംസ്കാരികവുമായ ബന്ധം കൂടുതൽ ശക്തമാക്കാൻ സാധിക്കുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത് എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് വർഷങ്ങളായി പിന്തുടരുന്ന 'മേക്ക് ഇൻ ഇന്ത്യ, മാർക്കറ്റ് ടു ദി വേൾഡ്' എന്ന തത്വത്തിന്റെ പ്രതിഫലനമാണ് ഈ അഭിമാന നിമിഷം. ഇന്ത്യയുടെ തനതായ ഡിസൈനുകളും നിർമ്മാണ മികവും 14 രാജ്യങ്ങളിലെ ഉപഭോക്താക്കളിലേക്ക് എത്തിക്കാൻ ഇതിനകം ബ്രാൻഡിന് കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയും ന്യൂസിലൻഡും തമ്മിലുള്ള സാമ്പത്തിക പങ്കാളിത്തം പുതിയ ഘട്ടത്തിലേക്ക് കടക്കുമ്പോൾ, ന്യൂസിലൻഡ് വിപണിയിൽ പ്രവർത്തനം കൂടുതൽ ശക്തമാക്കാനാണ് മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ലക്ഷ്യമിടുന്നത്.

1993ൽ സ്ഥാപിതമായ മലബാർ ഗ്രൂപ്പിന്റെ മുൻനിര ഇന്ത്യൻ ബിസിനസ്സ് കമ്പനിയാണ് മലബാർ ഗോൾഡ് & ഡയമണ്ട്സ്. 9.46 ബില്യൺ ഡോളറിന്റെ വാർഷിക വിറ്റുവരവുള്ള കമ്പനി നിലവിൽ ആഗോളതലത്തിൽ നാലാമത്തെ വലിയ ജ്വല്ലറി റീട്ടെയ്‌ലറായി നിലകൊള്ളുന്നു, ഇന്ന് ഇന്ത്യയിലുടനീളം ഒന്നിലധികം ഓഫീസുകൾ, ഡിസൈൻ സെന്ററുകൾ, മൊത്തവ്യാപാര യൂണിറ്റുകൾ, ഫാക്ടറികൾ എന്നിവയ്ക്ക് പുറമെ മിഡിൽഈസ്റ്റ്, ഫാർ ഈസ്റ്റ്, യുഎസ്എ, യുകെ, കാനഡ, ഓസ്ട്രേലിയ & ന്യൂസീലൻഡ് എന്ന് തുടങ്ങി 14 രാജ്യങ്ങളിലായി 445 ലധികം റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ മലബാർ ഗോൾഡ് & ഡയമണ്ട്സിനുണ്ട്.

3500ലധികം ഷെയർഹോൾഡർമാരുടെ ഉടമസ്ഥതയിലുള്ള ഗ്രൂപ്പിൽ 26ലധികം രാജ്യങ്ങളിൽ നിന്നുള്ള 30000 ത്തിലധികം പ്രൊഫഷണലുകൾ പ്രവർത്തിക്കുന്നു. www.malabargoldanddiamonds.com എന്ന വെബ്‌സൈറ്റിലൂടെ ഉപഭോക്താക്കളുടെ സൗകര്യത്തിനനുസരിച്ച് അവരുടെ ഇഷ്ട ആഭരണം പർച്ചേസ് ചെയ്യാൻ സാധിക്കുന്നു.

ആധുനിക വനിതകളുടെ അഭിരുചികൾക്കനുയോജ്യമായ ട്രെൻഡി ലൈറ്റ് വെയ്റ്റ് ആഭരണങ്ങൾ മാത്രം നൽകുന്ന MGD ലൈഫ്സ്റ്റൈൽ ജ്വല്ലറിയും പ്രവർത്തിച്ചു വരുന്നു. അറബ് ഉപഭോക്താക്കൾക്ക് മാത്രമായി ബ്രാൻഡ് അവതരിപ്പിക്കുന്ന ഏറ്റവും പുതിയ റീട്ടെയിൽ കൺസെപ്റ്റാണ് Mojawhrtay by Malabar. അറബ് പാരമ്പര്യത്തെ ആധുനിക സൗന്ദര്യവുമായി സംയോജിപ്പിക്കുന്ന ആഭരണശേഖരമാണിത്. മലബാർ ഗ്രൂപ്പ് ആരംഭിച്ചത് മുതൽ പാരിസ്ഥിതികവും സാമൂഹികവുമായ ഉത്തരവാദിത്തം പൂർണമായും നിറവേറ്റികൊണ്ടു ESG (Environmental, Social & Governance) വ്യവസ്ഥയെ അടിസ്ഥാനമാക്കിയാണ് ഓരോപദ്ധതിയും നടപ്പിലാക്കി വരുന്നത്. ആരോഗ്യം, പാർപ്പിടം, ഹംഗർ ഫ്രീ വേൾഡ്, വിദ്യാഭ്യാസം, പരിസ്ഥിതി, സ്ത്രീശാക്തീകരണം തുടങ്ങിയ നിരവധി സാമൂഹ്യപ്രതിബദ്ധതാ പ്രവർത്തനങ്ങളിലും മലബാർ ഗ്രൂപ്പ് നേതൃത്വം നൽകിവരുന്നു. ഉത്തരവാദിത്തത്തിന്റെയും സുസ്ഥിരതയുടെയും തത്വങ്ങൾ ബിസിനസ്സുമായി സംയോജിപ്പിച്ചുകൊണ്ട്, സാമൂഹിക അവബോധമുള്ളതും ഉത്തരവാദിത്തമുള്ളതുമായ ഒരു സ്ഥാപനമായി നിലകൊള്ളാൻ മലബാർ ഗ്രൂപ്പ് അതിന്റെ ESG ലക്ഷ്യങ്ങൾ കാലാകാലങ്ങളിൽ ശക്തിപ്പെടുത്തുന്നു. കൂടാതെ, ലാഭത്തിന്റെ 5% അതാത് രാജ്യങ്ങളിലെ വിവിധ ചാരിറ്റി പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു വരുന്നു.



# 'നോവ' ഒടുവിൽ വെള്ളിത്തിരയിലേക്ക്

മാർവൽ ആരാധകർ ഏറെ നാളായി കാത്തിരിക്കുന്ന സൂപ്പർഹീറോ കഥാപാത്രമായ 'നോവ' ഒടുവിൽ വെള്ളിത്തിരയിലേക്ക് എത്തുന്നു. മാർവൽ സിനിമാറ്റിക് യൂണിവേഴ്സിന്റെ വിഖ്യാത പരമ്പരയായ 'ലോക്കി'യുടെയും ഡോക്ടർ സ്ട്രേഞ്ച് ഇൻ ദ മൾട്ടിവേഴ്സ് ഓഫ് മാഡ്നസ്സ്' എന്ന ചിത്രത്തിന്റെയും പിന്നിൽ പ്രവർത്തിച്ച മൈക്കൽ വാൽഡ്രൺ ആണ് ഈ പുതിയ ചിത്രം എഴുതി സംവിധാനം ചെയ്യാനൊരുങ്ങുന്നത്.പ്രാരംഭ ഘട്ടത്തിലുള്ള ഈ ചിത്രത്തിന്റെ കൂടുതൽ വിവരങ്ങൾ അണിയറപ്രവർത്തകർ പുറത്തുവിട്ടിട്ടില്ല. പ്രൊജക്റ്റ്നേരത്തെ ഡിസ്നി പ്ലസിന് ഒരു വെബ് സീരീസായാണ് നോവയുടെ പ്രൊജക്റ്റ് വിഭാവനം ചെയ്തിരുന്നത്. 'മൂൺ നൈറ്റ്' എന്ന പരമ്പരയുടെ തിരക്കഥാകൃത്തായ സാബിർ പിർസാദയായിരുന്നു അന്ന് ഇതിനായി തിരക്കഥ എഴുതിയിരുന്നത്. എന്നാൽ കഴിഞ്ഞ വർഷം ചില കാരണങ്ങളാൽ ഈ സീരീസ് പദ്ധതി മാർവൽ സ്റ്റുഡിയോസ് ഉപേക്ഷിക്കുകയായിരുന്നു. ഇപ്പോൾ പ്രൊജക്റ്റ് ഒരു ബിഗ് സ്ക്രീൻ ഫീച്ചർ ഫിലിം ആയി മാറ്റാനും, അതിന്റെ പൂർണ്ണ ചുമതല മൈക്കൽ വാൽഡ്രണെ ഏൽപ്പിക്കാനും മാർവൽ തീരുമാനിക്കുകയായിരുന്നു. 1976-ൽ പുറത്തിറങ്ങിയ 'സൂപ്പർ അഡ്വഞ്ചേഴ്സ്' കോമിക്കിലൂടെയാണ് നോവ എന്ന കഥാപാത്രം ആദ്യമായി ആരാധകർക്ക് മുന്നിലെത്തുന്നത്. ഗാലക്സിയിലെ ക്രമസമാധാനം കാത്തുസൂക്ഷിക്കുന്ന 'നോവ കോർപ്സ്' എന്ന ബഹിരാകാശ പോലീസ് സേനയിലെ അംഗമാണ് നോവ. അമാനുഷികമായ കരുത്ത്, അതിവേഗത്തിൽ പറക്കാനുള്ള കഴിവ്, പരിക്കുകളെ പ്രതിരോധിക്കാനുള്ള ശേഷി എന്നിവയാണ് നോവയുടെ പ്രധാന ശക്തികൾ. മാർവലിലെ വാൽഡ്രൺ യുഗംമാർവൽ സ്റ്റുഡിയോസുമായി അടുത്ത ബന്ധമുള്ള എഴുത്തുകാരനാണ് മൈക്കൽ വാൽഡ്രൺ.





# ഹോളിവുഡിൽ അരങ്ങേറ്റത്തിന് പിങ്ക് പാന്തറസ്

പ്രശസ്ത ബ്രിട്ടീഷ് പോപ്പ് ഗായിക പിങ്ക്പാന്തറസ് അഭിനയരംഗത്തേക്ക് ചുവടുവെക്കുന്നു. ഓസ്കാർ ജേതാക്കളായ 'എവരിതിങ് എവരിവെയർ ഓൾ അറ്റ് വൺസ്' എന്ന ചിത്രത്തിന്റെ സംവിധായകരായ ഡാനിയൽ ക്വാൻ, ഡാനിയൽ ഷീനർട്ട് എന്നിവർ ഒരുക്കുന്ന പുതിയ ചിത്രത്തിലൂടെയാണ് താരം ഹോളിവുഡിൽ അരങ്ങേറ്റം കുറിക്കുന്നത്. ഹോളിവുഡ് സൂപ്പർ താരം മാറ്റ് ഡാമൻ ആണ് ഈ ബിഗ് ബജറ്റ് ചിത്രത്തിൽ പ്രധാന വേഷത്തിലെത്തുന്നത്.യൂണിവേഴ്സൽ സ്റ്റുഡിയോസ് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ പേരോ കഥയോ കഥാപാത്രങ്ങളെക്കുറിച്ചുള്ള വിവരങ്ങളോ അണിയറപ്രവർത്തകർ ഇതുവരെ പുറത്തുവിട്ടിട്ടില്ല. മാറ്റ് ഡാമനും പിങ്ക്പാന്തറസിനും പുറമെ സാന്ദ്ര ഓ, ചാർളി മെൽട്ടൺ തുടങ്ങി വലിയൊരു താരനിര തന്നെ ചിത്രത്തിൽ അണിനിരക്കുന്നു. ഡാനിയൽസും ജോനാഥൻ വാങ്ങും ചേർന്നാണ് ഈ ചിത്രം നിർമ്മിക്കുന്നത്. 2027-ലാണ് സിനിമ തിയേറ്ററുകളിൽ എത്തുക. വിക്ടോറിയ വാക്കർ എന്ന യഥാർത്ഥ പേരുള്ള പിങ്ക്പാന്തറസ് 2019-ലാണ് സംഗീത ലോകത്ത് സജീവമാകുന്നത്. 2021-ലെ 'ടു ഹെൽ വിത്ത് ഇറ്റ്' എന്ന മിക്സ് ടേപ്പിലൂടെ ശ്രദ്ധേയയായ താരം, 2023-ൽ 'ഹെവൻ നോസ്' എന്ന ആദ്യ സ്റ്റുഡിയോ ആൽബം പുറത്തിറക്കി.2025-ൽ പുറത്തിറങ്ങിയ 'ഫാൻസി ദാറ്റ്' എന്ന ആൽബത്തിലെ 'ഇല്ലീഗൽ' എന്ന ട്രാക്കിലൂടെ മികച്ച ഡാൻസ് പോപ്പ് റെക്കോർഡിംഗ് ഉൾപ്പെടെ ര് ഗ്രാമി നാമനിർദ്ദേശങ്ങൾ സ്വന്തമാക്കിയ ശേഷമാണ് താരം ഇപ്പോൾ സിനിമാ ലോകത്തേക്ക് ചുവടുവെക്കുന്നത്.

## 'ദി കൺജറിംഗ്" പ്രീക്വൽ വരുന്നു; ഗാരറ്റ് വേറിങ്ങും അമാൻഡയും മുഖ്യ വേഷത്തിൽ




ഹൊറർ സിനിമാ പ്രേമികളെ ഒന്നടങ്കം ഭയപ്പെടുത്തുകയും ആവേശം കൊള്ളിക്കുകയും ചെയ്ത 'ദി കൺജറിംഗ്' പരമ്പരയിലെ പുതിയ ചിത്രം പ്രഖ്യാപിച്ചു. ലോകമെമ്പാടും വലിയ വിജയമായി മാറിയ ഈ ഫ്രാഞ്ചൈസിയിലെ പുതിയ ചിത്രത്തിന് 'ദി കൺജറിംഗ്: ഫസ്റ്റ് കമ്മ്യൂണിയൻ' എന്നാണ് പേരിട്ടിരിക്കുന്നത്. പ്രശസ്ത പാരനോർമൽ ഗവേഷകരായ എഡ് വാറൻ, ലൊറൈൻ വാറൻ എന്നിവരുടെ ചെറുപ്പകാലത്തെ കഥ പറയുന്ന ഒരു പ്രീക്വൽ ചിത്രമായിരിക്കും ഇത്. പുതിയ എഡ് വാറനും ലൊറൈൻ വാറനും ഇതുവരെയുള്ള ചിത്രങ്ങളിൽ പാട്രിക് വിൽസണും വേര ഫാർമിഗയുമാണ് ഈ ദമ്പതികളെ അവതരിപ്പിച്ചിരുന്നതെങ്കിൽ, പുതിയ ചിത്രത്തിൽ ഇവരുടെ ചെറുപ്പകാലം അവതരിപ്പിക്കാൻ യുവതാരങ്ങളെയാണ് അണിയറപ്രവർത്തകർ നിശ്ചയിച്ചിരിക്കുന്നത്. ഗാരറ്റ് വേറിങ് നടനാണ് ചെറുപ്പക്കാരനായ എഡ് വാറൻ ആയി വേഷമിടുന്നത്. 'മാനിഫെസ്റ്റ്', 'റാൻസം കാന്യൻ' തുടങ്ങിയ ജനപ്രിയ പരമ്പരകളിലൂടെ ശ്രദ്ധേയനാണ് ഗാരറ്റ്. കനേഡിയൻ നടിയായ അമാൻഡ ഫിക്സ് യുവതിയായ ലൊറൈൻ വാറൻ ആയി അഭിനയിക്കും. എക്കോസ്', 'ഹൈ സ്കൂൾ' തുടങ്ങിയ ചിത്രങ്ങളിലൂടെയും സീരീസുകളിലൂടെയും പ്രശസ്തയാണ് താരം. റോഡ്രിഗ് ഹുവാർട്ട് സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിന് തിരക്കഥയൊരുക്കുന്നത് 'ദി നൺ 2', 'ദി കൺജറിംഗ്: ലാസ്റ്റ് റൈറ്റ്സ്' എന്നീ ചിത്രങ്ങളുടെ തിരക്കഥാകൃത്തുക്കളായ ഇയാൻ ഗോൾഡ്ബെർഗും റിച്ചാർഡ് നെയ്ംഗും ചേർന്നാണ്. സിനിമയുടെ ചിത്രീകരണം ഇതിനോടകം തന്നെ ആരംഭിച്ചുകഴിഞ്ഞു.

## അനിരുദ്ധ് രവിചന്ദറിനൊപ്പം വേടൻ



തമിഴിൽ ഏറ്റവും ആരാധകരുള്ള സംഗീത സംവിധായകനായ അനിരുദ്ധ് രവിചന്ദറിനൊപ്പം മലയാളികളുടെ പ്രിയ റാപ്പർ ആയ വേടൻ. അരുൺ മാതേശ്വരൻ സംവിധാനം ചെയ്യുന്ന ഡിസി എന്ന ചിത്രത്തിലാണ് ഈ എക്സൈറ്റിംഗ് കോമ്പോ എന്നാണ് സൂചന. അനിരുദ്ധിനൊപ്പം സ്റ്റുഡിയോയിൽ നിന്നുള്ള ചിത്രം വേടൻ തന്നെ സോഷ്യൽ മീഡിയയിൽ പങ്കുവച്ചതോടെയാണ് സിനിമാപ്രേമികൾക്കിടയിൽ ഇത് ചർച്ചയായത്. ഇത് ഡിസി എന്ന ചിത്രത്തിന് വേിയുള്ളതാണെന്ന് നിരവധി പോസ്റ്റുകൾ വരുന്നു്. എന്നാൽ ചിത്രം പങ്കുവച്ചു എന്നല്ലാതെ കൂടുതലൊന്നും വേടൻ പോസ്റ്റിൽ അറിയിച്ചിട്ടില്ല. എങ്കിലും ഇത് കൊളാബറേഷൻ തന്നെയാണെന്ന വിശ്വാസത്തിലാണ് ആസ്വാദകർ.റോക്കിയും ക്യാപ്റ്റൻ മില്ലറുമൊക്കെ ഒരുക്കിയ അരുൺ മാതേശ്വരൻറെ ഏറ്റവും പുതിയ ചിത്രമാണ് റോക്കി. സംവിധായകൻ ലോകേഷ് കനകരാജ് ആണ് നായകൻ. വമിക ഗബ്ബിയാണ് നായിക. ലോകേഷിൻറെ നായക കഥാപാത്രമായ ദേവദാസും വമികയുടെ ചന്ദ്രയും ചേർന്നാണ് ചിത്രത്തിൻറെ ഡിസി എന്ന ടൈറ്റിൽ രൂപപ്പെട്ടിരിക്കുന്നത്. നേരത്തെ പുറത്തെത്തിയ ചിത്രത്തിന്റെ ട്രെയ്‌ലർ പ്രേക്ഷകശ്രദ്ധ നേടിയിരുന്നു. ആക്ഷനും ഇമോഷനും ഡ്രാമയും ഒക്കെ ചേരുന്ന ഒരു ചിത്രമാവും ഇതെന്ന സൂചന തരുന്നതായിരുന്നു ട്രെയ്‌ലർ.

CELEBRATING OUR 30TH ANNIVERSARY

Chavara Matrimony.com
Connecting Hearts since 1996

ഹൃദയങ്ങൾ ഒന്നായ 30 വർഷങ്ങൾ



**Fr. Anil Philip CMI**, Director | **Johnson C Abraham**, Executive Director

**Groom**

Knanaya Catholic,30,175 cm, Pharm D, Working as a Pharmacist in USA. Settled in USA. Father is a Businessman,. Looking well educated and settled in USA,UK or Itally. **ChavaraMatrimony ID: CM1195396 . Ph. +1 73273 77817**

Syrian Catholic,30,152cm, BDS,MPH,Worked as a Dentist in Kottayam. Now Doing MPH in USA. Native of Kottayam. Looking for well educated and employed preferably in USA **ChavaraMatrimony ID: CM1152017. Ph. +1 73273 77817**

Syrian Catholic, 26,155cm, B.Sc Nurse working in USA.Native of Kasargod, Upper middle class Family,Settled in USA. Looking for a well educated and employed partner in USA only.. **ChavaraMatrimony ID: CM1138479. Ph. +1 73273 77817**

Marthomite, 25, 158cm, MS CS, Working as a Data Scientist at a Bay Area company in USA. Upper Middle class Family, Born and brought up in USA. Looking for Groom Born and Brought up in US. **ChavaraMatrimony ID: CM1247219. Ph. +1 73273 77817**

Syrian Catholic,28,158cm, B.Sc. Pursuing Masters in Environment Science,Working as an Analyst in Canada. Upper middle class Family,settled in Canada. Looking for partner Born and Brought up in USA or Canada. **ChavaraMatrimony ID: CM1177459. Ph. +1 73273 77817**

Syrian Catholic,21,168cm, Bachelors in Urban Planning, Recently Graduated.Upper middle class family, US Citizen. Looking for a suitable partner in USA. **ChavaraMatrimony ID: CM1252731. Ph. +1 73273 77817.**

Syrian Catholic,26,171cm, Third year Medical Student at UT Southwestern University at Dallas. Upper middle class Family, Native of Thrissur, Settled in USA. Looking for well educated and employed in USA. **ChavaraMatrimony ID: CM1253026. Ph. +1 73273 77817.**

Latin Catholic,25,157cm,BS, Biological Science, Scientist /Researcher in USA. US citizen. Looking for a Suitable Partner. **ChavaraMatrimony ID: CM1255334. Ph. +1 73273 77817.**

Syrian Catholic,28,158cm,B.Com, B.Sc,Doing MBA in USA. Upper Middle class family, Native of Kottayam, settled in USA. Looking for a well educated and employed partner preferably in USA or India. **ChavaraMatrimony ID: CM1130498. Ph. +1 73273 77817.**

Malankara Catholic,29,152cm, Doctorate in Physical Therapy, Working as Physical Therapist in USA. Upper middle class family residing at USA. Looking for Medical or Paramedical professional in USA. **ChavaraMatrimony ID: CM1210481. Ph. +1 73273 77817.**

Celebrating 30 Years of Trust !

2 LAKH Weddings

4 LAKH Happy Families



**Bride**

Latin Catholic,27,180 cm, BA Film Editing, Movie Editor & Photography., Working in Freelancer in USA. Father is Ayurveda Pharmacist,Native of Kollam.. Looking for a Suitable partner settled in USA **ChavaraMatrimony ID: CM1202346. Ph. +1 73273 77817**

Syrian Catholic,30,165cm, Masters inHealth Informatics ,Working as a Senior Operation Associate in USA. Native of Kottayam, Settled in USA. Looking for suitable partner.**ChavaraMatrimony ID: CM1104610. Ph. +1 73273 77817**

Knanaya Catholic, 31,180cm BS – CS, pursuing EMBA, Working as a Software Engineer in USA. Well settled family lives in USA. Looking for Suitable match from well settled families. **ChavaraMatrimony ID: CM997158. Ph. +1 73273 77817**

Latin Catholic,30,175cm,B.Sc (Hons), Working as an Administrative Professional in Canada. Upper middle class Family,settled in Canada., Native of Ernakulam. Looking for an educated,well settled and family oriented partner. **ChavaraMatrimony ID: CM1148193. Ph. +1 73273 77817**

Syrian Catholic,31,176cm, Business & Finance Major and Law Degree,Working as a Corporate Lawyer in USA. Upper middle class Family,Native of Pathanamthitta, settled in USA.Looking for a suitable partner preferably in USA, Canada, Australia, UAE.

**ChavaraMatrimony ID: CM1251067. Ph. +1 73273 77817**

Latin Catholic,27,178cm,MS EE, Working as an Electrical Engineer in USA. Upper Middle class Family, Native of Gujarat. Looking for a Suitable partner. **ChavaraMatrimony ID: CM1203936. Ph. +1 73273 77817**

Syrian Catholic,27,178cm, B.Sc IT, Working as a Client Support Analyst in USA.Native of Kottayam,Residing in USA. Looking for an educated and employed partner in USA. **ChavaraMatrimony ID: CM1243012. Ph. +1 73273 77817**

Syrian Catholic.27,170cm, B.Tech, PG Diploma. Working as a IT Professional and pursuing a career in the technology industry in Canada.Native of Malappuram, Work permit in Canada. Looking for a Suitable Partner. **ChavaraMatrimony ID: CM1249251. Ph. +1 73273 77817**

Latin Catholic,32,170cm, PG Manufacturing Mgnt., Working as Project Manager-Canada.Native of TVM, Residing in Canada. Looking for well educ ated and employed partner. **ChavaraMatrimony ID: Cm1224256. Ph. +1 73273 77817**

Syrian Catholic,29,178cm Master of Information Systems Security Mgnt.,Working as a Business Development & IT Manager in Canada. UMC family, Native of Maharashtra, settled in Canada. Looking for a Suitable Partner. **ChavaraMatrimony ID: CM1249780. Ph. +1 73273 77817**

Chavara Family Welfare Centre
സി.എം.ഐ വൈദികർ നേതൃത്വം നൽകുന്നു
H.O Chavara Cultural Centre, Kochi
99617 44444 0484 40 80 333 1800 103 4080

32 Branches in Kerala, Bangalore, Chennai, Mumbai, Delhi & USA

1000, Woodbridge Center Drive, Woodbridge, New Jersey, NJ 07095, USA
NEW JERSEY, USA: +1 732 737 7817
Call us Ms. Simmy Elizabeth USA Coordinator +91 93499 10776

Scan QR Code to Register Your Profile

## നിങ്ങളുടെ ജിമെയിലും ഫോണും സുരക്ഷിതമാണോ? ഇന്ന് തന്നെ മാറ്റേണ്ട 5 ഗൂഗിൾ സെറ്റിംഗ്സ്!

ഡിജിറ്റൽ ലോകത്ത് നമ്മുടെ വ്യക്തിവിവരങ്ങളുടെയും ബാങ്കിംഗ് ഇടപാടുകളുടെയും പ്രധാന താക്കോൽ ഗൂഗിൾ അക്കൗണ്ടുകൾ തന്നെയാണ്. ജിമെയിൽ, യൂട്യൂബ്, ഗൂഗിൾ ഫോട്ടോസ്, ഡ്രൈവ് തുടങ്ങി ഒട്ടനവധി സേവനങ്ങൾ ഇതിലൂടെയാണ് നമ്മൾ ഉപയോഗിക്കുന്നത്. എന്നാൽ, നിങ്ങളുടെ ഈ പ്രധാനപ്പെട്ട ഡിജിറ്റൽ അക്കൗണ്ട് എത്രത്തോളം സുരക്ഷിതമാണ്? ഒരു ചെറിയ അശ്രദ്ധ കൊണ്ട് അക്കൗണ്ട് ഹാക്ക് ചെയ്യപ്പെട്ടാൽ ഉണ്ടാകുന്ന നഷ്ടങ്ങൾ വളരെ വലുതായിരിക്കും.

ഭാവിയെ ഓർത്ത് ഖേദിക്കാതിരിക്കാൻ, നിങ്ങളുടെ ഗൂഗിൾ അക്കൗണ്ടിൽ ഇന്ന് തന്നെ മാറ്റിയിരിക്കേണ്ട അഞ്ച് പ്രധാനപ്പെട്ട സുരക്ഷാ ക്രമീകരണങ്ങൾ താഴെ നൽകുന്നു.




### 1. പഴയതും പരിചിതമല്ലാത്തതുമായ ഉപകരണങ്ങൾ അൺലിങ്ക് ചെയ്യുക

നമ്മൾ പലപ്പോഴായി ലോഗിൻ ചെയ്ത പഴയ ഫോണുകളോ കമ്പ്യൂട്ടറുകളോ ഇപ്പോഴും നമ്മുടെ ഗൂഗിൾ അക്കൗണ്ടുമായി ബന്ധിപ്പിച്ചിട്ടുണ്ടാകാം. ഈ ലിസ്റ്റ് കൃത്യമായി പരിശോധിച്ച് ആവശ്യമില്ലാത്തവ നീക്കം ചെയ്യേണ്ടത് അനിവാര്യമാണ്.

- **എങ്ങനെ ചെയ്യാം:** Google Account > Securtiy > Manage All Devices എന്ന ക്രമീകരണത്തിൽ പോയി, നിങ്ങൾ ഇപ്പോൾ ഉപയോഗിക്കാത്തതോ നിങ്ങൾക്ക് അറിയാത്തതോ ആയ ഉപകരണങ്ങൾ തിരഞ്ഞെടുത്ത് 'Sign Out' ചെയ്യുക.

### 2. ടുസ്റ്റെപ്പ് വെരിഫിക്കേഷൻ എപ്പോഴും ഓൺ ആക്കി വെക്കുക

നിങ്ങളുടെ പാസ്‌വേഡ് മറ്റൊരാൾക്ക് ലഭിച്ചാൽ പോലും അക്കൗണ്ടിലേക്ക് കടക്കാതിരിക്കാനുള്ള ഏറ്റവും ശക്തമായ പ്രതിരോധമാണിത്. ഇതിലൂടെ പുതിയൊരു ഉപകരണത്തിൽ ലോഗിൻ ചെയ്യാൻ ശ്രമിക്കുമ്പോൾ നിങ്ങളുടെ ഫോണിലേക്ക് ഒരു ഒടിപിയോ അല്ലെങ്കിൽ ഗൂഗിൾ പ്രോംപ്റ്റോ ലഭിക്കും.

- **എങ്ങനെ ചെയ്യാം:** സെക്യൂരിറ്റി ടാബിൽ പോയി '2-Step Verification' ഓൺ ചെയ്യുക. ആവശ്യമെങ്കിൽ ഗൂഗിൾ ഓതന്റിക്കേറ്റർ ആപ്പോ അല്ലെങ്കിൽ ബാക്കപ്പ് കോഡുകളോ സുരക്ഷക്കായി സൂക്ഷിക്കാവുന്നതാണ്.

### 3. സമീപകാല സെക്യൂരിറ്റി ആക്റ്റിവിറ്റികൾ പരിശോധിക്കുക

നിങ്ങളുടെ അക്കൗണ്ടിൽ നടന്ന സമീപകാല ലോഗിനുകൾ, പാസ്‌വേഡ് മാറ്റങ്ങൾ, സുരക്ഷാ അപ്ഡേറ്റുകൾ എന്നിവയുടെ ഒരു ടൈംലൈൻ ഗൂഗിൾ നൽകുന്നുണ്ട്. നിങ്ങൾ അറിയാതെ ആരെങ്കിലും അക്കൗണ്ടിൽ കയറാൻ ശ്രമിച്ചിട്ടുണ്ടോ എന്ന് കണ്ടെത്താൻ ഇത് സഹായിക്കും.

- **എങ്ങനെ ചെയ്യാം:** Securtiy പേജിലെ 'Recent securtiy activtiy' പരിശോധിക്കുക. നിങ്ങൾ ചെയ്യാത്ത എന്തെങ്കിലും മാറ്റങ്ങൾ ശ്രദ്ധയിൽ പെട്ടാൽ ഉടനടി പാസ്‌വേഡ് മാറ്റുകയും എല്ലാ ഉപകരണങ്ങളിൽ നിന്നും സൈൻ ഔട്ട് ചെയ്യുകയും ചെയ്യുക.

### 4. സേവ് ചെയ്ത പാസ്‌വേഡുകൾ മാനേജ് ചെയ്യുക

ഗൂഗിൾ ക്രോമിലും അക്കൗണ്ടിലും പാസ്‌വേഡുകൾ സേവ് ചെയ്തു വെക്കുന്ന ശീലം പലർക്കുമുണ്ട്. എന്നാൽ ഒരേ പാസ്‌വേഡ് തന്നെ പല വെബ്സൈറ്റുകൾക്കായി ഉപയോഗിക്കുന്നത് (Password Reuse) വലിയ സുരക്ഷാ ഭീഷണിയാണ്. ഏതെങ്കിലും ഒരു സൈറ്റ് ഹാക്ക് ചെയ്യപ്പെട്ടാൽ നിങ്ങളുടെ ഗൂഗിൾ അക്കൗണ്ടും അപകടത്തിലാകും.

- **എങ്ങനെ ചെയ്യാം:** ഗൂഗിളിന്റെ 'Password Manager' വഴി നിങ്ങളുടെ പാസ്‌വേഡുകൾ സുരക്ഷിതമാണോ എന്ന് പരിശോധിക്കുക (Password Checkup). ദുർബലമായ പാസ്‌വേഡുകളും ഒന്നിലധികം തവണ ഉപയോഗിച്ച പാസ്‌വേഡുകളും മാറ്റി ശക്തമായ പുതിയ പാസ്‌വേഡുകൾ നൽകുക.

### 5. റിക്കവറി വിവരങ്ങൾ കൃത്യമായി നിലനിർത്തുക

അക്കൗണ്ട് ലോക്ക് ആയിപ്പോയാലോ മറ്റാരെങ്കിലും ഹാക്ക് ചെയ്താലോ അത് തിരിച്ചുപിടിക്കാനുള്ള ഏക വഴി കൃത്യമായ റിക്കവറി ഫോൺ നമ്പറും ഇമെയിൽ വിലാസവുമാണ്. പലരും വർഷങ്ങൾക്ക് മുൻപ് ഉപേക്ഷിച്ച നമ്പറുകളായിരിക്കും ഇതിനായി നൽകിയിട്ടുണ്ടാകുക.

- **എങ്ങനെ ചെയ്യാം:** സെക്യൂരിറ്റി ടാബിലെ 'Ways we can verify it's you' എന്ന ഭാഗത്ത് പോയി നിലവിൽ നിങ്ങൾ ഉപയോഗിക്കുന്ന ഫോൺ നമ്പറും ഇമെയിലും തന്നെയാണോ റിക്കവറിക്കായി നൽകിയിരിക്കുന്നത് എന്ന് ഉറപ്പുവരുത്തുക.

ഡിജിറ്റൽ യുഗത്തിൽ സുരക്ഷ എന്നത് മുൻകരുതലുകളിലാണ്. മിനിറ്റുകൾ മാത്രം ചെലവഴിച്ച് ഈ 5 ക്രമീകരണങ്ങൾ ഇപ്പോൾ തന്നെ പരിശോധിക്കുന്നത് വഴി വലിയൊരു ഡിജിറ്റൽ കെണിയിൽ നിന്നും നിങ്ങളുടെ ഗൂഗിൾ അക്കൗണ്ടിനെ സുരക്ഷിതമാക്കാം.




◗ റോബിൻസ് ആന്റണി

## കുട്ടികളുടെ സോഷ്യൽ മീഡിയ ഉപയോഗത്തിന് മൂക്കുകയറിടാൻ യൂറോപ്യൻ യൂണിയൻ



ആഗോളതലത്തിൽ കുട്ടികളുടെ മാനസികാരോഗ്യത്തെയും സുരക്ഷയെയും മുൻനിർത്തി സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾക്ക് കർശനമായ പ്രായപരിധി നിശ്ചയിക്കാൻ യൂറോപ്യൻ യൂണിയൻ പുതിയ നിയമനിർമ്മാണത്തിന് ഒരുങ്ങുന്നു. കുട്ടികളുടെ പ്രായത്തിന് അനുസരിച്ചുള്ള ഘട്ടങ്ങളായുള്ള നിയന്ത്രണങ്ങളാണ് പുതിയ നയത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്ൻ ഔദ്യോഗികമായി പ്രഖ്യാപിച്ചു. വൻകിട ടെക്നോളജി കമ്പനികൾ കുട്ടികളുടെ വിവരങ്ങൾ ദുരുപയോഗം ചെയ്യുന്നതും അവരെ അടിമപ്പെടുത്തുന്നതുമായ അൽഗോരിതങ്ങൾ ഉപയോഗിക്കുന്നത് തടയാൻ ഈ പുതിയ നിയമം വഴിതുറക്കും.

സോഷ്യൽ മീഡിയ ഉപയോഗിക്കാൻ കുട്ടികൾക്ക് കൃത്യമായ ഒരു പ്രായപരിധി നിശ്ചയിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്ന് ഉർസുല വോൺ ഡെർ ലെയ്ൻ വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി. കുട്ടികൾക്ക് ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുന്നതിന് മുൻപ് കാറിന്റെ താക്കോൽ നൽകുകയോ പ്രായപൂർത്തിയാകുന്നതിന് മുൻപ് മദ്യം വാങ്ങാൻ അനുവദിക്കുകയോ ചെയ്യാത്തതുപോലെ സോഷ്യൽ മീഡിയയുടെ കാര്യത്തിലും വ്യക്തമായ നിയമങ്ങൾ വേണം. കുട്ടികൾ സോഷ്യൽ മീഡിയ ഉപയോഗിക്കുന്നതിനേക്കാൾ വലിയ ഭീഷണി സോഷ്യൽ മീഡിയ കുട്ടികളെ തങ്ങളുടെ വരുതിയിലാക്കുന്നതാണെന്ന് അവർ ഓർമ്മിപ്പിച്ചു.

യൂറോപ്യൻ യൂണിയൻ നിയോഗിച്ച പ്രത്യേക വിദഗ്ദ്ധ സമിതി സമർപ്പിച്ച വിശദമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ പുതിയ സാങ്കേതിക വിപണി നിയന്ത്രണങ്ങൾ വരുന്നത്. 13 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് രക്ഷിതാക്കളുടെയോ അധ്യാപകരുടെയോ കർശനമായ മേൽനോട്ടമില്ലാതെ സോഷ്യൽ മീഡിയ നൽകരുതെന്നാണ് സമിതി പ്രധാനമായും ശുപാർശ ചെയ്തിട്ടുള്ളത്. കൂടാതെ മൂന്ന് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് യാതൊരുവിധ സ്ക്രീൻ ഉപയോഗവും അനുവദിക്കരുത് എന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

മെറ്റാ, ടിക്ടോക് തുടങ്ങിയ പ്രമുഖ ആഗോള കമ്പനികളുടെ ആപ്ലിക്കേഷനുകളിൽ കാണുന്ന ഇൻഫിനിറ്റ് സ്ക്രോളിംഗ് പോലുള്ള അടിമപ്പെടുത്തുന്ന സവിശേഷതകൾ കുട്ടികളുടെ മസ്തിഷ്ക വികാസത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്.

തങ്ങളുടെ ഉൽപ്പന്നങ്ങൾ കുട്ടികൾക്ക് സുരക്ഷിതമാണെന്ന് തെളിയിക്കേണ്ട പൂർണ്ണമായ ബാധ്യത ഇനി മുതൽ കമ്പനികൾക്ക് മാത്രമായിരിക്കുമെന്നാണ് യൂറോപ്യൻ കമ്മീഷൻ വ്യക്തമാക്കുന്നത്. ഈ വർഷം അവസാനത്തോടെ യൂറോപ്യൻ പാർലമെന്റിന്റെ പരിഗണനയ്ക്കായി പുതിയ കരട് നിയമം സമർപ്പിക്കാനാണ് നിലവിൽ ആസൂത്രണം ചെയ്യുന്നത്.

അതിർത്തികൾ കടന്നുള്ള ആഗോള സാങ്കേതിക തർക്കങ്ങൾക്കിടയിലും കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ പുതിയ ഡിജിറ്റൽ വെരിഫിക്കേഷൻ ആപ്ലിക്കേഷൻ വികസിപ്പിക്കാനും യൂറോപ്യൻ യൂണിയൻ ആലോചിക്കുന്നുണ്ട്. ഫ്രാൻസ്, സ്പെയിൻ, ഗ്രീസ് തുടങ്ങിയ നിരവധി യൂറോപ്യൻ രാജ്യങ്ങൾ ഇതിനകം തന്നെ സ്വന്തം നിലയിൽ കുട്ടികൾക്കായി സോഷ്യൽ മീഡിയ നിയന്ത്രണങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. വിപണിയിലെ വിതരണ ശൃംഖലകളെയും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ ബിസിനസ്സ് മാതൃകകളെയും വലിയ രീതിയിൽ സ്വാധീനിക്കുന്ന ഈ പുതിയ നിയമത്തെ അതീവ ജാഗ്രയോടെയാണ് നയതന്ത്ര ലോകം വീക്ഷിക്കുന്നത്.

## വിൻഡോസ് 11 ഉപയോക്താക്കൾക്കായി പുത്തൻ കാപൈലറ്റ് ഫീച്ചറുമായി മൈക്രോസോഫ്റ്റ്



വിൻഡോസ് 11 ഓപ്പറേറ്റിംഗ് സിസ്റ്റം ഉപയോഗിക്കുന്ന സ്മാർട്ട്ഫോൺ കമ്പ്യൂട്ടർ ഉപയോക്താക്കൾക്ക് വലിയ സഹായകരമാകുന്ന പുത്തൻ സാങ്കേതിക മുന്നേറ്റവുമായി മൈക്രോസോഫ്റ്റ് രംഗത്തെത്തുന്നു. കമ്പ്യൂട്ടറുകളുടെ പ്രവർത്തന വേഗത കുറയുന്നതിനുള്ള യഥാർത്ഥ കാരണങ്ങൾ മുൻകൂട്ടി കണ്ടെത്തി ഉപയോക്താക്കൾക്ക് കൃത്യമായ വിവരങ്ങൾ നൽകാൻ ശേഷിയുള്ള അത്യാധുനിക ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഫീച്ചറാണ് കമ്പനി ഇപ്പോൾ പരീക്ഷിച്ചുവരുന്നത്. പിസി ഇൻസൈറ്റ്സ് എന്ന് പേരിട്ടിരിക്കുന്ന ഈ പുതിയ കോപൈലറ്റ് സംവിധാനം കമ്പ്യൂട്ടറിലെ തകരാറുകൾ വളരെ ലളിതമായി കണ്ടെത്താൻ സഹായിക്കും.

സാധാരണയായി കമ്പ്യൂട്ടർ സ്ലോ ആകുന്ന സമയത്ത് ഉപയോക്താക്കൾ ടാസ്ക് മാനേജറോ റിസോഴ്സ് മോണിറ്ററോ തുറന്ന് നോക്കുകയാണ് ചെയ്യാറുള്ളത്. എന്നാൽ സാധാരണക്കാരായ ഉപയോക്താക്കൾക്ക് ഇത്തരം സിസ്റ്റം ആപ്ലിക്കേഷനുകളിലെ സാങ്കേതിക വിവരങ്ങൾ കൃത്യമായി മനസ്സിലാക്കാൻ സാധിക്കാറില്ല. ഈ പ്രതിസന്ധി പൂർണ്ണമായി പരിഹരിക്കാൻ പുതിയ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഫീച്ചറിലൂടെ സാധിക്കുമെന്നാണ് മൈക്രോസോഫ്റ്റ് അവകാശപ്പെടുന്നത്.

കമ്പ്യൂട്ടറിന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് ഉപയോക്താക്കൾ ചോദിക്കുന്ന തത്സമയ ചോദ്യങ്ങൾക്ക് കൃത്യമായ മറുപടി നൽകാൻ കോപൈലറ്റിന് സാധിക്കും. സിസ്റ്റം റിസോഴ്സുകളായ സിപിയു, റാം, ഗ്രാഫിക്സ് കാർഡ് ഉപയോഗം എന്നിവ അതീവ കൃത്യയോടെ നിരീക്ഷിച്ചാണ് എഐ മറുപടി നൽകുന്നത്. കമ്പ്യൂട്ടറിലെ സ്റ്റോറേജ് ശേഷി എത്രത്തോളം ബാക്കിയുണ്ടെന്നും അത്യാധുനിക ഗെയിമുകൾ ഇൻസ്റ്റാൾ ചെയ്യാൻ ആവശ്യമായ സ്ഥലം ലഭ്യമാണോ എന്നും കോപൈലറ്റ് പറഞ്ഞുതരും.

ഉപയോക്താക്കളുടെ വ്യക്തമായ അനുവാദത്തോടെ മാത്രമായിരിക്കും ഈ അത്യാധുനിക എഐ ഫീച്ചർ കമ്പ്യൂട്ടറിലെ ഡാറ്റ പരിശോധിക്കുക. ഉപയോക്താക്കളുടെ സ്വകാര്യ ഫയലുകളിലെ ഉള്ളടക്കങ്ങൾ ഒന്നും തന്നെ ഈ സംവിധാനം പരിശോധിക്കുകയോ കമ്പനിയുടെ മോഡലുകൾ പരിശീലിപ്പിക്കാൻ ഉപയോഗിക്കുകയോ ഇല്ല. ഡൗൺലോഡ്സ്, ഡോക്യുമെന്റ്സ് തുടങ്ങിയ ഫോൾഡറുകളുടെ വലിപ്പം മാത്രം കണക്കാക്കി സിസ്റ്റം മെമ്മറി കൈയാളുന്ന ആപ്ലിക്കേഷനുകളെ തിരിച്ചറിയാൻ മാത്രമേ ഇത് ശ്രമിക്കുകയുള്ളൂ.

കമ്പ്യൂട്ടറുമായി ഘടിപ്പിച്ചിട്ടുള്ള യുഎസ്ബി ഉപകരണങ്ങൾ, എക്സ്റ്റേണൽ ഹാർഡ് ഡ്രൈവുകൾ, പ്രിന്ററുകൾ, വെബ്ക്യാമുകൾ എന്നിവയുടെ നിലവിലെ അവസ്ഥയും ഈ ഫീച്ചർ കൃത്യമായി നിരീക്ഷിക്കും. ബ്ലൂടൂത്ത്, വൈഫൈ കണക്റ്റിവിറ്റികൾ, ബാറ്ററി ആരോഗ്യം, ആന്റിവൈറസ് സ്റ്റാറ്റസ് എന്നിവയും പുതിയ എഐ സംവിധാനത്തിന്റെ പരിധിയിൽ വരും. ലളിതമായ ഭാഷയിൽ കമ്പ്യൂട്ടറിന്റെ ആരോഗ്യസ്ഥിതി മനസ്സിലാക്കാൻ ഇത് സഹായിക്കും.

നിലവിൽ അമേരിക്കയിലെ തിരഞ്ഞെടുക്കപ്പെട്ട ചില ഇൻസൈഡർ ഉപയോക്താക്കൾക്ക് മാത്രമാണ് ഈ പരീക്ഷണാടിസ്ഥാനത്തിലുള്ള ഫീച്ചർ ലഭ്യമാക്കിയിട്ടുള്ളത്. പരീക്ഷണങ്ങൾ പൂർത്തിയാകുന്നതോടെ വരും മാസങ്ങളിൽ ലോകമെമ്പാടുമുള്ള വിൻഡോസ് 11 ഉപയോക്താക്കളിലേക്ക് ഈ അപ്ഡേറ്റ് ഔദ്യോഗികമായി എത്തിച്ചേരും. സിസ്റ്റത്തിലെ പ്രശ്നങ്ങൾ കണ്ടെത്താൻ മാത്രമേ നിലവിൽ ഈ ഫീച്ചറിന് സാധിക്കുകയുള്ളൂ എന്നതും ഇതിന്റെ തകരാറുകൾ നേരിട്ട് പരിഹരിക്കാൻ ഇതിന് അനുമതിയില്ലെന്നതും ശ്രദ്ധേയമാണ്.

എങ്കിലും ഈ അത്യാധുനിക എഐ ഫീച്ചർ പ്രവർത്തിക്കാൻ കമ്പ്യൂട്ടറിലെ റാം മെമ്മറി വലിയ തോതിൽ ഉപയോഗിക്കുന്നുണ്ടെന്ന ആക്ഷേപവും ശക്തമാണ്. പശ്ചാത്തലത്തിൽ പ്രവർത്തിക്കുമ്പോൾ ഏകദേശം ഒരു ജിബി വരെ റാം മെമ്മറി കോപൈലറ്റ് ഉപയോഗിക്കുന്നുണ്ടെന്നാണ് സാങ്കേതിക വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നത്. കമ്പ്യൂട്ടറിന്റെ വേഗത കൂട്ടാൻ എത്തുന്ന ആപ്ലിക്കേഷൻ തന്നെ വലിയ രീതിയിൽ മെമ്മറി ഉപയോഗിക്കുന്നത് സിസ്റ്റം പെർഫോമൻസിനെ ബാധിച്ചേക്കാമെന്നും ചിലർ വിലയിരുത്തുന്നു.

ഇത്തരം സാങ്കേതിക വെല്ലുവിളികൾ പരിഹരിച്ചുകൊണ്ട് വിൻഡോസ് 11ന്റെ അടിസ്ഥാന മെമ്മറി ഉപയോഗം കുറയ്ക്കാനുള്ള വലിയ ശ്രമത്തിലാണ് മൈക്രോസോഫ്റ്റ് ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നത്. കമ്പ്യൂട്ടർ സാങ്കേതിക വിദ്യയിലെ ഈ പുത്തൻ മുന്നേറ്റങ്ങൾ വിപണിയിലെ മറ്റ് ഒൻപത് ആപ്പുകളുടെ വികസനത്തെയും സ്വാധീനിക്കും. ആഗോള ഡിജിറ്റൽ വിപണിയിലും കമ്പ്യൂട്ടർ രംഗത്തും വലിയ മാറ്റങ്ങൾ വരുത്താൻ ശേഷിയുള്ള ഈ പുതിയ എഐ ഫീച്ചറിനെ അതീവ ജാഗ്രയോടെയാണ് ഗാഡ്ജറ്റ് പ്രേമികൾ വീക്ഷിക്കുന്നത്.

## ലോംഗ് ടേം പാലിയേറ്റീവ് ഹോസ്പിറ്റൽ കെയർ

# സൗജന്യമാക്കിയ ശാന്തിഭവന്റെ നോ-ബിൽ മിഷൻ



നാട്ടിൽ നിന്നും എത്രയോ അകലെയാണെങ്കിലും കേരളത്തിലെ ഓരോ സ്പന്ദനവും ഹൃദയത്തിലേറ്റുന്നവരാണ് പ്രവാസി മലയാളികൾ. മറ്റുള്ളവർക്ക് തണലേകാൻ സ്വന്തം ജീവിതം മെഴുകുതിരിപോലെ ഉരുക്കുന്നവരാണ് പ്രവാസികൾ. നിങ്ങൾ ഓരോരുത്തരുടെയും വലിയ മനസ്സിനോടുള്ള ആദരവോടെയാണ് ശാന്തിഭവൻ പാലിയേറ്റീവ് ഹോസ്പിറ്റലിന്റെ നോ - ബിൽ മിഷൻ എന്ന വലിയ ദൗത്യം ഞാൻ പങ്കുവെക്കുന്നത്.

ജീവിതത്തിന്റെ അവസാന നാളുകളിൽ, രോഗത്തിന്റെ കഠിനമായ വേദനയിൽ, ആരുമില്ലാതെ ഒറ്റപ്പെട്ടുപോകുന്ന അവസ്ഥയോളം വലിയൊരു നൊമ്പരം വേറെയില്ല. അവിടെയാണ് ശാന്തിഭവൻ സ്നേഹത്തിന്റെയും, അത്യാധുനിക സൗകര്യങ്ങളോടെയുമുള്ള പാലിയേറ്റീവ് കെയറിന്റെയും



തണൽ വിരിക്കുന്നത്. ലോകത്തിൽ തന്നെ ആദ്യമായി ലോംഗ് ടേം പാലിയേറ്റീവ് ഹോസ്പിറ്റൽ കെയർ അവതരിപ്പിച്ചത് ശാന്തിഭവനാണ്. നിലവിൽ തൃശൂ രിലും തിരുവനന്തപുരത്തുമായി പ്രവർത്തിക്കുന്ന ശാന്തിഭവന്റെ രണ്ട് പാലിയേറ്റീവ് ഹോസ്പിറ്റലു കളിലൂടെ ലോംഗ് ടേം പാലിയേറ്റീവ് ഹോസ്പിറ്റൽ കെയർ സൗജന്യമായി നൽകി വരുന്നു. ഇന്ത്യ യിലെ തന്നെ ആദ്യത്തെ പാലിയേറ്റീവ് ഹോസ്പിറ്റ ലാണ് ശാന്തിഭവൻ. ബില്ലുകളോ ബിൽ കൗണ്ടറുക ളോ ഇല്ലാത്തതിനാൽ കേരളത്തിന്റെ സ്വന്തം നോ - ബിൽ ഹോസ്പിറ്റലായും അറിയപ്പെടുന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്.

49 ബെഡുകളിൽ നിന്നും ഐ.സി.യു, വെന്റിലേറ്റർ സൗകര്യങ്ങളോടെ 99 ബെഡുകളിലേക്ക് ഈ സൗജന്യ ഹോസ്പിറ്റൽ സംവിധാനം വ്യാപിപ്പിച്ചു കഴിഞ്ഞു. കഠിനമായ രോഗാവസ്ഥയിലും, വലിയ ചികിത്സാച്ചെലവ് താങ്ങാനാകാതെ ബുദ്ധിമുട്ടുന്ന പാവപ്പെട്ട വൃക്കരോഗികൾക്കായി സൗജന്യ ഡയാലിസിസ് നൽകുന്ന യൂണിറ്റുകളും രണ്ടു ഹോസ്പിറ്റലുകളിലും പ്രവർത്തിക്കുന്നുണ്ട്. പാലിയേറ്റീവ് ഹോസ്പിറ്റൽ കെയർ മാത്രമല്ല, കിടപ്പിലായ രോഗികളുടെ വീടുകളിലേക്കും ശാന്തിഭവന്റെ മെഡിക്കൽ സംഘം സൗജന്യമായി പാലിയേറ്റീവ് ഹോം കെയർ നൽകി വരുന്നുണ്ട്. മാത്രമല്ല, അടിയന്തര ഘട്ടങ്ങളിൽ 24 മണിക്കൂറും സേവന സന്നദ്ധരായ എമർജൻസി ഹോം കെയറും ശാന്തിഭവന്റെ സൗജന്യ സേവനങ്ങളിലൊന്നാണ്.

ഏഷ്യ ടുഡേ മീഡിയയുടെ നാഷണൽ അവാർഡും ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ സൗജന്യ പാലിയേറ്റീവ് ഹോസ്പിറ്റലിനുള്ള യു.ആർ.എഫ് അംഗീകാരവുമെല്ലാം ഈ കഠിനാധ്വാനത്തിന് ലഭിച്ച വലിയ ഈശ്വരാനുഗ്രഹങ്ങളാണ്.

ഫ്രാൻസിസ്കൻ സിസ്റ്റേഴ്സ് ഓഫ് സെന്റ് ക്ലെയർ സന്യാസിനി സമൂഹത്തിന്റെ ആത്മാർത്ഥമായ പിന്തുണയോടെയാണ് നോ ബിൽ മിഷൻ എന്ന ഈ വലിയ ദൗത്യം മുന്നോട്ട് പോകുന്നത്. ബൈ ദ പീപ്പിൾ, ഫോർ ദ പീപ്പിൾ എ ന്നതാണ് ശാന്തിഭവന്റെ ആപ്തവാക്യം. ലോകമെമ്പാടുമുള്ള മലയാളിക ളുടെ പിന്തുണയോടെയാണ്, നോ ബിൽ മിഷൻ നിലനിർത്തി കൊണ്ടുപോകുന്നത്. എന്നാൽ സൗജന്യ പാലിയേറ്റീവ് ഹോസ്പിറ്റലിൽ അഡ്മി ഷൻ തേടി നിരവധി പേർ ഇപ്പോഴും കാത്തുനിൽ ക്കുന്നുണ്ട്. അർഹിക്കുന്ന മുഴുവൻ പേരിലേക്കും ലോംഗ് ടേം പാലിയേറ്റീവ് ഹോസ്പിറ്റൽ കെയർ ലഭ്യമാക്കുകയെന്നതാണ് ശാന്തിഭവൻ നേരിടുന്ന വെല്ലുവിളി. ഈ സാഹചര്യത്തിലാണ് പ്രവാസിക ളായ മലയാളികളുടെ അടിയന്തര ശ്രദ്ധയിലേക്ക് ശാന്തിഭവന്റെ സൗജന്യ സേവനങ്ങൾ കൊണ്ടുവരു ന്നത്. ഇതിനായി ഓസ്ട്രേല ിയ, അമേരിക്ക, ഇറ്റലി എന്നീ രാജ്യങ്ങളിൽ ശാന്തിഭവൻ പാലിയേറ്റീവ് ഇന്റർനാഷണലിന് രൂപം നൽകിയിട്ടുണ്ട്.

അമേരിക്കയിൽ നിന്നുൾപ്പടെ, ശാന്തിഭവന്റെ നോ ബിൽ മിഷനിലേക്ക് ഡൊണേഷൻ സ്വീകരിക്കുന്നതിനായുള്ള എല്ലാ നിയമപരമായ അനുമതികളും പെർമിഷനുകളും ഇതിനകം ലഭിച്ചുകഴിഞ്ഞു. അമേരിക്കയിൽ ശാന്തിഭവൻ പാലിയേറ്റീവ് ഇന്റർനാഷണലിന്റെ പ്രവർത്തനങ്ങൾ ഔദ്യോഗികമായി ആരംഭിച്ചിട്ടുള്ളതായി ഏറെ സന്തോഷത്തോടെയും അഭിമാനത്തോടെയും അറിയിക്കുന്നു. നോ ബിൽ മിഷനായി താങ്കൾ നൽകുന്ന സാമ്പത്തികമായ പിന്തുണ വേഗത്തിലും സുരക്ഷിതമായും കൈമാറുന്നതിനായി സെല്ലെ (Zelle) പേയ്മെന്റ് പ്ലാറ്റ്ഫോം സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

താങ്കൾ നൽകുന്ന ചെറുതോ വലുതോ ആയ സഹായം, വേദനയാൽ നീറുന്ന ഒരാൾക്കെങ്കിലും ആശ്വാസവും തണലുമായി മാറട്ടെ. ഈ കാരുണ്യ യാത്രയിൽ പങ്കാളികളാകാൻ അമേരിക്കയിലെ എല്ലാ മലയാളി സഹോദരങ്ങളെയും ഞാൻ ഹൃദയപൂർവ്വം ക്ഷണിക്കുന്നു. നിങ്ങളുടെ പ്രാർത്ഥ നയും പിന്തുണയും എപ്പോഴും കൂടെയുണ്ടാകു മെന്നും പ്രതീക്ഷിക്കുന്നു.



ഫാ. ജോയ് കൂത്തൂർ,
കോ ഫൗണ്ടർ, സി.ഇ.ഒ & ട്രസ്റ്റി
ശാന്തിഭവൻ പാലിയേറ്റീവ്
ഹോസ്പിറ്റൽ

**Join the Shanthibhavan Global Network**

**Support No Bill Mission: Zelle: +1 (302) 580-7390**

# കടലിടുക്കിലെ കെണികളും മണലാരണ്യത്തിലെ പുതിയ എണ്ണക്കുഴലുകളും

ആഗോള രാഷ്ട്രീയത്തിലും ആഗോള ഊർജ്ജ വിപണിയിലും ദശാബ്ദങ്ങളായി നിലനിന്നിരുന്ന ഒരു വലിയ ഭയമാണ് ഹോർമുസ് കടലിടുക്കിന്റെ സുരക്ഷ. ലോകത്തിൽ വിതരണം ചെയ്യപ്പെടുന്ന എണ്ണയുടെയും ദ്രവീകൃത പ്രകൃതിവാതകത്തിന്റെയും വലിയൊരു പങ്ക് കടന്നുപോകുന്ന ഈ ഇടുങ്ങിയ ജലപാത എപ്പോൾ വേണമെങ്കിലും ഇറാൻ ഉപരോധിച്ചേക്കാം എന്ന ആശങ്ക നിലവിലുണ്ട്.

ഈ സാങ്കേതിക വെല്ലുവിളിയെയും സുരക്ഷാ ഭീഷണിയെയും മറികടക്കാൻ ഗൾഫ് രാജ്യങ്ങൾ ഇപ്പോൾ കോടിക്കണക്കിന് ഡോളറിന്റെ വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കാണ് തുടക്കം കുറിച്ചിരിക്കുന്നത്.

ഹോർമുസിനെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് പുതിയ തുറമുഖങ്ങളും കിലോമീറ്ററുകൾ നീളുന്ന എണ്ണക്കുഴലുകളും സ്ഥാപിച്ച് വിപണിയിലെ തങ്ങളുടെ അപ്രമാദിത്തം നിലനിർത്താനാണ് അവരുടെ നീക്കം.

യുഎസ്-ഇറാൻ സംഘർഷങ്ങളും കടലിടുക്കിലെ കപ്പലുകൾക്ക് നേരെയുള്ള ഡ്രോൺ ആക്രമണങ്ങളും കാരണം വിതരണ ചിലവുകൾ കുതിച്ചുയർന്ന പശ്ചാത്തലത്തിലാണ് ഈ പുതിയ ബൈപ്പാസ് പദ്ധതികൾക്ക് ഗൾഫ് രാജ്യങ്ങൾ വേഗത കൂട്ടിയത്.

യുണൈറ്റഡ് അറബ് എമിറേറ്റ്സ്, സൗദി അറേബ്യ എന്നീ രാജ്യങ്ങളാണ് ഇത്തരം തന്ത്രപരമായ ബദൽ മാർഗ്ഗങ്ങൾക്കായി ഏറ്റവും കൂടുതൽ പണം നിക്ഷേപിക്കുന്നത്.

കേവലം എണ്ണക്കടത്ത് സുഗമമാക്കുക എന്നതിനപ്പുറം, ഇറാന്റെ ഭൗമശാസ്ത്രപരമായ മേധാവിത്വത്തെ ഇല്ലാതാക്കുക കൂടിയാണ് ഈ വൻകിട കോർപ്പറേറ്റ് പദ്ധതികളുടെ ലക്ഷ്യം.



### 1. ഡിപി വേൾഡിന്റെ പുതിയ ഫുജൈറ മെഗാ പോർട്ട് പദ്ധതി

ഹോർമുസ് കടലിടുക്കിന് വെളിയിൽ ഒമാൻ ഗൾഫിന്റെ തീരത്തുള്ള ഫുജൈറയെ ലോകത്തിലെ ഏറ്റവും വലിയ കയറ്റുമതി കേന്ദ്രമാക്കാനാണ് യുഎഇ ശ്രമിക്കുന്നത്.

**ആഴക്കടൽ കണ്ടെയ്നർ ടെർമിനൽ:** ദുബായ് ആസ്ഥാനമായുള്ള ഡിപി വേൾഡ് ഫുജൈറയിൽ അത്യാധുനികമായ ഒരു വലിയ ആഴക്കടൽ തുറമുഖവും കണ്ടെയ്നർ ടെർമിനലും നിർമ്മിക്കാനുള്ള പദ്ധതികൾ ദ്രുതഗതിയിലാക്കിയിട്ടുണ്ട്. ഇത് നിലവിൽ വരുന്നതോടെ വലിയ ചരക്കുകപ്പലുകൾക്ക് പേർഷ്യൻ ഗൾഫിലേക്ക് പ്രവേശിക്കാതെ തന്നെ നേരിട്ട് അറബിക്കടലിലേക്ക് സഞ്ചരിക്കാം.

**ഇത്തിഹാദ് റെയിൽ ശൃംഖലയുമായുള്ള ലയനം:** പുതിയ തുറമുഖത്തെ അബുദാബിയിലെയും ദുബായിലെയും വ്യവസായ കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്നതിന് ഇത്തിഹാദ് റെയിൽവേ ലൈനുകൾ വ്യാപിപ്പിക്കുന്നുണ്ട്. ഇത് കരമാർഗ്ഗം ചരക്കുകൾ വേഗത്തിൽ ഫുജൈറയിൽ എത്തിക്കാൻ വ്യാപാരികളെ സഹായിക്കും.

**തന്ത്രപരമായ ഇൻഷുറൻസ് സുരക്ഷ:** വിപണിയിലെ കടുത്ത പ്രതിസന്ധി ഘട്ടങ്ങളിലും കപ്പൽ ഗതാഗതം തടസ്സപ്പെടില്ലെന്ന ഉറപ്പ് നൽകുന്നതിലൂടെ ആഗോള ലോജിസ്റ്റിക്സ് കമ്പനികൾക്ക് ഇതൊരു വലിയ തന്ത്രപരമായ ഇൻഷുറൻസ് സുരക്ഷയായി മാറും.

### 2. എഡ്നാക്കിന്റെ പൈപ്പ്ലൈൻ വിപുലീകരണവും സൗദി പെട്രോളിന്റെ കുതിപ്പും

നിലവിലുള്ള എണ്ണക്കുഴലുകളുടെ ശേഷി ഇരട്ടിയാക്കാനും പുതിയ റൂട്ടുകൾ കണ്ടെത്താനും കടുത്ത നീക്കങ്ങളാണ് നടക്കുന്നത്.

**ഹബ്ഷാൻഫുജൈറ ലൈനിന്റെ നവീകരണം:** അബുദാബി നാഷണൽ ഓയിൽ കമ്പനി തങ്ങളുടെ ഹബ്ഷാൻ എണ്ണപ്പാടങ്ങളിൽ നിന്ന് ഫുജൈറ തുറമുഖത്തേക്ക് പോകുന്ന എണ്ണക്കുഴലുകളുടെ ശേഷി വൻതോതിൽ വർദ്ധിപ്പിക്കുന്നുണ്ട്. 2027ഓടെ ഇതിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ യുഎഇയുടെ പ്രതിദിന എണ്ണ കയറ്റുമതിയുടെ വലിയൊരു പങ്ക് ഹോർമുസ് വെട്ടിച്ച് പുറത്തെത്തിക്കാം.

**സൗദിയുടെ ഈസ്റ്റ്വെസ്റ്റ് പെട്രോലൈൻ:** സൗദി അറേബ്യ തങ്ങളുടെ 1200 കിലോമീറ്റർ നീളമുള്ള ഈസ്റ്റ്വെസ്റ്റ് പൈപ്പ്ലൈൻ അഥവാ പെട്രോലൈൻ സംവിധാനത്തിന്റെ ശേഷി പ്രതിദിനം 7 മില്യൺ ബാരലിലേക്ക് ഉയർത്തിയിട്ടുണ്ട്. റിയാദ് വഴി ചെങ്കടലിന്റെ തീരത്തുള്ള യാൻബു തുറമുഖത്തേക്ക് എണ്ണ എത്തിക്കുന്ന ഈ റൂട്ട് കടുത്ത പ്രതിസന്ധി ഘട്ടങ്ങളിൽ സൗദിക്ക് വലിയൊരു ആശ്വാസമാണ്.

**പുതിയ ക്രോസ്ബോർഡർ കോറിഡോറുകൾ:** ഇറാഖ്, ജോർദാൻ, സൗദി അറേബ്യ എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് മെഡിറ്ററേനിയൻ തീരങ്ങളിലേക്ക് പുതിയ പൈപ്പ്ലൈനുകൾ നിർമ്മിക്കുന്നതിനെക്കുറിച്ചുള്ള പ്രാദേശിക ചർച്ചകളും സജീവമാണ്.

### 3. ഇന്ത്യൻ സമ്പദ്വ്യവസ്ഥയ്ക്കും വിപണിക്കും ലഭിക്കുന്ന വലിയ ആനുകൂല്യങ്ങൾ

ഇന്ത്യ തങ്ങളുടെ ഊർജ്ജ സുരക്ഷ ഉറപ്പാക്കാൻ ഈ പുതിയ ബൈപ്പാസ് റൂട്ടുകളെ അതീവ താല്പര്യത്തോടെയാണ് നോക്കുന്നത്.

**ഇറക്കുമതി ചിലവുകളിലെ വലിയ കുറവ്:** ഹോർമുസ് കടലിടുക്കിലെ തർക്കങ്ങൾ കാരണം കപ്പലുകളുടെ ഇൻഷുറൻസ് പ്രീമിയം തുക വർദ്ധിക്കുന്നത് ഇന്ത്യയിലെ ഇന്ധനവിലയെ ബാധിക്കാറുണ്ടായിരുന്നു. ഫുജൈറയിൽ നിന്ന് നേരിട്ട് കപ്പലുകൾ വരുന്നത് വഴി യാത്രാ ദൂരവും ഇൻഷുറൻസ് ചിലവുകളും വൻതോതിൽ കുറയും.

**ഐമെക് (IMEC) പദ്ധതിയുടെ പുനരുജ്ജീവനം:** ഭാരത സർക്കാർ മുന്നോട്ട് വെച്ച ഇന്ത്യമിഡിൽ ഈസ്റ്റ്യൂറോപ്പ് ഇക്കണോമിക് കോറിഡോർ പദ്ധതിക്ക് ഈ പുതിയ തുറമുഖ വികസനങ്ങൾ വലിയൊരു കരുത്ത് നൽകും. റെയിൽപോർട്ട് ശൃംഖലകൾ വഴി ഇന്ത്യൻ ഉൽപ്പന്നങ്ങൾ കുറഞ്ഞ ചിലവിൽ യൂറോപ്പിലേക്ക് എത്തിക്കാൻ ഇത് വഴിതുറക്കും.

**സ്ഥിരതയുള്ള എണ്ണ വിതരണം:** പശ്ചിമേഷ്യയിൽ എത്ര കടുത്ത സൈനിക നീക്കങ്ങൾ ഉണ്ടായാലും ഇന്ത്യയിലെ പൊതമേഖലാ എണ്ണക്കമ്പനികൾക്ക് തടസ്സമില്ലാതെ ക്രൂഡ് ഓയിൽ ലഭ്യമാക്കാൻ ഫുജൈറ, യാൻബു റൂട്ടുകൾ വലിയ സഹായമാകും.

ഹോർമുസ് കടലിടുക്കിന്റെ അനിശ്ചിതത്വങ്ങളിൽ നിന്ന് മോചനം നേടാൻ ഗൾഫ് രാജ്യങ്ങൾ ഒരുക്കുന്ന ഈ പുതിയ പൈപ്പ്ലൈൻതുറമുഖ വിപ്ലവം ആഗോള ഊർജ്ജ വിപണിയുടെ ഭാവി സുരക്ഷിതമാക്കുന്ന ഒന്നാണ്. വിതരണ ശൃംഖലകൾ വൈവിധ്യവത്കരിക്കുന്നതിലൂടെ ഇന്ധനവിലയിലെ അനാവശ്യ വർദ്ധനവ് തടയാനും ഇന്ത്യ ഉൾപ്പെടെയുള്ള വികസ്വര രാജ്യങ്ങളുടെ സാമ്പത്തിക ഭദ്രത നിലനിർത്താനും ഇതിലൂടെ സാധിക്കും.

# കാൽനൂറ്റാണ്ട് പിന്നിട്ട ക്രൂരത: ഗ്രഹാം സ്റ്റെയിൻസ് വധക്കേസിന്റെ നാൾവഴികൾ

ഇന്ത്യൻ മനസ്സാക്ഷിയെ പിടിച്ചുലച്ച കിയോഞ്ജർ കൂട്ടക്കൊലപാതകത്തിലെ മുഖ്യപ്രതി ദാരാസിങ് 26 വർഷത്തെ ജയിൽ വാസത്തിന് ശേഷം മോചിതനായേക്കുമെന്ന വാർത്തകൾ വീണ്ടും ചർച്ചകൾക്ക് വഴിതുറന്നിരിക്കുകയാണ്. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ഒഡിഷ സർക്കാർ ജയിൽമോചിതരാക്കാൻ പരിഗണിക്കുന്നവരുടെ പട്ടികയിൽ ദാരാസിങ്ങിന്റെ പേരും ഉൾപ്പെട്ടിട്ടുണ്ടെന്നാണ് റിപ്പോർട്ടുകൾ. തന്റെ മുൻകാല പ്രവൃത്തികളിൽ പശ്ചാത്താപമുണ്ടെന്നും പ്രായവും ആരോഗ്യസ്ഥിതിയും പരിഗണിച്ച് മോചിപ്പിക്കണമെന്നും ആവശ്യപ്പെട്ട് ദാരാസിങ് സുപ്രീം കോടതിയെ സമീപിച്ച പശ്ചാത്തലത്തിലാണ് ഈ നീക്കം.




### എന്താണ് കാൽനൂറ്റാണ്ട് മുൻപ് ഒഡിഷയിലെ ആ ഗ്രാമത്തിൽ സംഭവിച്ചത്?

ഒഡിഷയിലെ കുഷ്ഠരോഗികൾക്കിടയിലും ആദിവാസികൾക്കിടയിലും ദശാബ്ദങ്ങളായി സേവനം അനുഷ്ഠിച്ചിരുന്ന ഓസ്ട്രേലിയൻ മിഷണറിയായിരുന്നു ഗ്രഹാം സ്റ്റെയിൻസ്. 1999 ജനുവരി 22 ന് ഒഡിഷയിലെ കിയോഞ്ജർ ജില്ലയിലുള്ള മനോഹർപുർ ഗ്രാമത്തിൽ ഒരു വാർഷിക സഭായോഗത്തിൽ പങ്കെടുക്കാൻ എത്തിയതായിരുന്നു അദ്ദേഹം.

രാത്രിയിൽ കടുത്ത തണുപ്പായതിനാൽ തന്റെ മക്കളായ പത്തുവയസ്സുകാരൻ ഫിലിപ്പിനും ആറുവയസ്സുകാരൻ തിമോത്തിക്കുമൊപ്പം തന്റെ സ്റ്റേഷൻ വാഗൺ വാനിനുള്ളിലായിരുന്നു ഗ്രഹാം സ്റ്റെയിൻസ് ഉറങ്ങിയിരുന്നത്. അർദ്ധരാത്രിയിൽ ദാരാസിങ്ങിന്റെ നേതൃത്വത്തിലുള്ള അക്രമിസംഘം വാഹനം വളയുകയും, പുറത്തുനിന്ന് പൂട്ടിയ ശേഷം വാനിന് തീയിടുകയുമായിരുന്നു. ജീവനുവേണ്ടി പിടഞ്ഞ ആ പിതാവിനും പിഞ്ചുകുഞ്ഞുങ്ങൾക്കും വാനിന് പുറത്തുകടക്കാൻ അക്രമികൾ ഒരവസരവും നൽകിയില്ല. മൂവരും വണ്ടിക്കുള്ളിൽ കിടന്ന് ജീവനോടെ വെന്തുമരിച്ചു.

### കേസിന്റെ നാൾവഴികൾ

**1999 ജനുവരി:** രാജ്യ വ്യാപകമായി വലിയ പ്രതിഷേധം ഉയർന്നതിനെത്തുടർന്ന് കേസ് സി.ബി.ഐ ഏറ്റെടുത്തു.

**2000 ജനുവരി:** ഒഡിഷയിലെ മയൂർഭഞ്ജ് കാടുകളിൽ ഒളിവിലായിരുന്ന മുഖ്യപ്രതി ദാരാസിങ് എന്ന രവീന്ദ്ര പാൽ സിങ്ങിനെ പൊലീസ് അറസ്റ്റ് ചെയ്തു.

**2003 സെപ്തംബർ:** ഭുവനേശ്വറിലെ പ്രത്യേക സി.ബി.ഐ കോടതി മുഖ്യപ്രതി ദാരാസിങ്ങിന് വധശിക്ഷയും മറ്റ് 12 പ്രതികൾക്ക് ജീവപര്യന്തം തടവുശിക്ഷയും വിധിച്ചു.

**2005 മെയ്:** ഒഡിഷ ഹൈക്കോടതി ദാരാസിങ്ങിന്റെ വധശിക്ഷ ജീവപര്യന്തം തടവായി കുറച്ചു. തെളിവുകളുടെ അഭാവത്തിൽ മറ്റ് 11 പ്രതികളെ കോടതി വെറുതെ വിട്ടു. മറ്റൊരു പ്രതിയായ മഹേന്ദ്ര ഹെംബ്രമിന്റെ ജീവപര്യന്തം ശിക്ഷ നിലനിർത്തി.

**2011 ജനുവരി:** സി.ബി.ഐ നൽകിയ അപ്പീൽ തള്ളിക്കൊണ്ട് സുപ്രീം കോടതി ദാരാസിങ്ങിന്റെ ജീവപര്യന്തം ശിക്ഷ ശരിവെച്ചു. ഈ കേസ് അപൂർവ്വങ്ങളിൽ അപൂർവ്വമായ വിഭാഗത്തിൽ പെടുത്താനാകില്ലെന്ന് നിരീക്ഷിച്ചായിരുന്നു വധശിക്ഷ ഒഴിവാക്കിയത്.

**2025 ഏപ്രിൽ:** കേസിലെ മറ്റൊരു പ്രതിയായിരുന്ന മഹേന്ദ്ര ഹെംബ്രമിനെ 25 വർഷത്തെ ജയിൽവാസത്തിന് ശേഷം ഒഡിഷ സർക്കാർ ജയിൽ മോചിതനാക്കി.

**2026:** 26 വർഷത്തിലേറെയായി താൻ ജയിലിലാണെന്നും പശ്ചാത്താപമുണ്ടെന്നും കാണിച്ച് ദാരാസിങ് നൽകിയ ഹർജിയിൽ, ഒഡിഷ സർക്കാരിന്റെ സ്ക്രീനിങ് കമ്മിറ്റിയോട് തീരുമാനമെടുക്കാൻ സുപ്രീംകോടതി ആവശ്യപ്പെട്ടിരിക്കുകയാണ്. ഓഗസ്റ്റ് 19 ന് കോടതി ഇതിൽ വീണ്ടും വാദം കേൾക്കും.

### നിയമം ഇരകൾക്ക് നീതി നടപ്പാക്കിയോ?

നിയമപരമായി നോക്കിയാൽ, കുറ്റവാളികൾക്ക് ശിക്ഷ ഉറപ്പാക്കാൻ ഇന്ത്യൻ നീതിന്യായ വ്യവസ്ഥയ്ക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഈ കേസിൽ നീതിയുടെ ഏറ്റവും ഉദാത്തമായ മാതൃക കാണിച്ചു തന്നത് ഇരകളുടെ കുടുംബമാണ്.

'ഞാൻ പ്രതികളോട് ക്ഷമിക്കുന്നു, എന്റെ മനസ്സിൽ ആരോടും വെറുപ്പില്ല. ഒഡിഷയിലെ ജനങ്ങളെ എനിക്ക് ഇനിയും സേവിക്കണം.' ഗ്രഹാം സ്റ്റെയിൻസിന്റെ ഭാര്യ ഗ്ലാഡിസ് സ്റ്റെയിൻസ് പറഞ്ഞ വാക്കുകളാണിത്. ഭർത്താവും രണ്ട് മക്കളും ക്രൂരമായി കൊല്ലപ്പെട്ടിട്ടും ഇന്ത്യ വിട്ടുപോകാതെ, കുഷ്ഠരോഗികൾക്കായുള്ള സേവനം തുടർന്ന ഗ്ലാഡിസ് സ്റ്റെയിൻസിന്റെ വാക്കുകൾ ലോകത്തെ അത്ഭുതപ്പെടുത്തിയ ഒന്നായിരുന്നു. പ്രതികൾക്ക് കോടതി ശിക്ഷ നൽകിയപ്പോഴും താൻ വ്യക്തിപരമായി അവരോട് ക്ഷമിച്ചുവെന്നാണ് അവർ പ്രഖ്യാപിച്ചത്. 2005ൽ ഭാരത സർക്കാർ അവർക്ക് പത്മശ്രീ നൽകി ആദരിക്കുകയും ചെയ്തിരുന്നു. പിന്നീട് 2016ൽ സാമൂഹ്യനീതിക്കായുള്ള മദർ തെരേസ മെമ്മോറിയൽ ഇന്റർനാഷണൽ അവാർഡും അവർക്ക് ലഭിക്കുകയുണ്ടായി.

ഭർത്താവിന്റെയും മക്കളുടെയും വിയോഗത്തിന് ശേഷവും വർഷങ്ങളോളം ഇന്ത്യയിൽ തുടർന്ന ഗ്ലാഡിസ് സ്റ്റെയിൻസ് നിലവിൽ ഓസ്ട്രേലിയയിൽ ആണ് ജീവിക്കുന്നത്. ഭർത്താവിന്റെ മരണശേഷവും ഇന്ത്യയിൽ താമസിച്ച് കുഷ്ഠരോഗികൾക്കായുള്ള സേവനപ്രവർത്തനങ്ങൾ തുടർന്ന ഗ്ലാഡിസ്, 15 വർഷത്തെ സേവനത്തിന് ശേഷം 2004ൽ തന്റെ ജന്മനാടായ ഓസ്ട്രേലിയയിലേക്ക് മടങ്ങി. പ്രായമായ തന്റെ പിതാവിനൊപ്പം ജീവിക്കാനും മകൾ എസ്തറിന്റെ ഉപരിപഠനത്തിനുമായാണ് അവർ അന്ന് മടങ്ങിയത്.

ഓസ്ട്രേലിയയിലെ ക്വീൻസ്ലാൻഡിലാണ് ഗ്ലാഡിസ് ഇപ്പോൾ താമസിക്കുന്നത്. അവിടെ ഒരു നഴ്സായും ബൈബിൾ അധ്യാപികയായും അവർ സേവനമനുഷ്ഠിക്കുന്നു. ഗ്രഹാംസ്റ്റെയിൻസിന്റെയും ഗ്ലാഡിസിന്റെയും മകളായ എസ്തർ ഓസ്ട്രേലിയയിൽ ഡോക്ടറാണ്. കുടുംബവുമായി അവർ അവിടെ ജീവിക്കുന്നു.

### മോചനത്തെക്കുറിച്ചുള്ള ഭിന്നസ്വരങ്ങൾ

ദീർഘകാലം ജയിലിൽ കിടന്ന പ്രതികളുടെ മോചനം നിയമപരമായ അവകാശമാണെന്ന് ഒരു വിഭാഗം വാദിക്കുമ്പോൾ, ദാരാസിങ്ങിനെപ്പോലെയുള്ള തീവ്ര സ്വഭാവമുള്ള കുറ്റവാളികളെ മോചിപ്പിക്കുന്നത് സമൂഹത്തിന് തെറ്റായ സന്ദേശം നൽകുമെന്നാണ് മറുവിഭാഗത്തിന്റെ ആശങ്ക. നിയമം അതിന്റെ വഴിക്ക് നീങ്ങുമ്പോൾ, കാൽനൂറ്റാണ്ട് മുൻപത്തെ ആ കറുത്ത രാത്രിയുടെ ഓർമ്മകൾ ഇന്ത്യൻ ചരിത്രത്തിലെ മായാത്ത മുറിവായി അവശേഷിക്കുന്നു.

# എഐയും ഡേറ്റാ സെന്ററുകളും ഒരുക്കുന്ന ചതിക്കുഴികൾ..!

## ഡൽഹി ഡെർബാർ

**‘എഐയെക്കുറിച്ച് വിപ്ലവകരമായൊരു പുസ്തകമിതാ..! സമ്പന്നതയുടെ പേരിൽ തങ്ങളുടെ ഇടങ്ങളിൽ നിന്നും ആട്ടിപ്പായിക്കപ്പെടാൻ വിസമ്മതിക്കുന്ന ഭൂലോകത്തെമ്പാടുമുള്ള പ്രസ്ഥാനങ്ങൾക്ക്” ആണ് ഈ മഹത്തായ പുസ്തകം സമർപ്പിച്ചിരിക്കുന്നത്. സ്വന്തം വേരുകളിൽ നിന്ന് മുറിച്ചുമാറ്റപ്പെടുന്ന ജനതയോടുള്ള ഐക്യദാർഢ്യം ഈ പുസ്തകത്തിലുടനീളം കാണാനാകും.**

നിർമിതബുദ്ധി അഥവ എഐ നമ്മുടെ ജീവിതത്തെയും തൊഴിൽ മേഖലകളെയും അടിമുടി മാറ്റിക്കൊണ്ടിരിക്കുകയാണ്. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെയും ദൈനംദിന ജോലികൾ എളുപ്പമാക്കുന്നതിലൂടെയും ഇത് വലിയ മുന്നേറ്റം സൃഷ്ടിക്കുന്നുണ്ടെങ്കിലും, തൊഴിൽ നഷ്ടം, വിവരങ്ങളുടെ സ്വകാര്യത, സാങ്കേതികവിദ്യയുടെ ദുരുപയോഗം തുടങ്ങിയ വലിയ വെല്ലുവിളികളും ഉയർത്തുന്നുണ്ട്.

നിർമിതബുദ്ധിയുടെ അനന്തമായ സാധ്യതകളെപ്രയോജനപ്പെടുത്തുമ്പോൾതന്നെ, അതിന്റെ ദൂഷ്യഫലങ്ങൾ തടയാൻ കൃത്യമായ നിയമങ്ങളും നിയന്ത്രണങ്ങളും ലോകമെമ്പാടും ചർച്ച ചെയ്യപ്പെടുന്നുണ്ട്. അതുപോലെ തന്നെ ഉത്പാദനക്ഷമത കാര്യമായി വർധിച്ചില്ലെങ്കിലും എഐ ഉപയോഗിക്കുന്നതിന്റെ ചെലവ് കുതിച്ചുയരുന്നത് നിലവിൽ പല വമ്പൻ കമ്പനികൾക്കടക്കം തലവേദന സൃഷ്ടിക്കുന്നുണ്ട്.

നിർമിതബുദ്ധി വ്യാപകമാകുന്നതോടെ ലക്ഷക്കണക്കിന് പേർക്ക് തൊഴിൽ നഷ്ടപ്പെടുമെന്നും കമ്പനികൾ എഐയുടെ പിന്തുണയോടെ ഉത്പദനം വർധിപ്പിക്കുമെന്നും അവയുടെ ലാഭം കുതിച്ചുയരുമെന്നും ഒക്കെയുള്ള അവകാശവാദങ്ങൾ പലതും വെറും പൊള്ളയായിരുന്നു എന്നാണ് ഇപ്പോൾ പുറത്തു വരുന്ന വിവരങ്ങൾ.

എഐ ടൂളുകൾ വിന്യസിക്കുന്നതിന് പകരം ജീവനക്കാർക്ക് ശമ്പളം നൽകുന്നതാണ് ലാഭകരം എന്നുപോലും കമ്പനികൾ വിലയിരുത്തുന്നുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു. മൈക്രോസോഫ്റ്റ്, യൂബർ തുടങ്ങിയ കമ്പനികൾക്ക് പോലും അവരുടെ എഐ ചെലവുകൾ കുതിച്ചുയരുന്നത് ആശങ്ക സൃഷ്ടിക്കുന്നു എന്നാണ് പുറത്തുവരുന്ന വിവരം.

ഇതിനിടെയാണ് പ്രശസ്ത ടെക് ജേണലിസ്റ്റായ, കാരൻ ഹാ ഓ എഴുതിയ ദി എംപയർ ഓഫ് എഐ: ഇൻസൈഡ് ദ് റെക്ക്ലെസ്സ് റേസ് ഫോർ ടോട്ടൽ ഡോമിനേഷൻ എന്ന പുസ്തകം ഏറെ ചർച്ചയാകുകയാണ്.

നിർമിതബുദ്ധിയെക്കുറിച്ച് ലോകത്തിന്റെ നാനാഭാഗത്തുനിന്നും വാഴ്ത്തുപാട്ടുകളും വമ്പൻ വികസന സ്വപ്നങ്ങളുടെ ആഘോഷങ്ങൾക്കുമിടയിൽ ഡേറ്റാ




സെന്ററുകൾ ഉയർത്തുന്ന പാരിസ്ഥിതികവുംസാമൂഹികവുമായവെല്ലുവിളികൾ ഒരിക്കലും നമ്മുടെ മുഖ്യധാരാ മാധ്യങ്ങളിലോ പൊതുവേദികളിലോ ഇടം പിടിച്ചതുമില്ല.

നവമാധ്യമങ്ങളുടെ സ്ക്രീനുകൾക്ക് പുറത്ത് പരിസ്ഥിതിക്കും സാമൂഹികക്ഷേമത്തിനും ഭീഷണിയാവുന്ന ഭൗതികരൂപം കൈക്കൊള്ളുന്ന നിർമിതബുദ്ധിയുടെ സംഹാരനൃത്തം മനസ്സിലാക്കാൻ ആഗ്രഹിക്കുന്നവർക്ക് ഒഴിച്ചുകൂടാനാവാത്ത ഒരുപുസ്തകമാണ് ദി എംപയർ ഓഫ് എഐ: ഇൻസൈഡ് ദ് റെക്ക്ലെസ്സ് റേസ് ഫോർ ടോട്ടൽ ഡോമിനേഷൻ.

‘‘സമ്പന്നതയുടെ പേരിൽ തങ്ങളുടെ ഇടങ്ങളിൽ നിന്നും കുടിയിറക്കപ്പെടാൻ വിസമ്മതിക്കുന്ന ലോകത്തെമ്പാടുമുള്ള പ്രസ്ഥാനങ്ങൾക്ക്’’ ആണ് ഈ പുസ്തകം സമർപ്പിച്ചിട്ടുള്ളത്. സ്വന്തം വേരുകളിൽ നിന്ന് മുറിച്ചുമാറ്റപ്പെടുന്ന ജനതയോടുള്ള ഐക്യദാർഢ്യം ഈ പുസ്തകത്തിൽ വ്യക്തമായി കാണാം.

നിരവധി വൈരുദ്ധ്യങ്ങളിലൂടെയും സംഘർഷങ്ങളിലൂടെയും ലാഭേച്ഛയില്ലാത്ത സ്ഥാപനത്തിൽ നിന്ന് ലാഭത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനമായി ഓപ്പൺ എഐ എന്ന കമ്പനിയുടെ പരിവർത്തനം. അതിന്റെ അമ്പരപ്പിക്കുന്ന വിപണിമൂല്യം, സാം ആൾട്ട്മാന്റെ വ്യക്തിത്വം എന്നിവയൊക്കെ പറയുമ്പോൾ രണ്ട് പ്രധാന വിഷയങ്ങൾ അതിൽ സമർത്ഥമായി സമന്വയിപ്പിച്ചിരിക്കുന്നു: നിർമിതബുദ്ധിയുടെ സാമ്രാജ്യം ആവശ്യപ്പെടുന്ന പാരിസ്ഥിതികവും സാമൂഹികവുമായ വ്യയങ്ങൾ/ആഘാതങ്ങൾ. അധികാരവും വിഭവശേഷിയും ഉള്ള വരേണ്യവർഗം നിർമ്മിച്ച സാങ്കേതികവിദ്യ അതിന്റെ നിർമ്മാതാക്കളെ സമ്പന്നരാക്കുക എന്ന ലക്ഷ്യത്തോടെ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ.

എന്നാൽ, ഇതിന്റെ ചെലവ് വഹിക്കേണ്ടി വരുന്നത് തികച്ചും പിന്നാക്കം നിൽക്കുന്നവരായിരിക്കുമെന്നും പ്രത്യേകിച്ചും കൊളോണിയൽ സാമ്രാജ്യ അധിനിവേശത്തിന്റെ അനന്തരഫലങ്ങളുമായി ഇപ്പോഴും മല്ലിടുന്ന ഗ്ലോബൽ സൗത്ത് രാജ്യങ്ങൾ, ഇതിലൂടെ വീണ്ടും ചൂഷണങ്ങളിലൂടെദുരിതത്തിലേക്ക്തള്ളിയിടപ്പെടുകയാണ് എന്ന് തികഞ്ഞ ചരിത്രബോധത്തോടെ കാരൻ ഹാഓ ഏതാണ്ട് 2030 ആകുമ്പോഴേക്കും, ലോകത്തിലെ മൂന്നാമത്തെ വലിയ വൈദ്യുതി ഉപഭോക്താവായ ഇന്ത്യയെക്കാൾ കൂടുതൽ ഊർജ്ജം ആഗോളതലത്തിൽ എഐ കമ്പ്യൂട്ടിങ് ഉപയോഗത്തിനു വേണ്ടി നീക്കിവയ്ക്കേണ്ടിയും വരുമത്രെ..!

ഇന്ത്യയിൽ ഇന്നും വലിയോരു വിഭാഗം ജനതയ്ക്ക് ശുദ്ധജലം ലഭ്യമല്ല. ഇതുപോലുള്ള രാജ്യങ്ങളേറെയുണ്ട്. എങ്ങനെയാണ് ഡേറ്റാ സെന്റർ ദൈനംദിന ജീവിതത്തെ ബാധിക്കുന്നത് എന്നത് പരിശോധിക്കപ്പെടേണ്ട വിഷയമാകുന്നതിനു ഒരു കാരണം. ഡേറ്റാ സെന്ററുകൾക്ക് ഉപകരണങ്ങൾ ചൂടാകാതിരിക്കാനും അവയെ തണുപ്പിക്കാനുമായി വലിയതോതിൽ വെള്ളം വേണ്ടി വരുന്നുണ്ട്. ഡേറ്റാ സെന്ററുകളുടെ ജലഉപഭോഗത്തെ കുറിച്ച് ഗൂഗിൾ ചിലിയിലെ സെറില്ലോസിൽ ഒരു ഡേറ്റാസെന്റർ സ്ഥാപിക്കുന്നതിനായി 2019ൽ ഗൂഗിൾ സമർപ്പിച്ച നോട്ട് പരിശോധിക്കാം. അതു പ്രകാരം അവിടുത്തെ ശീതികരണസംവിധാനത്തിന് ഓരോ സെക്കൻഡിലും 169 ലിറ്റർ വെള്ളം ആവശ്യമാണ്. അതായത്, സെറില്ലോസിലെ ഏകദേശം 88000 വരുന്ന ജനങ്ങൾ ഉപയോഗിക്കുന്ന വെള്ളത്തിന്റെ 1000 മടങ്ങ് വാർഷിക ഉപഭോഗം.

മൂലധനം ആകർഷിക്കാനുള്ള വ്യഗ്രതയിൽ, പല സർക്കാരുകളും കമ്പനികളുടെ ഈ വക വിവരങ്ങൾ പൊതുജനങ്ങളിൽ നിന്ന് മറച്ചു വെക്കുന്നു. തീർന്നില്ല, പല ഉപകരണങ്ങളുടെ നിരന്തരമായ ശബ്ദം മൂലമുണ്ടാകുന്ന മലിനീകരണവും ഇതിനോടൊപ്പം പരിഗണിക്കേണ്ടതാണ്. ഡേറ്റാസെന്റർ കുതിച്ചുചാട്ടത്തെ വികസനമെന്നും തദ്ദേശീയ സമൂഹത്തിന് പ്രയോജനകരമെന്നും പറഞ്ഞുപിടിപ്പിക്കാൻ ഭരണകൂടങ്ങളും രാഷ്ട്രീയക്കാരും മത്സരിക്കുമ്പോൾ മറച്ചു വെക്കപ്പെടുന്നത് എഐ കാര്യമായ തൊഴിൽ അവസരങ്ങൾ പ്രാദേശികമായി സൃഷ്ടിക്കുന്നില്ല എന്നതാണ്.

ഇവ സൃഷ്ടിക്കുന്ന വൻതോതിലുള്ള തൊഴിലവസരമെന്നത് കേവലം പ്രാരംഭ നിർമ്മാണ ജോലികൾ മാത്രമാണെന്നു മുൻ അനുഭവങ്ങളിൽ നിന്നും വ്യക്തമാണ്.

സെന്ററുകൾ പ്രവർത്തനക്ഷമമായി ക്കഴിഞ്ഞാൽ, പ്രക്രിയകൾ കൂടുതലും ഓട്ടോമേറ്റഡ് ആയതിനാൽ അവ പ്രവർത്തിപ്പിക്കാൻ വിരലിലെണ്ണാവുന്നവർ മതിയാകും. ഇത്രയൊക്കെ പറഞ്ഞതുകൊണ്ട് ഇത് എഐ ക്കെതിരായ ഒരു പുസ്തകമോ എഐയെക്കുറിച്ച് നിരാശഭരിതയായ ഒരു വ്യക്തിയുടെ വിവരണമോ അല്ല.

ന്യൂസിലാൻഡ്, ചിലി, ഉറുഗ്വേ എന്നിവിടങ്ങളിൽ നിന്നുള്ള പ്രചോദനാത്മകമായ കഥകൾ കൂടി വിവരിക്കുന്നുണ്ട്. കോർപ്പറേറ്റുകളും ദീർഘദൃഷ്ടിയില്ലാത്ത രാഷ്ട്രീയക്കാരും പറഞ്ഞുപരത്തുന്ന കഥകൾ കേട്ട് അതിൽ കുരുങ്ങാതിരിക്കാൻ, കാരൻ ഹാഓ ശ്രദ്ധിക്കുന്നുണ്ട്.

◗ *എമ എൽസ എൽവിൻ*

# മൊസാദിന്റെ തുറുപ്പുചീട്ടായി ഇറാൻ മുൻ പ്രസിഡന്റ്; ഖമേനിയുടെ പതനത്തിന് പിന്നിലെ അട്ടിമറി നാടകം

ടെഹ്റാനെയും അന്താരാഷ്ട്ര സമൂഹത്തെയും ഒരേസമയം ഞെട്ടിച്ചുകൊണ്ട്, ഇറാന്റെ മുൻ കടുത്ത യാഥാസ്ഥിതിക പ്രസിഡന്റ് മഹ്മൂദ് അഹ്മദി നിജാദിനെ ഇസ്രയേൽ ചാരസംഘടനയായ മൊസാദ് വിലയ്ക്കെടുത്തെന്ന വെളിപ്പെടുത്തലുമായി ദ ന്യൂയോർക്ക് ടൈംസും ഇസ്രയേലി മാധ്യമമായ ഹാരെറ്റ്സും രംഗത്തെത്തിയിരുന്നു. ഇറാന്റെ ഇസ്ലാമിക ഭരണകൂടത്തെ അട്ടിമറിച്ച് അവിടെ ഒരു പുതിയ സർക്കാരിനെ വാഴിക്കാൻ മൊസാദ് തയ്യാറാക്കിയ ഓപ്പറേഷൻ പുസ് ഇൻ ബൂട്ട്സ് എന്ന അതിരഹസ്യ പദ്ധതിയുടെ വിവരങ്ങളാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്.

ഇറാൻ പരമോന്നത നേതാവ് ആയത്തുല്ല അലി ഖമേനിയുടെ മരണത്തിന് പിന്നാലെ രാജ്യത്തുണ്ടായ വലിയ ഭരണഘടനാ പ്രതിസന്ധിയും സുരക്ഷാ വീഴ്ചയും മുതലെടുത്താണ് ഇസ്രയേൽ ഈ സാഹസിക നീക്കത്തിന് തുനിഞ്ഞത്.

### ഒരു ശത്രുവിനെ ചാരനാക്കി മാറ്റിയ ബുഡാപെസ്റ്റ് കണക്ഷൻ

പ്രസിഡന്റായിരുന്ന കാലത്ത് ഇസ്രയേലിന്റെ നിലനിൽപ്പിനെപ്പോലും ചോദ്യം ചെയ്യുകയും യഹൂദ കൂട്ടക്കൊലയെ തള്ളിക്കളയുകയും ചെയ്ത അഹ്മദി നിജാദ് എങ്ങനെ മൊസാദിന്റെ വലയിലായി എന്നത് ലോകത്തെ അത്ഭുതപ്പെടുത്തുന്ന കാര്യമാണ്. എന്നാൽ, 2022 മുതൽ ഇറാന്റെ സാമ്പത്തിക തകർച്ചയിലും ഉപരോധങ്ങളിലും നിരാശനായ നിജാദിന്റെ മാറിയ രാഷ്ട്രീയ നിലപാടുകൾ മൊസാദ് നിരീക്ഷിച്ചുവരികയായിരുന്നു. ഇറാന്റെ ആണവപദ്ധതി രാജ്യത്തിന് ബാധ്യതയാണെന്ന നിജാദിന്റെ വിലയിരുത്തലാണ് അദ്ദേഹത്തെ സ്വാധീനിക്കാൻ ഇസ്രയേലിന് വഴിതുറന്നത്. തുടർന്ന് 2024 ൽ ഹംഗറിയിലെ ബുഡാപെസ്റ്റിലുള്ള ലുഡോവിക യൂണിവേഴ്സിറ്റിയിൽ നടന്ന ഒരു പരിസ്ഥിതി കാലാവസ്ഥാ സമ്മേളനമാണ് ഈ അവിശുദ്ധ കൂട്ടുകെട്ടിന് വേദിയായത്.



ഹംഗേറിയൻ സർക്കാരിന്റെ ഉന്നതരുടെ സ്വാധീനത്തിൽ സർവകലാശാലാ റെക്ടർ ഗെർഗെലി ഡെലി നിജാദിനെ ഈ ചടങ്ങിലേക്ക് ക്ഷണിക്കുകയായിരുന്നു. കേവലം ഒരു അക്കാദമിക് സമ്മേളനം എന്ന വ്യാജേന നടന്ന ഈ പരിപാടിയുടെ അണിയറയിൽ മൊസാദ് തലവൻ ഡേവിഡ് ബാർണിയ നേരിട്ടെത്തി നിജാദുമായി അതീവ രഹസ്യ ചർച്ചകൾ നടത്തി. പിന്നീട് നിജാദിന്റെ വിദേശ യാത്രകൾക്കും മറ്റ് ആഡംബരങ്ങൾക്കുമായി ഇസ്രയേൽ വൻതോതിൽ സാമ്പത്തിക സഹായം നൽകിയതായും രേഖകൾ വ്യക്തമാക്കുന്നു.

### എന്തായിരുന്നു ഓപ്പറേഷൻ പുസ് ഇൻ ബൂട്ട്സ്?

മുൻ പരമോന്നത നേതാവ് ആയത്തുല്ല അലി ഖമേനി ആക്രമണത്തിൽ കൊല്ലപ്പെട്ടതിനെ തുടർന്ന് ഇറാന്റെ ഭരണസംവിധാനം വലിയ അനിശ്ചിതത്വത്തിലായിരുന്നു. ഖമേനിയുടെ മരണശേഷം മകനായ മുജ്തബ ഖമേനിയെ പുതിയ പരമോന്നത നേതാവായി പ്രഖ്യാപിച്ചെങ്കിലും, ‘ഷാഡോ പ്രിൻസ്’ എന്നറിയപ്പെടുന്ന അദ്ദേഹം പൊതുവേദികളിൽ പ്രത്യക്ഷപ്പെടാത്തത് ആശയക്കുഴപ്പം വർദ്ധിപ്പിച്ചു. ഈ രാഷ്ട്രീയ ശൂന്യത മുതലെടുത്ത് ഇറാന്റെ ഇസ്ലാമിക ഭരണകൂടത്തെ അട്ടിമറിക്കാനും, പകരം ജനങ്ങൾക്കിടയിൽ സ്വാധീനമുള്ള അഹ്മദി നിജാദിനെ പുതിയ ഭരണാധികാരിയാക്കാനും ഇസ്രയേൽ ലക്ഷ്യമിട്ടിരുന്നു. ഇതാണ് ‘ഓപ്പറേഷൻ പുസ് ഇൻ ബൂട്ട്സ്’ എന്ന രഹസ്യ പദ്ധതി.

ഇറാന്റെ വടക്കുപടിഞ്ഞാറൻ അതിർത്തിയിലുള്ള കുർദിഷ് വിമത സേനയ്ക്ക് അമേരിക്കയുടെയും ഇസ്രയേലിന്റെയും ആയുധങ്ങളും പരിശീലനവും നൽകി ഇറാനിലേക്ക് ഇരച്ചുകയറ്റുക എന്നതായിരുന്നു ഈ തന്ത്രത്തിന്റെ പ്രധാന കാതൽ. വൻതോതിലുള്ള കുർദിഷ് ആക്രമണത്തോടെ രാജ്യത്ത് ഭരണവിരുദ്ധ പ്രക്ഷോഭം പടരുമെന്നും, ലക്ഷക്കണക്കിന് ജനങ്ങൾ തെരുവിലിറങ്ങുമ്പോൾ ഭരണകൂടം തകരുമെന്നും മൊസാദ് കണക്കുകൂട്ടി.

ആ സമയത്ത് ഇറാന്റെ ജനപ്രിയ മുഖമായി അഹ്മദി നിജാദിനെ ജനങ്ങൾക്ക് മുന്നിലേക്ക് അവതരിപ്പിച്ച് അധികാരം ഏൽപ്പിക്കാനായിരുന്നു പദ്ധതി. ഫെബ്രുവരി 28ന് ഇറാനിൽ അമേരിക്കയും ഇസ്രയേലും സംയുക്തമായി നടത്തിയ അതിശക്തമായ വ്യോമാക്രമണത്തോടെയാണ് ഈ പദ്ധതിക്ക് തുടക്കമിട്ടത്. അഹ്മദി നിജാദിന്റെ വസതിക്ക് നേരെ ആക്രമണം ഉണ്ടായ ഉടൻ തന്നെ മൊസാദ് ഏജന്റുമാർ ഒരു കറുത്ത പ്യൂഷോ കാറിൽ അദ്ദേഹത്തെ സുരക്ഷിതമായി മറ്റൊരു രഹസ്യ കേന്ദ്രത്തിലേക്ക് മാറ്റി.

എന്നാൽ, ഇസ്രയേലിന്റെയും അമേരിക്കയുടെയും അമിത ഇടപെടലിലും സ്വന്തം രാജ്യത്തെ വിദേശശക്തികൾക്ക് പണയപ്പെടുത്തുന്നതിലും നിജാദിന് പിന്നീട് കടുത്ത മാനസിക ബുദ്ധിമുട്ടുകൾ ഉണ്ടായി. ഒടുവിൽ അദ്ദേഹം രഹസ്യ സങ്കേതത്തിൽ നിന്നും രക്ഷപ്പെട്ട് പുറത്തുകടക്കുകയായിരുന്നു.

### പദ്ധതി പൊളിച്ച ട്രംപിന്റെ ഇടപെടലും നിജാദിന്റെ തടങ്കലും

മൊസാദിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ അട്ടിമറി നീക്കങ്ങളിലൊന്ന് പരാജയപ്പെടാൻ പ്രധാന കാരണം അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ചില കടുത്ത തീരുമാനങ്ങളായിരുന്നു. കുർദിഷ് സേനയ്ക്ക് നേരിട്ടുള്ള പിന്തുണ നൽകുന്നതിൽ നിന്നും ഇറാന്റെ പ്രധാന ഊർജ്ജസാമ്പത്തിക മേഖലകളെ പൂർണ്ണമായി തകർക്കുന്ന ആക്രമണങ്ങളിൽ നിന്നും ട്രംപ് അവസാന നിമിഷം പിന്മാറിയത് ഇസ്രയേലിന് വലിയ തിരിച്ചടിയായി. കൂടാതെ തുർക്കിയുടെ ഭാഗത്തുനിന്നുണ്ടായ നയതന്ത്ര സമ്മർദ്ദവും കുർദിഷ് വിഭാഗങ്ങൾക്കിടയിലെ വിമുഖതയും കാരണം അമേരിക്ക ഈ പദ്ധതിക്കുള്ള പിന്തുണ പിൻവലിച്ചു.

ഇതോടെ പദ്ധതി പാളുകയും ഒളിവിൽ പോയ അഹ്മദി നിജാദ് കഴിഞ്ഞയാഴ്ച അന്തരിച്ച പരമോന്നത നേതാവ് ആയത്തുല്ല അലി ഖമേനിയുടെ ഭൗതികശരീരത്തിൽ അന്തിമോപചാരം അർപ്പിക്കാൻ പരസ്യമായി പ്രത്യക്ഷപ്പെടുകയും ചെയ്തു. എന്നാൽ, ഇസ്രയേലുമായുള്ള നിജാദിന്റെ രഹസ്യ ബന്ധങ്ങളുടെ മുഴുവൻ വിവരങ്ങളും ഇറാന്റെ രഹസ്യാന്വേഷണ വിഭാഗമായ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സ് ഇതിനോടകം തന്നെ കണ്ടെത്തിയിട്ടുണ്ട്.

### ആരോപണങ്ങളും ഇപ്പോഴത്തെ അവസ്ഥയും

മൊസാദുമായി സഹകരിച്ച് പ്രവർത്തിച്ചെന്ന ആരോപണങ്ങൾ അഹ്മദി നിജാദിന്റെ ഓഫീസ് പൂർണ്ണമായും തള്ളിപ്പറഞ്ഞു. ഹോളിവുഡ് സിനിമകളെ വെല്ലുന്ന ഇത്തരം കഥകൾ നിഷേധിക്കാൻ പോലും യോഗ്യമല്ലെന്നാണ് അദ്ദേഹത്തിന്റെ വക്താക്കൾ പ്രതികരിച്ചത്. നിലവിൽ ഇറാന്റെ രഹസ്യാന്വേഷണ വിഭാഗമായ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സിന്റെ കസ്റ്റഡിയിൽ അദ്ദേഹം വീട്ടുതടങ്കലിലാണെന്നാണ് ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട് ചെയ്യുന്നത്.

### ആഗോള എണ്ണ വിപണി കനത്ത പ്രതിസന്ധിയിലേക്ക്

# ഹോർമുസിന് പിന്നാലെ ചെങ്കടലും പൂട്ടാൻ ഇറാൻ



പശ്ചിമേഷ്യൻ സുരക്ഷാ മേഖലകളെ പൂർണ്ണമായും കടുത്ത യുദ്ധഭീതിയിലാഴ്ത്തിക്കൊണ്ട് ഇറാന്റെ ഭാഗത്തു നിന്നും പുതിയ തന്ത്രപ്രധാന സൈനിക പ്രഖ്യാപനം പുറത്തുവന്നു കഴിഞ്ഞു. തന്ത്രപ്രധാനമായ ഹോർമുസ് കടലിടുക്ക് ഇതിനകം തന്നെ പൂർണ്ണമായി അടച്ചുപൂട്ടിയ ഇറാൻ, തൊട്ടുപിന്നാലെ ചെങ്കടൽ പാതയും തടസ്സപ്പെടുത്തുമെന്നാണ് ഇപ്പോൾ കടുത്ത ഭാഷയിൽ മുന്നറിയിപ്പ് നൽകിയിരിക്കുന്നത്. അമേരിക്കൻ ഭരണകൂടം തങ്ങളുടെ ആഭ്യന്തര തീരദേശങ്ങളിൽ തുടർച്ചയായി മാരകമായ വ്യോമാക്രമണങ്ങൾ നടത്തുന്ന പശ്ചാത്തലത്തിലാണ് ടെഹ്റാൻ ഈ പുതിയ സുരക്ഷാ നീക്കം പ്രഖ്യാപിച്ചത്. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പ്രത്യേക സൈനിക ഉത്തരവിന് പിന്നാലെ കഴിഞ്ഞ നാല് ദിവസമായി ഇരുവിഭാഗവും തമ്മിൽ കടുത്ത മിസൈൽ വിസ്ഫോടനങ്ങളാണ് അതിർത്തികളിൽ നടക്കുന്നത്. ഇറാന്റെ ഔദ്യോഗിക സൈനിക വിഭാഗമായ ഇസ്ലാമിക് റവല്യൂഷണറി ഗാർഡ് കോർപ്സ് തങ്ങളുടെ കൺട്രോൾ റൂമുകൾ വഴി പുതിയ മിസൈൽ പ്ലാനുകൾ ഇതിനകം തന്നെ തദ്ദേശീയമായി തയ്യാറാക്കിക്കഴിഞ്ഞു. അമേരിക്കയ്ക്കും അവരുടെ സഖ്യകക്ഷികൾക്കും സാമ്പത്തിക ലാഭമുണ്ടാക്കുന്ന എല്ലാ രാജ്യാന്തര ചരക്കുകപ്പൽ പാതകളും ഒരേസമയം ബ്ലോക്ക് ചെയ്യാനാണ് ഇറാന്റെ നീക്കം.ആഗോള ഊർജ്ജ വിപണിയെയും അന്താരാഷ്ട്ര വ്യാപാര വിതരണ ശൃംഖലകളെയും ഈ പുതിയ കടുത്ത നയതന്ത്ര തർക്കങ്ങൾ വളരെ പ്രതികൂലമായി ബാധിക്കാൻ തുടങ്ങിയിട്ടുണ്ട്. ലോകത്തിലെ ഏറ്റവും വലിയ രണ്ട് എണ്ണക്കപ്പൽ പാതകൾ ഒരേസമയം അടച്ചുപൂട്ടിയാൽ അന്താരാഷ്ട്ര വിപണിയിൽ അസംസ്കൃത എണ്ണവില മുൻപെങ്ങും കാണാത്ത വിധം കുതിച്ചുയരുമെന്ന് സാമ്പത്തിക വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നു. ആഗോള ചരക്കുനീക്കത്തിന്റെ വലിയൊരു ശതമാനവും കടന്നുപോകുന്ന ചെങ്കടൽ ഇടനാഴിയിൽ സുരക്ഷാ ഭീഷണികൾ വർദ്ധിക്കുന്നത് വൻകിട കപ്പൽ കമ്പനികളെ കടുത്ത ആശങ്കയിലാഴ്ത്തിയിട്ടുണ്ട്.യുഎസ് സെൻട്രൽ കമാൻഡിന്റെ അത്യാധുനിക പോർവിമാനങ്ങൾ കഴിഞ്ഞ ദിവസം ഇറാന്റെ വിവിധ സൈനിക താവളങ്ങൾക്ക് നേരെ തുടർച്ചയായി അഞ്ച് മണിക്കൂറിലധികം നീണ്ടുനിന്ന കടുത്ത പ്രഹരമാണ് നടത്തിയത്. അമേരിക്കയുടെ പുതിയ നാവിക ഉപരോധങ്ങൾ കാരണം കറാച്ചി തുറമുഖം ലക്ഷ്യമാക്കി നീങ്ങിയ ചില ഇറാൻ എണ്ണക്കപ്പലുകൾ പോലും പെട്ടെന്ന് തങ്ങളുടെ റൂട്ട് മാറ്റി യു-ടേൺ എടുത്തിരുന്നു. സാധാരണക്കാരായ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാനും പൊതുജനാരോഗ്യ സംവിധാനങ്ങളെ സംരക്ഷിക്കാനും അടിയന്തര നയതന്ത്ര ചർച്ചകൾക്ക് ഇരുവിഭാഗവും തയ്യാറാകണമെന്ന് അന്താരാഷ്ട്ര നയതന്ത്ര ഏജൻസികൾ ആവശ്യപ്പെടുന്നു.

## പശ്ചിമേഷ്യയിലെ മുഴുവൻ എണ്ണ വിതരണവും നിർത്തലാക്കുമെന്ന് ടെഹ്റാൻ

അമേരിക്കൻ ഭരണകൂടം തങ്ങളുടെ തന്ത്രപ്രധാന തുറമുഖങ്ങൾക്ക് നേരെ കടുത്ത കപ്പൽ ഉപരോധം ഏർപ്പെടുത്തിയതിന് പിന്നാലെ അതീവ വിനാശകരമായ പുതിയ പ്രതിരോധ തന്ത്രങ്ങളുമായി ഇറാൻ രംഗത്തെത്തി. തങ്ങൾക്ക് നേരെ സാമ്പത്തികവും സൈനികവുമായ കടുത്ത നീക്കങ്ങൾ തുടർന്നാൽ പശ്ചിമേഷ്യയിൽ നിന്നുള്ള ആകെ ഊർജ്ജ വിതരണം പൂർണ്ണമായി തടസ്സപ്പെടുത്തുമെന്നാണ് ഇറാന്റെ പുതിയ ഭീഷണി. ആഗോള വിപണിയിലെ വിതരണ ശൃംഖലകളെയും ചരക്കു നീക്കങ്ങളെയും ഒരുപോലെ പിടിച്ചുലയ്ക്കുന്നതാണ് ടെഹ്റാൻ പുറത്തുവിട്ട ഈ പുതിയ ഔദ്യോഗിക പ്രഖ്യാപനം.അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഇറാന്റെ വരുമാന മാർഗ്ഗങ്ങളെ ലക്ഷ്യമിട്ട് പുതിയ സാമ്പത്തിക ഉപരോധങ്ങൾ പുനരാരംഭിച്ചതിന് തൊട്ടുപിന്നാലെയാണ് ഇറാന്റെ ഭാഗത്തുനിന്നും ഈ പുതിയ നീക്കം വന്നിട്ടുള്ളത്. തങ്ങളുടെ എണ്ണക്കപ്പലുകളുടെ സഞ്ചാരം തടസ്സപ്പെടുത്താൻ ശ്രമിച്ചാൽ ഹോർമുസ് കടലിടുക്ക് വഴി മറ്റ് ഗൾഫ് രാജ്യങ്ങൾ നടത്തുന്ന വലിയ എണ്ണ കയറ്റുമതിയും അനുവദിക്കില്ലെന്ന് ഇറാൻ മുന്നറിയിപ്പ് നൽകി. അന്താരാഷ്ട്ര സുരക്ഷാ ഏജൻസികളെയും വിപണി നിരീക്ഷകരെയും ഒരേസമയം കനത്ത ആശങ്കയിലാഴ്ത്തുന്നതാണ് ഈ പുതിയ യുദ്ധസാഹചര്യം.

## അമേരിക്കൻ സൈനികരെ ബന്ദികളാക്കണം; വൻ കരയുദ്ധത്തിന് ആഹ്വാനം ചെയ്ത് മുൻ ഇറാൻ വിദേശകാര്യ മന്ത്രി



പശ്ചിമേഷ്യൻ സുരക്ഷാ മേഖലകളെ അതീവ വിനാശകരമായ കടുത്ത യുദ്ധത്തിലേക്ക് തള്ളിവിട്ടുകൊണ്ട് പ്രമുഖ ഇറാൻ നേതാവിന്റെ പുതിയ പ്രസ്താവന പുറത്തുവന്നു കഴിഞ്ഞു. മേഖലയിലെ അമേരിക്കൻ സൈനിക താവളങ്ങൾക്ക് നേരെ കടുത്ത കരയുദ്ധം ആരംഭിക്കണമെന്നാണ് മുൻ ഇറാൻ വിദേശകാര്യ മന്ത്രിയും നിലവിലെ പാർലമെന്റ് അംഗവുമായ മനുഷെഹർ മൊട്ടാക്കി ഔദ്യോഗികമായി ആവശ്യപ്പെട്ടിരിക്കുന്നത്. യുഎസ് സൈനിക താവളം വൻതോതിൽ ആക്രമിച്ചു കീഴടക്കി നൂറുകണക്കിന് അമേരിക്കൻ സൈനികരെ തടവിലാക്കി ഇറാനിലേക്ക് ബന്ദികളായി എത്തിക്കണമെന്നാണ് ഇയാൾ വ്യക്തമാക്കിയത്.ഇറാന്റെ തന്ത്രപ്രധാനമായ ഖാർഗ് ദ്വീപും തെക്കൻ പ്രവിശ്യകളിലെ വലിയ ഊർജ്ജ കേന്ദ്രങ്ങളും തകർക്കുമെന്ന അമേരിക്കയുടെ കടുത്ത ഭീഷണികൾക്ക് മറുപടിയായാണ് ഈ പുതിയ യുദ്ധ ആഹ്വാനം. അമേരിക്കൻ സൈനികർക്ക് നേരെ കടുത്ത പ്രതികാരം ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്ന് മൊട്ടാക്കി ഇറാൻ മാധ്യമങ്ങളിലൂടെ തുറന്നടിച്ചു. ഇറാന്റെ പരമോന്നത നേതാവ് മൊജ്തബ ഖമേനിയുടെ നിർദ്ദേശപ്രകാരം ഈ വലിയ സൈനിക പ്രതികാര നീക്കങ്ങൾ അതീവ രഹസ്യമായി ആസൂത്രണം ചെയ്യണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഇറാന് നേരെ കടുത്ത സാമ്പത്തിക ഉപരോധങ്ങളും നാവിക വിലക്കുകളും വീണ്ടും പ്രഖ്യാപിച്ചതോടെയാണ് പശ്ചിമേഷ്യൻ പ്രതിസന്ധി കൂടുതൽ രൂക്ഷമായത്. കുവൈത്ത്, ജോർദാൻ തുടങ്ങിയ രാജ്യങ്ങളിലെ സാധാരണക്കാരായ ജനങ്ങളോട് തങ്ങളുടെ മണ്ണിലുള്ള അമേരിക്കൻ സൈനിക താവളങ്ങൾ അടിയന്തരമായി ഒഴിപ്പിക്കാൻ ഐആർജിസി ആവശ്യപ്പെട്ടിട്ടുണ്ട്.

## ജനപ്രിയ പ്രതിരോധ മന്ത്രി മൈഖൈലോവിനെ പുറത്താക്കി വൊളോഡിമിർ സെലെൻസ്കി



റഷ്യയുമായുള്ള കടുത്ത സൈനിക ഏറ്റുമുട്ടലുകൾ തുടരുന്നതിനിടയിൽ ഉക്രെയ്ൻ ആഭ്യന്തര രാഷ്ട്രീയത്തിൽ അതീവ നിർണ്ണായകമായ ഭരണഘടനാ അട്ടിമറികളും അഴിച്ചുപണികളും നടക്കുന്നതായി പുതിയ അന്താരാഷ്ട്ര റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. രാജ്യത്തെ ജനപ്രിയ പ്രതിരോധ മന്ത്രിയും റഷ്യക്കെതിരായ ഡ്രോൺ യുദ്ധങ്ങളുടെ പ്രധാന സൂത്രധാരനുമായ മൈഖൈലോ ഫെഡോറോവിനെ പ്രസിഡന്റ് വൊളോഡിമിർ സെലെൻസ്കി ഔദ്യോഗികമായി തൽസ്ഥാനത്തുനിന്നും പുറത്താക്കി. ആറ് മാസം മുൻപ് മാത്രം പ്രതിരോധ മന്ത്രാലയത്തിന്റെ ചുമതലയേറ്റെടുത്ത ഫെഡോറോവിന്റെ പുറത്താക്കൽ ഉക്രെയ്നിലെ തദ്ദേശീയ കമ്മ്യൂണിറ്റികളിലും നയതന്ത്ര വൃത്തങ്ങളിലും വലിയ ഞെട്ടലാണ് ഉണ്ടാക്കിയിട്ടുള്ളത്.കടുത്ത അഴിമതി വിരുദ്ധ നീക്കങ്ങളിലൂടെയും അത്യാധുനിക സാങ്കേതിക മുന്നേറ്റങ്ങളിലൂടെയും ഉക്രെയ്ൻ സൈന്യത്തെ ആധുനികവൽക്കരിച്ച യുവനേതാവാണ് മുപ്പത്തിയഞ്ചുകാരനായ മൈഖൈലോ ഫെഡോറോവ്. റഷ്യൻ സൈന്യത്തിന്റെ കമ്മ്യൂണിക്കേഷൻ ശൃംഖലകൾ തകർക്കാനും റഷ്യയിലെ തന്ത്രപ്രധാനമായ എണ്ണ ശുദ്ധീകരണ ശാലകൾക്ക് നേരെ മാരകമായ ഡ്രോൺ ആക്രമണങ്ങൾ ആസൂത്രണം ചെയ്യാനും ഫെഡോറോവിന്റെ നേതൃത്വത്തിലുള്ള ടീമിന് സാധിച്ചിരുന്നു. യുക്രെയ്ൻ ജനതയ്ക്ക് വേണ്ടി സേവനം ചെയ്യാൻ കഴിഞ്ഞത് വലിയൊരു ബഹുമതിയായി കാണുന്നുവെന്ന് ഫെഡോറോവ് തന്റെ വിടവാങ്ങൽ കത്തിൽ വ്യക്തമാക്കി.ഉക്രെയ്ൻ സൈനിക തലവൻ ഒലെക്സാണ്ടർ സിർസ്കിയുമായി ഫെഡോറോവിനുണ്ടായിരുന്ന കടുത്ത അഭിപ്രായവ്യത്യാസങ്ങളാണ് ഈ പെട്ടെന്നുള്ള പുറത്താക്കലിന് പിന്നിലെ പ്രധാന കാരണമെന്ന് പ്രതിരോധ വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നു. ആധുനിക സ്റ്റാർട്ടപ്പ് ശൈലിയിൽ യുദ്ധതന്ത്രങ്ങൾ ആവിഷ്കരിച്ച ഫെഡോറോവിന്റെ നീക്കങ്ങൾ പഴയകാല സൈനിക ഉദ്യോഗസ്ഥരിൽ വലിയ അതൃപ്തി ഉണ്ടാക്കിയിരുന്നു. കടുത്ത ആഭ്യന്തര തർക്കങ്ങളെത്തുടർന്ന് പ്രധാനമന്ത്രി യൂലിയ സ്വിരിഡെങ്കോ രാജിവെച്ചതിന് തൊട്ടുപിന്നാലെയാണ് പ്രതിരോധ മന്ത്രിയുടെയും കസേര തെറിച്ചത്.


ഭവന വിപണിയിലെ ഏറ്റവും
താഴ്ന്ന ഘട്ടം
കൃത്യമായി കണ്ടുപിടിക്കാനുള്ള
പരിശ്രമത്തിലുപരിയായി നിങ്ങളുടെ ആവശ്യകതയും
സാമ്പത്തിക സുരക്ഷയും മുൻനിർത്തി
വിൽക്കാനുള്ളവർ ആശങ്കപ്പെടുമ്പോൾ
ശാന്തമായി യുക്തിപരമായ തീരുമാനങ്ങൾ
എടുക്കാൻ തയ്യാറാകുക എന്നതാകും
വാങ്ങുന്നവരുടെ ശരിയായ വിജയം
നിങ്ങളുടെ ആവശ്യകതകൾ
സാമ്പത്തിക സുരക്ഷ
യുക്തിപരമായ തീരുമാനങ്ങൾ
ശരിയായ നിക്ഷേപം
Never satisfied until you are
GIBI JOHN
Broker
647 860 4624
realtorgibi@gmail.com
gibijohn.ca
RE/MAX
REAL ESTATE CENTRE
INC. BROKERAGE
INDEPENDENTLY OWNED AND OPERATED
1140 Burnhamthorpe Rd W # 141
Mississauga, ON L5C 4E9
Ph: (905) 795-1900

# BRISTOL DENTAL CLINIC

**Family, Cosmetic & Specialty Dentistry**

**Dr. Annie Thomas,** Family, Cosmetic & Laser
**Dr. Laura Minea,** Family & Cosmetic
**Dr. Roshini Gopal,** Family & Cosmetic
**Dr. Mahima Mahima,** Family & Cosmetic
**Dr. James Chacko,** Oral Surgery & Implants
**Dr. Shakti Singh,** Orthodontist
**Dr. Manav Nayyar,** Endo
**Dr. Mehrdad Radvar,** Perio
**Dr. Saurabh Chhabra,** Prosthodontist



- Informed Dentistry
- New Patients & Emergencies Welcome
- Comprehensive Dental Services Provided Under One Roof

## SPECIALITY SERVICES

- Laser Dentistry • Cosmetic Dentistry • Orthodontics • Endodontics
- Periodontics • Oral Surgery • Implants • Dentures & Snap-On Smiles

**We Accept CDCP (Canadian Dental Care Plan)**

1-512 Bristol Road West,
Mississauga, ON L5R 3Z1
info@bristoldental.ca

**(905) 712-3409**

@ Bristol Road West & McLaughlin Road

**CALL US FOR**

**Smile Contouring, Braces, Invisalgn, Perio & Gum Surgery, Root Canals, Oral Surgery, Wisdom Teeth, Implants, Dentures - all types**

LOOK DEEPER™
BRISTOL DENTAL CLINIC

www.bristoldental.ca